# പ്രേമജാലം.

No. 110

P. Madhava Panik

ഗ്രന്ഥകർത്താ,

പി. മാധവപ്പണിക്കർ,

കാക്കോട്ടുവീട്ട്,

പേട്ട—തിരുവനന്തപുരം

[Copy Right.]

KAMALALAYA PRINTING WORKS.

TRIVANDRUM.

ഒന്നാംപതിപ്പ് കാപ്പി 2000.

1122.

വില 1-ക. 4-ണ.

---

ഗ്രന്ഥകർത്താവിൻെറ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമായിരിക്കും.

No. 110

# മുഖവുര

—:o:—

എഴുതിത്തഴമ്പിച്ചിട്ടില്ലാത്ത എന്റെ തൂലിക, പ്രിയപ്പെട്ട വായനക്കാരുടെ മുമ്പിൽ ഇദംപ്രഥമമായി സമർപ്പിക്കുന്ന ഒരു വിനീതോപഹാരമാണു് ഈ ചെറുഗ്രന്ഥം. കലാവാസനയുടെ പ്രേരണ ഒന്നു മാത്രമാണു് ഈ ഗ്രന്ഥരചനയ്ക്കു് എന്നെ കാരണക്കാരനാക്കിയതു്.

ചാരിത്ര്യവതികളായ കലാംഗനമാരെ ചാടുവാക്കുകൾകൊണ്ടു് പ്രീണിപ്പിച്ചു വശപ്പെടുത്തി വഴിപിഴപ്പിച്ചിട്ടു് വഴുതിത്തെറിച്ചുകളയുന്ന ഒരു തരം "പ്രണയപ്രസ്ഥാനം" ആധുനികലോകത്തിലെ അഭ്യസ്തവിദ്യരെന്നഭിമാനിക്കുന്ന ചില യുവാക്കന്മാരുടെ ഒരു നിത്യത്തൊഴിലാണെന്നു പറയാതെ തരമില്ല. അവരുടെ ആദ്യകലാശങ്ങളിൽ അകപ്പെട്ടുപോകുന്ന സാധുയുവതികൾ എന്തെന്തു കഷ്ടതകളാണു് അതിനുശേഷം അനുഭവിക്കുന്നതെന്നു് അവർ അശേഷം ചിന്തിക്കുന്നില്ലായിരിക്കാം. പക്ഷേ അപാകതയുടെ അനുഭവങ്ങൾ അവരുടെ അഴിഞ്ഞാട്ടത്തിന്റെ അവസാന രംഗത്തു് ഒരു ചോദ്യചിഹ്നവുമായി പൊങ്ങിവരുമ്പോൾ; ഒരു വേള അവർ പശ്ചാത്തപിച്ചേക്കും. സ്ത്രീപുരുഷബന്ധത്തിന്റെ— പ്രണയബന്ധങ്ങളുടെ— നട്ടെല്ലിനു പൊട്ടലുണ്ടാകുന്നു, നിലനില്പിനു് ഉലച്ചിലുണ്ടാകുന്ന, അത്തരം സംഭവങ്ങൾ മനുഷ്യജീവിതത്തിൽ ഒട്ടിപ്പിടിക്കാതിരിക്കുമെങ്കിൽ; വിടർന്നുയരുന്ന കൊച്ചുപൂക്കൾ വീർപ്പുമുട്ടാതിരിക്കും.

പ്രസ്തുത ആശയത്തിന്റെ ആവിഷ്കാരത്തിനുവേണ്ടിയാണ ഞാൻ ഈ ഗ്രന്ഥം രചിച്ചിട്ടുള്ളതു്. എന്റെ ശ്രമം എത്രകണ്ടു സഫലമായിട്ടുണ്ടെന്നു ബഹുമാനപ്പെട്ട സഹൃദയന്മാർ വിധി കല്പിക്കട്ടെ.

കുറവും കുററവും മനുഷ്യസഹജമാണു്. എന്റെ ഈ എളിയ ഗ്രന്ഥവും ആ മഹാനിയമത്തിൽ നിന്നു ഭിന്നമാണെന്നു് ഞാൻ വിചാരിക്കുന്നില്ല. എങ്കിലും; എന്റെ ഈ പ്രഥമശ്രമത്തിൽ വല്ല പിശകും പററിയിട്ടുണ്ടെങ്കിൽ, രസജ്ഞന്മാരായ സഹൃദയന്മാർ സദയം ക്ഷമിച്ചു് ഈ എളിയ കലാസേവനത്തിനു സ്വാഗതമരുളുമെന്നാണു് എന്റെ വിശ്വാസം.

എന്റെ അപേക്ഷയനുസരിച്ചു് വിലയേറിയ ഒരു അവതാരിക കൊണ്ടു് ഈ ഗ്രന്ഥത്തെ ധന്യമാക്കിത്തീർത്ത, പണ്ഡിതശിരോമണിയായ രാജശ്രീ ശൂരനാട്ടു കുഞ്ഞൻപിള്ള അവർകളോടു് എനിക്കുള്ള നിസ്സീമമായ കൃതജ്ഞത ഇവിടെ ബഹുമാനപുരസ്സരം രേഖപ്പെടുത്തിക്കൊള്ളുന്നു.

കഴിയുന്നതും കമനീയമായ രീതിയിൽ ഈ ഗ്രന്ഥം അച്ചടിച്ചുതന്ന കമലാലയപ്രസ്സുകാരോടും എനിക്കു അകൈതവമായ നന്ദിയുണ്ടു്.

സഹൃദയന്മാക്കു കൂപ്പുകൈ!!

ഗ്രന്ഥകർത്താ

പേട്ട.
7- കക്കടകം 1122

# അവതാരിക.

ശ്രീമാൻ പി. മാധവപ്പണിക്കർ എഴുതിയ "പ്രേമജാലം" എന്ന കഥാഗ്രന്ഥം സഹൃദയന്മാരുടെ സ്നേഹപൂർവ്വമായ സ്വീകരണം അർഹിക്കുന്നു. ശ്രീ: പണിക്കർ ആദ്യമായി ഭാഷയ്ക്കു സമ്മാനിക്കുന്ന കൃതിയാണു് ഇതു്. ഒരു പ്രഥമകൃതിയെന്ന നിലയ്ക്കു് ഇതിനു വളരെ വിജയം കിട്ടിയിട്ടുണ്ടെന്നാണു് എനിക്കു തോന്നുന്നതു്. മനോഹരമായ ഒരു രചനാരീതി ശ്രീ: പണിക്കക്കു് സിദ്ധിച്ചിട്ടുണ്ടു്. സ്വതന്ത്രമായ ഒരു കഥ നിർമ്മിച്ചു് തന്റെ പ്രതിഭയ്ക്കു സാഫല്യം നൽകാനാണു് ഈ ഗ്രന്ഥകാരൻ യത്നിച്ചിട്ടുള്ളതു്. അതിനാൽ അനുകരണഗ്രന്ഥങ്ങൾക്കു വരാവുന്ന ന്യൂനത ഈ ഗ്രന്ഥത്തെ ബാധിച്ചിട്ടില്ല. കേരളീയമായ പശ്ചാത്തലമാണു് കഥയ്ക്കു് ആധാരം. പുതിയ പരിഷ്കാരകാര്യങ്ങളും പഴയ സമുദായാചാരങ്ങളും ഇതിൽ സമ്മേളിച്ചിരിക്കുന്നു. പുതുമയിൽ മി: പണിക്കക്കു് പ്രീതിയേ ഉള്ളുവെങ്കിലും, വെറും പുതുമക്കാരുടെ കടന്ന സ്വാതന്ത്ര്യങ്ങളൊന്നും അദ്ദേഹം അവലംബിച്ചുകാണുന്നില്ല. പ്രേമതന്തുവാണു കഥയുടെ വിവിധാംശങ്ങളെ ബന്ധിക്കുന്നതു്. പ്രേമവിദ്യയിൽ ജാലപ്രകടനം നടത്തുന്ന സുകുമാരനെ പുത്തൻക്കൂറവുകാരായ ചില പ്രേമലാഭേച്ഛുക്കളുടെ മാതൃകയായിട്ടാണു് മി: പണിക്കർ സംഭാവനം ചെയ്തിട്ടുള്ളതു്. പരിശുദ്ധമായ സ്നേഹാമൃതം ഊറിവരുന്ന ഒരു സ്ത്രീഹൃദയത്തിന്റെ ചിത്രമാണു് സുമതിയുടെ രചനകൊണ്ടു സിദ്ധിക്കുന്നതു്. ഇങ്ങനെയുള്ള നായി

ഥാനായകന്മാരുടെ ചേഷ്ടയിൽ വരുന്ന വൈഷമ്യങ്ങൾ കഥാരസത്തെ പോഷിപ്പിച്ചുകൊണ്ടു വിളങ്ങുന്നു. ഈ പ്രേമവൈഷമ്യങ്ങളും സുമതിയുടെ ക്ലേശങ്ങളും സഹൃദയന്മാരുടെ രസത്തെ വർദ്ധിപ്പിക്കുവാൻ മതിയായ പ്രകാരത്തിൽ നിർബന്ധിച്ചിട്ടുണ്ടു്.

ഏതാനും ചില അംശങ്ങളിൽ യുക്തികൊണ്ടു് മത്സരിക്കാവുന്നതും അനുഭവംകൊണ്ടും ജ്ഞാനംകൊണ്ടും തിരുത്താവുന്നതുമായ കാര്യങ്ങൾ ഈ ഗ്രന്ഥത്തിൽ അങ്ങിങ്ങു കാണാം. ഇവ, കഥാഗതിയെ അത്രകണ്ടു ബാധിക്കാത്തതുകൊണ്ടു വിസ്മരിക്കാവുന്നതേയുള്ളു. സാഹിത്യനിർമ്മാണത്തിനു പ്രഥമ പരിശ്രമംചെയ്യുന്ന ഒരു യുവാവിന്റെ കൃതിയെന്ന നിലയ്ക്കു് നമ്മുടെ നിരൂപണം ഉദാരമായിരിക്കേണ്ടതുമാണല്ലോ. ശ്രീ: പണിക്കർക്കു സാഹിത്യവ്യവസായത്തിൽ സകല വിജയങ്ങളുമുണ്ടാകട്ടെ എന്നു ഞാൻ ആശംസിച്ചുകൊള്ളുന്നു.

തിരുവനന്തപുരം<br>
7-12-1122

എന്നു്,<br>
ശൂരനാട്ടു കുഞ്ഞൻപിള്ള എം. എ.

# പ്രേമജാലം

## അദ്ധ്യായം 1

പതഞ്ഞു കയറുന്ന പടിഞ്ഞാറൻ പരിഷ്കാരത്തിന്റെ ബാഹ്യമോടികളിൽ ഭ്രമിച്ചുനില്ക്കുന്ന ഇന്നത്തെ പുതുമക്കാൎക്കുകൂടിയും അധിവാസയോഗ്യമാണ് ആ പട്ടണം. പഠിപ്പും പാകതയുമുള്ള എൻജിനീയറന്മാരുടെ പലനാളത്തെ പരിശ്രമങ്ങൾക്കു സാക്ഷിനില്ക്കുന്ന ആ രാജപാത പ്രസ്തുത പട്ടണത്തെ രണ്ടായി ഭാഗിക്കുന്നു. അതിന്റെ ഇരുവശങ്ങളിലും നിരന്നുനില്ക്കുന്ന അംബരചുംബികളായ മണിമന്ദിരങ്ങൾ ആ പട്ടണത്തിന് അഴകു കൂട്ടുന്നെന്നു മാത്രമല്ല; അവിടത്തെ ശില്പകലാവിലാസത്തെ വിളംബരപ്പെടുത്തുകകൂടി ചെയ്യുകയാണോ എന്നു തോന്നിപ്പോകും. ശാസ്ത്രവിജ്ഞാനത്തിന്റെ പരമകാഷ്ഠയോടടുക്കുന്ന മനുഷ്യന്റെ ബുദ്ധിശക്തിയുടെ മിന്നിത്തിളക്കത്തിലെ പരിവേഷങ്ങളെന്നോണം വരിവരിയായി നില്ക്കുന്ന ആലക്തികദീപങ്ങളെ ഭയന്നിട്ടെന്നു തോന്നുമാറ്, നീലംപുരണ്ട നിശാനേരത്തുപോലും, ഇരുളിന്റെ ചുരുളുകൾ ആ പാതവഴി വരാറില്ല.

അതാ, ഏതാണ്ടരനാഴിക വടക്കായി ഒരു മാളിക കാണുന്നില്ലേ. അവിടേയ്ക്കാണ് ഞാനെന്റെ വായനക്കാരെ ക്ഷണിച്ചുകൊണ്ടുപോകുന്നതു്.

പേരും പെരുമയും പെററ "ഈരന്തക്കാട്ടുകുടുംബ"മാണു് ആ വലിയ മാളിക. മണ്ണും പൊന്നും കുന്നിച്ച ഒരു തറവാട്!! നാലംഗങ്ങളാണു് ഇന്നാ തറവാട്ടിലുള്ളതു്. ഒരാൾ അമ്മാവനും, മററു മൂന്നുപേർ അദ്ദേഹത്തിൻെറ ഭാഗിനേയരുമാണു്. മാതുലനായ കരുണാകരനാണു് ഇന്നു് ആ കുടുംബത്തിലെ സർവ്വാധികാരി.

നമ്മുടെ ഇക്കഥ നടക്കുന്ന കാലത്തിനു്; ഒരൊന്നര മാസത്തിനു മുമ്പുതന്നെ, കരുണാകരൻ രോഗശയ്യയെ പ്രാപിച്ചിരുന്നു. പ്രശസ്തിയേറിയ ഭിഷഗ്വരന്മാരുടെ അഭിപ്രായവിധികൾകൊണ്ടു്, വേണ്ടത്ര പണം ചിലവഴിച്ചെങ്കിലും, കിടപ്പിലായ കരുണാകരന്റെ ആയുസ്സിനെ തടഞ്ഞുനിറുത്താൻ കഴിഞ്ഞില്ല.

കരുണാകരൻെറ മരണശേഷം ശേഷക്കാരിൽ ഇളയവനായ ഗോവിന്ദൻ തറവാട്ടുഭരണം ആരംഭിച്ചു. മരിക്കുന്നതിനു മുമ്പു്, മാതുലനായ കരുണാകരൻ നിർദ്ദേശിച്ചിരുന്നതനുസരിച്ചാണു് അയാൾ ആ ഭരണം കയ്യേററതു്. പിന്നീടു് ആ കുടുംബത്തിൽ ശേഷിച്ചിട്ടുള്ളതു് ഒരു പുരുഷനും, ഒരു സ്ത്രീയും മാത്രമായിരുന്നു. ഗോവിന്ദൻെറ മൂത്ത സഹോദരരായ ഇവക്കു്, വേണ്ടുന്നതെല്ലാം യാതൊരു ലോഭവും കൂടാതെ കൊടുത്തുകൊള്ളണമെന്നു് ഗോവിന്ദനോടു പ്രത്യേകം ശട്ടംകെട്ടിയിട്ടാണു് കരുണാകരൻ മരിച്ചതു്. അതിനും വളരെ മുമ്പുതന്നെ, ഗോവിന്ദൻെറ സഹോദരിയായ കല്യാണിയെ—തൻെറ ഏക ഭാഗിനേയിയെ—കരുണാകരൻ, ഒരു വക്കീലിനു വിവാഹം ചെയ്തു കൊടുത്തിട്ടുണ്ടായിരുന്നതിനാൽ, ആ വഴിക്കു്

ഗോവിന്ദന്റെ സഹായം അത്ര ആവശ്യമുണ്ടായിരുന്നി ല്ലെങ്കിലും; അവരും താമസം ഈ ഭാന്തക്കാട്ടുതന്നെയായി രുന്നു. പക്ഷെ, ഗോവിന്ദന്റെ മൂത്ത സഹോദരനായ കൊച്ചുകൃഷ്ണന് പുതിയ കാരണവരുടെ കാരുണ്യങ്ങളിൽ നിന്നകന്നുനില്ക്കാൻ നിർവ്വാഹമുണ്ടായിരുന്നില്ല.

ഒന്നു രണ്ടു മാസങ്ങൾ ഒരുമാതിരി അങ്ങനെ കഴി ഞ്ഞു. എന്നാൽ തറവാട്ടിലെ മുതലെടുപ്പു മുഴുവനും കണ്ടപ്പോൾ, ഗോവിന്ദന് ഒരു പണക്കാരന്റെ മുരടിച്ച മനോഭാവംതന്നെയാണുണ്ടായത്. പണം ചിലവിടുവാ നുള്ള ഒരു മടി,—ആവുന്നിടത്തോളം അതു ശേഖരിക്കാ നൊരു കൊതി—അയാളുടെ സോദരസ്നേഹത്തിനു മീതെ വലകെട്ടി. ചുരുക്കത്തിൽ ഗോവിന്ദൻ ഒരു കൊച്ചു പണക്കൊതിയനായിത്തീർന്നു. പണത്തിനു മുമ്പിൽ സഹോദരബന്ധം തകർന്നുപോകുന്നത് ഒരസാധാരണ സംഭവമല്ല. കുന്നുകൂടുന്ന പണത്തിന്റെ കിലുകിലാരവ ത്തിൽ, അടിയുറച്ച ഹൃദയബന്ധങ്ങൾ ചിലപ്പോൾ ദുർബ്ബലങ്ങളായെന്നു വരും. അങ്ങനെതന്നെയായിരുന്നു അനുഭവവും. അമ്മാവന്റെ നിർദ്ദേശം നിയമംപ്രതി പരിപാലിക്കുന്നതിൽനിന്ന് ഗോവിന്ദൻ അകന്നുതുടങ്ങി. മുതലെടുപ്പിന്റെ മൂന്നിലൊരുഭാഗം ന്യായമായി കൊച്ചു കൃഷ്ണനു ചെല്ലേണ്ടതാണെങ്കിലും, അയാൾക്ക് ചിലവി നുള്ള വകപോലും ശരിക്കു കൊടുക്കുന്നതിന് ഗോവിന്ദൻ വിസമ്മതം കാണിച്ചു. സ്വന്തം സഹോദരൻ പട്ടിണി കിടന്നാലും തനിക്കു പണക്കാരനാകണമെന്നായിരുന്നു ഗോവിന്ദന്റെ മോഹം!! നോക്കണേ! പണം മനുഷ്യനെ പാപിയാക്കുന്നത്!!

ഇവിടെ, എൻെറ പ്രിയപ്പെട്ട വായനക്കാരോട് ഞാൻ രണ്ടു വാക്ക പറഞ്ഞുകൊള്ളട്ടെ. "പണത്തിനു മീതേ പരുന്തും പറക്കി"ല്ലെന്ന് പഴമക്കാർ പറയുന്നതു് നിങ്ങൾ കേട്ടിരിക്കുമല്ലോ. പരുന്തിനു മാത്രമല്ല; അതിനെക്കാൾക്കഴിവുള്ള ആത്മബന്ധങ്ങൾക്കുപോലും—ഒരുദരത്തിൽപ്പിറന്ന്, ഒരച്ഛൻെറ മടിയിൽ ഒന്നിച്ചു കളിച്ചു്, ഒരേ ലാളനയിൽ ഒരുമിച്ചു വളൎന്നു കിളൎന്ന സഹോദരന്മാരുടെ ഒരുമയ്ക്കുപോലും—അവിടെ ചിലപ്പോൾ ചിറകു കരിഞ്ഞുപോകും. പണക്കാരനായ അനുജൻെറ മുമ്പിൽ, ഭാഗ്യദോഷംകൊണ്ടു നിർദ്ധനനായ ജ്യേഷ്ഠസഹോദരൻ—പിച്ചക്കാരനാണേപോലും!! സ്വന്തം ജ്യേഷ്ഠനെക്കണ്ടാൽ, പണക്കാരനായ അനുജന് ഒന്നു നോക്കാനൊരു വൈഷമ്യം! പണം ഒരിക്കൽ തകൎന്നുപോകുന്നതാണു്; ആത്മബന്ധങ്ങൾക്ക് ഒരിക്കലും അഴിവുണ്ടാവുകയില്ല. എങ്കിലും, ആ പണക്കാരൻെറ മുരടിച്ച ബുദ്ധി അവനെ പഠിപ്പിക്കുന്നതു് മറിച്ചാണു്. "വിത്തമേതൊരു ദിക്കിൽ കുമിഞ്ഞുകൂട്ടും തത്ര—മർത്ത്യനു മനോഗുണം മങ്ങിയേ കാണാവുള്ളു" എന്ന് അറിവുള്ളവർ പാടീട്ടുള്ളതും മറെറാരാശയത്തിലല്ല. അനേക രീതിയിലുള്ള ഇത്തരം അനുഭവങ്ങളിൽനിന്നാണു് ആ പാട്ടു പൊന്തിവന്നതു്. പണംകൊണ്ടു നേടാൻ കഴിയാത്ത ലൗകികകാര്യങ്ങൾ കുറവാണു്. എന്നാൽ, പണംനിമിത്തം ജീവബന്ധങ്ങളെ തിരസ്കരിക്കുന്നതാണു് കഷ്ടം. ഓരോ പണക്കാരൻെറ പിറകിലും ഇങ്ങനെ നീണ്ട നീണ്ട അനേകം കഥകളുണ്ടായിരിക്കും. ആ വെള്ളിത്തുട്ടുകളിൽ ഒരൊററ

യെന്നാമെങ്കിലും, അവരുടെ വിയർപ്പുവെള്ളത്തിൽനിന്നു തിന്നിട്ടുള്ളതാണോ എന്നു നാമൊന്നു ചോദിക്കുന്നതായാൽ, 'അതെ' എന്നു നിവൎന്നുനിന്നു പറയാൻ നമ്മുടെ ചുററുപാടിലുമുള്ള എത്ര പണക്കാർ മുന്നോട്ടു വരും? എത്രയെത്ര സാധുക്കളുടെ—എത്രയെത്ര പൂൎവികന്മാരുടെ—ജീവരക്തം പിഴിഞ്ഞെടുത്തതാണു് അവരുടെ പണമെന്നു്, ഒന്നാലോചിച്ചുനോക്കുവിൻ. അതൊരവസാനമില്ലാത്ത ചോദ്യമായിരിക്കും! അങ്ങനെ സാധുക്കളുടെ ജീവരക്തം പിഴിഞ്ഞുകുടിച്ചു് തടിച്ച കുടവയറന്മാരാണു് നമ്മുടെ മിക്ക പണക്കാരും. അവരുടെ മുമ്പിലാണു് സാഹോദര്യം തുടങ്ങിയ ബന്ധങ്ങൾ തകൎന്നുപോകുന്നതും! അവരെ പാടിപ്പുകഴ്ത്താൻ അഭിമാനമില്ലാത്ത കുറെ 'കാലുതാങ്ങി'കൾ—നട്ടെല്ലില്ലാത്ത കുറെ നാട്ടുകാർ—വേഷംകെട്ടി ഇറങ്ങിയിട്ടുള്ളതാണു് ഇതിനു കാരണം.

"വിത്തമാണീ ലോകത്തിൽ, മർത്ത്യനെയളക്കുന്ന—കൃത്യമാമൊരു മാനദണ്ഡമെന്നറിഞ്ഞാലും" എന്നൊരു കവി പാടിയതു് എത്രയോ പരമാൎത്ഥമാണു്. പണത്തിന്റെ പൈശാചികമായ ഈ പതിഞ്ഞാട്ടം കണ്ടിട്ടായിരിക്കണം അദ്ദേഹം അങ്ങനെ പാടിയിട്ടുള്ളതു്. അതാണു് പണത്തിനു മുമ്പിൽ ഐഹികബന്ധങ്ങൾ ചിലപ്പോൾ ദുർബലങ്ങളായിപ്പോകുമെന്നു് ഞാൻ ആദ്യം തന്നെ പ്രസ്താവിച്ചതു്.

ഗോവിന്ദനും കൊച്ചുകൃഷ്ണനും തമ്മിൽ അവകാശതൎക്കങ്ങളും ആരംഭിച്ചു. പക്ഷേ, കൊച്ചുകൃഷ്ണന്റെ

അശക്തത ഗോവിന്ദനെ ഉടച്ചുവാക്കുന്നതിന് പര്യാപ്തമായില്ല.

ഇക്കാലത്തു് കല്യാണിക്കു ഒരുവയസ്സു പ്രായമായ ഒരു ആൺകുട്ടിയുണ്ടായിരുന്നു. 'സുകുമാരൻ' എന്നായിരുന്നു ആ കുട്ടിയുടെ പേരു്. കല്യാണിയോടും, സുകുമാരനോടും ഗോവിന്ദനു് പ്രത്യേകം കൂറുണ്ടായിരുന്നു. ഗോവിന്ദന്റെ ആഗ്രഹപ്രകാരമാണു് കുട്ടിക്കു സുകുമാരൻ എന്നു പേരിട്ടതും.

മാസങ്ങൾ നാലഞ്ചു വീണ്ടുമങ്ങനെ കഴിഞ്ഞു. കുടുംബത്തിന്റെ ശാന്തതയ്ക്കും, സമാധാനത്തിനും ഇളക്കം തട്ടിത്തുടങ്ങിയ കാലമായിരുന്നു അതു്. ഗോവിന്ദനും, കൊച്ചുകൃഷ്ണനും തമ്മിലുള്ള അവകാശതർക്കമാണു് അതിനു കാരണമെന്നു പറയേണ്ടതില്ലല്ലോ. ആദ്യമാദ്യം സൗമ്യമായിട്ടാണു് കൊച്ചുകൃഷ്ണന്റെ അവകാശവാദങ്ങൾ പുറത്തുവന്നതു്. പക്ഷേ, ന്യായമായ യാതൊരു വശങ്ങളിലും ഗോവിന്ദൻ അടുക്കുന്ന ഭാവങ്ങളൊന്നും കണ്ടില്ല.

ക്രമേണ അവരുടെ വാദം മുററി, വഴക്കിലായി. വഴക്കു വർദ്ധിച്ചു് ഒടുവിൽ വലുതായ കോലാഹലമായി. ചിലവിനുള്ള പണം ചോദിച്ചതു്, ഒടുവിൽ ഭാഗംവയ്പിലവസാനിച്ചു. തനിക്കു് ന്യായമായി ചെല്ലേണ്ട വകു വീതിച്ചുതരണമെന്നും, അല്ലാത്തപക്ഷം, കോടതിമുഖാന്തിരം അതിന്റെ അവസാനത്തീരുമാനം സാധിക്കുന്നതാണെന്നും, കൊച്ചുകൃഷ്ണൻ മുറുകിപ്പറഞ്ഞു. എന്നിട്ടും ഒരു കൊച്ചുകാശുപോലും കൊച്ചുകൃഷ്ണനു കൊടുക്കുന്നതിനു്

ഗോവിന്ദൻ സന്നദ്ധനായില്ല. അതുകൊണ്ടു് അവിടെ നിന്നും താമസം മാററി, കൊച്ചുകൃഷ്ണൻ കേസിന്നുള്ള ഒരുക്കങ്ങൾ ചെയ്യത്തുടങ്ങി.

---

## അദ്ധ്യായം 2

കഴിഞ്ഞ അദ്ധ്യായത്തിൽ വൎണ്ണിക്കപ്പെട്ട ഒരു വക്കീലിനെ-കല്യാണിയുടെ ഭൎത്താവിനെ—വായനക്കാർ ഓൎമ്മിക്കുന്നുണ്ടല്ലോ. അദ്ദേഹത്തിൻെറ സഹോദരിയായ ആനന്ദവല്ലിയുടെ വിവാഹം പ്രമാണിച്ചു് ഇതിന്നിടയ്ക്കു് ഗോവിന്ദനും, കുടുംബവും വടക്കുള്ള വക്കീലിൻെറ വസതിയിൽ പോയിരുന്നു. വിവാഹം കഴിഞ്ഞു് ഒരു വാരത്തിനുശേഷമാണു് അവരെല്ലാം സ്വവസതിയിൽ തിരിച്ചെത്തിയതു്.

ഈ ഒരാഴ്ചക്കാലംകൊണ്ടു്, കേസിന്നുള്ള സൎവ്വ ഒരുക്കങ്ങളും കൊച്ചുകൃഷ്ണൻ ചെയ്തുകഴിഞ്ഞിരുന്നുവെങ്കിലും, വക്കീലുമായി ആലോചിച്ചിട്ടാവാമെന്നു വച്ചു് കാത്തിരിക്കുകയായിരുന്നു.

ഗോവിന്ദനു് ഒരു മകളുണ്ടു്. അഞ്ചു വയസ്സായ ഒരോമനക്കിടാവു്! 'സുമതി'യെന്നാണു് ആ കുട്ടിയുടെ പേരു്. ശരീരംപോലെതന്നെ അഴകുള്ളതാണു് ആ പേരും. സുകുമാരനും, സുമതിയും കളിത്തോഴരാണു്. അവരെപ്പോഴും ഒന്നിച്ചാണു് ആ ഉമ്മറത്തിരുന്നു കളിക്കാറുള്ളതു്. കണ്ണൻ ചിരട്ടയിൽ മണ്ണുനിറച്ചു്, കഞ്ഞിയും കറി

യുമായി കളിക്കുന്നതും, ഇടയ്ക്കിടെ അല്പം പിണങ്ങി അല്ല തട്ടിച്ചിതറി പൊട്ടിച്ചിരിച്ചാഹ്ലാദിക്കുന്നതും, ഉത്തരക്ഷണത്തിൽ വീണ്ടുമൊരുമിച്ച് 'കൂടുകൂടെ' ചിരിച്ചുകൊണ്ടു നടക്കുന്നതും മററും കണ്ടാൽ പ്രണയവിഫലരായ യുവജനങ്ങൾക്കുപോലും, ആ ബാല്യത്തിലേയ്ക്ക് ഒന്നു തിരിച്ചുപോയാൽ കൊള്ളാമെന്നു തോന്നിപ്പോകും. ആനന്ദവല്ലിയുടെ വിവാഹത്തിന്, വധൂവരന്മാർ പരസ്പരം പൂമാലയണിയിക്കുന്ന രംഗം കണ്ടപ്പോൾ ആ കുട്ടികളുടെ കളിയ്ക്ക് അതൊരു പുതുമയായി. അവരതൊന്നനുകരിക്കാൻ ഒരുങ്ങി. അതിൽ പിന്നീടുള്ള കളികൾ ആ കല്യാണത്തിന്റെ അനുകരണമായി കാണപ്പെട്ടു. കുട്ടികളല്ലേ; അനുകരണത്തിൽ അവർക്കു ഭ്രമംകൂടുമല്ലോ. കയ്യിൽ കിട്ടിയ പൂക്കൾ പറിച്ചുകെട്ടി അവർ പരസ്പരം കഴുത്തിലണിയിയ്ക്കും. കൊച്ചു കൈത്തളിരുകൾ അധരപുടങ്ങളോടടുപ്പിച്ച് കുരവപോലെ കൂകിവിളിക്കും. കൈകൊട്ടി തുള്ളിച്ചാടും. പൊട്ടിച്ചിരിച്ച് പുളഞ്ഞോടുന്നതിനിടയിൽ ചിലപ്പോൾ, നാണം കുണുങ്ങുംപോലെ സുമതി ഒതുങ്ങി ഒരററത്തു നിൽക്കും. സുകുമാരൻ അവളെ അപ്പോഴേക്കും വരിഞ്ഞു പിടിക്കും. അങ്ങനെ അവർ വീണ്ടും കുണുങ്ങിച്ചിരിയ്ക്കും. ആത്മാർത്ഥതയുടെ കലപ്പററ ചിരികൾ!.....ക്രമേണ ഇക്കളി വർദ്ധിച്ചു. അതിലവർക്കൊരു ചെറിയ ഭ്രമം. കളി കാര്യമായി മാറുകയില്ലെന്ന് ആരു കണ്ടു?

അതൊരു കന്നിമാസമായിരുന്നു. സുകുമാരനെയും, സുമതിയേയും എഴുത്തിനിരുത്തി. ഓരോ ആണ്ടിലും ഒന്നാമനായി ജയിച്ച് സുകുമാരൻ പ്രൈമറിസ്കൂളിന്റെ

പരിധി കടന്നു. അപ്പോഴം സുമതി മൂന്നിലായതേ ഉള്ളു. അനന്തരം സുകുമാരനെ പ്രിപ്പാറട്ടറി ക്ലാസിൽ ചേൎത്തു. പഠിത്തത്തിൽ അവന്നു വളരെ ജാഗ്രതയുണ്ടായിരുന്നു. ഗ്രഹണശക്തിയും, സംശയനിവൃത്തിക്കുള്ള ഉത്സാഹവും; സൎവ്വോപരി അച്ചടക്കവും, കൊണ്ടു് അവൻ അദ്ധ്യാപകന്മാരുടെ കണ്ണിലുണ്ണിയായിത്തീൎന്നു. സുകുമാരൻ സെക്കൻഡ ഫാറം ജയിച്ചപ്പോഴേക്കും സുമതി വല്ലവിധവും നാലാം ക്ലാസ്സിൽനിന്നും കരകേറി. സുമതിയെ ഇംഗ്ലീഷു പഠിപ്പിക്കാൻ തന്നെ ഗോവിന്ദൻ നിശ്ചയിച്ചു. പക്ഷെ സുമതിയ്ക്കും, സുകുമാരനും ഒരേ പള്ളിക്കൂടത്തിൽ പഠിക്കാൻ കഴിഞ്ഞില്ല. സുകുമാരൻ പഠിക്കുന്ന വിദ്യാലയത്തിൽ ആൺകുട്ടികൾക്കു മാത്രമേ പ്രവേശനമുണ്ടായിരുന്നുള്ളു. അതിനാൽ സുമതി ഒരു പെൺപള്ളിക്കൂടത്തിൽ ചേൎന്നു പഠിത്തമാരംഭിച്ചു. കുമാരപ്രായം കഴിഞ്ഞിട്ടില്ലായിരുന്നുവെങ്കിലും, ഈ വിയോഗം അവൎക്കു ദുസ്സഹമായിത്തോന്നി. അവരൊരുമിച്ചാണു് പള്ളിക്കൂടത്തിലേയ്ക്കു പോകുന്നതു്. സുമതിയെ പള്ളിക്കൂടംവരെകൊണ്ടു വിട്ടതിനുശേഷമേ സുകുമാരൻ വിദ്യാലയത്തിലേയ്ക്കു പോകാറുള്ളു. അവൾ തനിച്ചുപോകുന്നതു് അവന്നു വേദനയാണു്. വിദ്യാലയത്തിന്റെ വാതില്ക്കൽ വച്ചു് സുമതിയും സുകുമാരനും രണ്ടു വഴിക്കു പിരിഞ്ഞു നടക്കും. അപ്പോഴേക്കും ഒരുതുള്ളി കണ്ണുനീരു് രണ്ടുപേരുടെയും കണ്ണുകളിൽ പൊന്തിവരുക പതിവാണു്. വൈകുന്നേരം വിദ്യാലയം വിടുമ്പോൾ സുമതി സുകുമാരനെ കാത്തുനില്ക്കും. അങ്ങനെ അവരാസു് വീണ്ടും ഒന്നിക്കും. തോളോടുതോൾചേൎന്നു് നേരെ വീട്ടിലേയ്ക്കു

പോകും. വീട്ടിൽ ചെന്നാൽ അവരൊന്നിച്ച് കുറേനേരം കളിയ്ക്കുയായി. കളികഴിഞ്ഞു വന്നാലുടൻ, സുമതിയ്ക്കറിഞ്ഞുകൂടാത്ത പാഠഭാഗങ്ങൾ സുകുമാരൻ അവൾക്കു പറഞ്ഞു കൊടുക്കും. സുകുമാരന് സുമതിയോട്ട് വല്ലതെ സ്നേഹമാണ്. അവൾക്ക് അങ്ങോട്ടും അങ്ങനെ തന്നെ. രണ്ടു പേർക്കും തമ്മിലെപ്പോഴും കണ്ടുകൊണ്ടിരിക്കണം. അകന്നിരിക്കുക, അതവർക്ക് തീരെ ദുസ്സഹമാണ്. സുമതിയ്ക്കൊരു ചെറിയ പനി വന്നാൽ, അതിൻെറ വിഷമത അനുഭവപ്പെടുന്നതു് സുകുമാരനാണ്. സുകുമാരൻെറ കാലൊന്നു തട്ടിയാൽ മതി, കരയുന്നതു് സുമതിയായിരിക്കും. അങ്ങനെ കളിച്ചും ചിരിച്ചും ആ കളിത്തോഴർ കഴികയാണ്.

സുകുമാരൻ സ്കൂൾഫൈനൽ ജയിച്ചു. സ്റ്റേറ്റ് ഫസ്റ്റായിട്ടാണ് വിജയം അവനെ അനുഗ്രഹിച്ചതു്. അപ്പോഴേക്കും സുമതി വല്ല്യവിഘ്നമെന്യ നാലാംഫാറം ജയിച്ചു കഴിഞ്ഞു. മധ്യവേനലൊഴിവു പ്രമാണിച്ച് രണ്ടുപേർക്കും പള്ളിക്കൂടമൊഴിവുള്ള കാലമായി.

സുമതിയുടെ പൂന്തനുവിന നിമിഷംപ്രതി തഴപ്പും, കൊഴുപ്പും വളർന്നു വരുന്ന കാലമായിരുന്നു അതു്. അവളുടെ കടാക്ഷങ്ങൾക്കു കട്ടികൂടി. മൊഴികൾക്കഴകു വാർന്നു. മുടിയ്ക്കു മാർദ്ദവം കൂടി. സുമതിയുടെ വാക്കിലും നോക്കിലും ഒരു പുതുമ കളിയാടിത്തുടങ്ങി.

ഇന്നവർ സുകുമാരൻെറ നേർക്കയയ്ക്കുന്ന നോട്ടങ്ങൾക്ക് ഒരു പ്രത്യേകമായ അർത്ഥമുണ്ട്. ഇതുവരെയില്ലാത്ത ഒരു ശക്തിയാണ് ഇന്നതിനുള്ളതു്. അതിൻ

മാദകത്തിൻെറ എന്തോ ഒന്നു് തങ്ങിനില്ക്കുന്നതുപോലെ, സുകുമാരനു തോന്നാതെയും ഇരുന്നിട്ടില്ല. ഇന്നവക്കു കളിയല്ല; കാണുന്നതൊക്കെ കാര്യമാണു്. അവളുടെ പണ്ടത്തെ പൊട്ടിച്ചിരികഠം ഇന്നു പുമന്ദഹാസങ്ങളായി മാറി. ഇന്നവഠം സുകുമാരൻെറ നേരേ നോക്കിയാൽ അവളുടെ മുഖം താനേ കുനിഞ്ഞുപോകും. അവൻ കളിക്കാൻ വിളിച്ചാൽ അവഠംക്കൊരു നാണം—! അവനെന്തെങ്കിലും കളിയാക്കിയാൽ ഒരമത്തപ്പെട്ട പുഞ്ചിരിയോടെ അവഠം ഓടിക്കളെയും. എവിടെങ്കിലും മറവിൽ മറഞ്ഞുനിന്നു് അവനെ ശ്രദ്ധമായി കടാക്ഷിക്കും. പൂമാലകെട്ടുന്ന കാര്യം സുകുമാരൻ അവളോടു പറയുമെങ്കിൽ അവഠം നാണം കുണുങ്ങും. എങ്കിലും ഇന്നും അവഠംക്കതിഷ്ടമാണു്. പക്ഷേ പരസ്യമായി ചെയ്യാനൊരു മടിയെന്നുമാത്രം.

കളിച്ചു പൊടി പുരളാറുള്ള ശരീരത്തെ ഇന്നവഠംക്കു് ആകുന്നിടത്തോളം ആഭരണം ചാത്തി അണിയിക്കാനാണു് ഭ്രമം. മുടിയെപ്പോഴും ചീകിമിനുക്കിയേ അവഠം ഇതുവഴിയിടെ നടക്കാറുള്ളൂ. നാഴികക്കു് നാലഞ്ചു തവണ കണ്ണാടിയിലും നോക്കും.

അലസമായിക്കലഞ്ഞു കിടന്ന കൊച്ചു മുടികഠം വിലസമായി കെട്ടപ്പെട്ടു് കഞ്ചുളകങ്ങളുടെ കൂട്ടുകെട്ടോടെ ശോഭിച്ചു. കരിയെഴുതിയ ആ കണ്ണുകഠം, കരുമീനിണകളായി. കട്ടക്കനിട്ട കാതുകഠം കനകക്കുണ്ഡലത്തിന്റെ കമ്രപ്രഭ പ്രതിഫലിച്ച കമനീയ വിഗ്രഹങ്ങളായി. നിർദ്ദോഷഭാവം നിഴലിച്ചിരുന്ന ചുണ്ടുകഠം, അനുരാഗാകരത്തിന്റെ അരുണദ്യുതിവഴിഞ്ഞൊഴുകുന്ന മധുരാധരങ്ങളായി. മാർത്തു

പമേറിയമാത്തട്ടം പൂർച്ചാധികാ പുഷ്ടമായി. കരിവളയ ണിഞ്ഞ കൈത്താരുകറം, കനകകങ്കണമേറ്റ കരവല്ലരിക ളായി മാറി. ഹൃദയാകർഷകമായ അവളുടെ പിൻഭാഗത്തു് ണ്ടുമായാനിതംബങ്ങറം ഉയന്നു.

അങ്ങനെ സർവാംഗസുന്ദരിയായ ഒരു തരുണീമണി യായി സുമതി മാറിക്കഴിഞ്ഞു.

സുമതിയുടെ ഈ രൂപം മറ്റം അവരുടെ സമ്മേള നങ്ങളുടെ സംഖ്യകുറച്ചു. "നവയൗവനവും വന്നു് നാറം തോറും വളരുന്ന" അവളുടെ ആ നവവയസ്സ് സുകുമാര ന്റെ കണ്ണും കരളും ഒരുപോലെ കവന്നു കഴിഞ്ഞു. അയാറംക്കും ഇന്നു സുമതിയുടെ സന്നിധിയിലേക്കു് കടന്നു ചെല്ലാൻ അല്പം മടിയാണു്, എന്തു ചെയ്യാം. ലോകം അത്രയ്ക്കു സംശയദൃഷ്ടിയോടു കൂടിയാണു് ഇന്നു് അവരെ നോക്കാറുള്ളതു്. കുട്ടിക്കാലത്തു് വിനോദലീലകറം, ഈ യൗവനപ്പുലരിയിൽ വികാരമാലകളായി മാറി. ആ ബാ ല്യസ്നേഹം ശുദ്ധപ്രേമമായി രൂപം കൊണ്ടു കഴിഞ്ഞു. പക്ഷെ ആചാരമര്യാദകറം അവരെ അകറ്റിനിറുത്തി എങ്കിലും ഹൃദയം കൊണ്ടു് അവരൊന്നാണു്. ആ അകൾച്ച അവരുടെ പ്രേമത്തഴപ്പിനു് ഒരു പ്രത്യേകശ ക്തിയുണ്ടാക്കി. അകന്നിരിയ്ക്കും തോറുമാണല്ലോ പ്രേമ ത്തിനു് മധുരം കൂടുന്നതു്. എങ്ങനെയായാലും ദിവസം ഒരു പ്രാവശ്യമെങ്കിലും അവർ തമ്മിൽ കാണാൻ ശ്രമി ക്കും. എന്തെങ്കിലും കുറെ സംസാരിയ്ക്കും. അല്പം കുണുങ്ങി ച്ചിരിക്കും. ഒരു നീണ്ട നിശ്വാസത്തോടെ—നേത്രാരു

കടാക്ഷത്തോടെ—അന്നത്തെയ്ക്കു യാത്രപറയും. —പണ്ടത്തെപ്പോലെ ഒരുമിച്ചു് കുറെ അധികം നേരമിരുന്നു് ഓരോ വെടിപറഞ്ഞാനന്ദിയ്ക്കണമെന്നു് അവൾക്കിപ്പോഴും മോഹമില്ലാതില്ല. പക്ഷെ സമുദായനീതികൾ അവരെ തുറിച്ചുനോക്കും. ആചാരമൎയ്യാദകൾക്കു്, അവരിന്നി അടിമകളാണു്.

ഒഴിവുകഴിഞ്ഞു് കാളേജും മററും തുറന്നു. ഉപരിപഠനത്തിനു വേണ്ടി കാളേജിൽ പ്രവേശനം കിട്ടാൻ സുകുമാരൻ ബദ്ധപ്പെടുകയാണു്.

സുകുമാരൻ കാളേജിൽച്ചേൎന്നു് അദ്ധ്യയനമാരംഭിച്ചു. പക്ഷെ പ്രായം തികഞ്ഞതുകൊണ്ടു് സുമതിയെ തുടൎന്നു പഠിപ്പിക്കുന്നില്ലെന്നു തന്നെ ഗോവിന്ദൻ തീരുമാനിച്ചു. സുമതിക്കും പഠിത്തത്തിൽ ആത്രശ്ശുഷ്കാന്തിയുണ്ടായിരുന്നില്ല. അവൾക്കു് ആഭരണങ്ങളണിയുന്നതിലും; പൊട്ടുതൊടുന്നതിലും; ഒരുങ്ങിച്ചമഞ്ഞു നടക്കുന്നതിലുമാണു് ഭ്രമം. സുകുമാരൻ കാളേജിലേക്കു് പോകുന്നതു് സ്വന്തം മുറിയിലിരുന്നു് അത്യാൎത്തിയോടെ അവൾ നോക്കിനില്ക്കും. അയാൾ കണ്ണിൽനിന്നു മറയുന്നതുവരെ അങ്ങനെനില്ക്കും. ഒരു നിശ്വാസത്തോടെ വീണ്ടും സ്വസ്ഥാനത്തിരുന്നു് ചിന്തകളുടെ കാടുപിടിച്ച വഴികളിലേയ്ക്കു് കടന്നുകയറും. ഒരു യുവതിയുടെ .നിശ്വാസം എന്തെല്ലാം നീണ്ട നീണ്ട കഥകൾ അതിലന്തർഭവിച്ചിരിയ്ക്കയില്ലാ? അവൾക്കിന്നു പ്രായം പതിനാറാണു്. പടൎന്നു കയറുന്ന എത്രയെത്ര നിശ്വാസങ്ങൾ അതുൾക്കൊള്ളുകയില്ല?

പതിനാറാമത്തെ വയസ്സ്—ഒരു സ്ത്രീയുടെ ജീവിതത്തിലെ വിഷമം പിടിച്ച, ഒരു ഘട്ടമാണത്.

ഒരു "ഫോട്ടോ ക്യാമറ" പോലെയാണ് ഈ യുവതികളുടെ ഹൃദയം. വെളിച്ചം തട്ടിയാൽ ഏതെങ്കിലും രൂപങ്ങൾ അതിന്റെ ഭിത്തികളിൽ പതിഞ്ഞു പോകും. അപ്പോലും. പിന്നീടുള്ള അവരുടെ ഓരോ നിശ്വാസവും ആ വിഗ്രഹത്തിന്റെ രൂപത്തെ തെളിയിച്ചു കൊണ്ടിരിക്കും.

ഈ അദ്ധ്യായത്തിൽ നിന്നും എന്റെ വായനക്കാർ സുമതിയുടെ രൂപസൗന്ദര്യം ഏതാണ്ട് കണ്ടുകഴിഞ്ഞിരിയ്ക്കുമെങ്കിലും; നിങ്ങൾക്ക ക്ഷമയുണ്ടെങ്കിൽ ഞാനവളുടെ അംഗസൗഷ്ടവം ഒന്നു പൂർണ്ണമായി കാണിച്ചുതരാം.

പതിനാറുതികഞ്ഞ ഒരു പൂവലാംഗിയാണ് സുമതി. പവൻ പോലെ മിന്നുന്ന അവളുടെ പൂന്തനിവിന്റെ സൗന്ദര്യം ഏതൊരു യുവഹൃദയത്തേയും ദ്ധടുതയിലാകർഷിക്കും. തുളുമ്പിത്തുളുമ്പുന്ന കവിൾത്തടങ്ങൾ, പതിനീരലരിന്റെ പാടലകാന്തിക്കും, പരിമൃദുലതയ്ക്കും പരിഭവം ജനിപ്പിക്കാത്തക്കവിധം. അത്ര മോഹനങ്ങളാണ്. അരുണാധരങ്ങളുടെ മദ്ധ്യത്തായി അണിനിരത്തപ്പെട്ട ദന്തനിരകൾ, കിസലയപുടങ്ങൾക്കുനടുവിൽ പ്രകാശിക്കുന്ന കുന്ദമുകുളങ്ങളുടെ കാന്തിയെ അതിശയിക്കുന്നവയാണ്. ലക്ഷണയുക്തമായ നെറ്റിയും; കറുത്ത പുരികക്കൊടികളും, തിലസുമസമാനമായ നാസികയും അവളുടെ സൗന്ദര്യത്തെ വദ്ധിപ്പിക്കുന്നുണ്ട്. നീലിമ കലന്നിടതൂന്ന ചികുരഭാരം രണ്ടായിപ്പകുത്തു ചീവിപ്പിണഞ്ഞിട്ടിട്ടുള്ളതു നിതംബമണ്ഡലങ്ങളുടെ അതിരും കടന്ന്, അങ്ങനെ നീണ്ടു കിടക്കുകയാണ്. കനകകുംഭങ്ങൾ പോലെ പ്രശോഭിക്കുന്ന കുളുർ കൊങ്കകൾ അവളുടെ ശരീ

ത്തിന് ആരെയുമാകർഷിക്കുന്ന ഒരു വടിവു നൽകുന്നതിനു പുറമേ, കാമദേവന്റെ കലാസൗധത്തിലെ കനകത്താഴികയുടെ കാന്തിയെ ആവിഷ്കരിയ്ക്കുയാണോ എന്നു തോന്നിപ്പോകും. ഒതുങ്ങിയ മധ്യപ്രദേശവും, മദാലസമായ നടത്തവും, അവളുടെ സൗന്ദര്യത്തിനു മാററു കൂട്ടുന്നുണ്ടു്.

സുമതിയുടെ ആ സൗന്ദര്യപൂരം പുഞ്ചിരിക്കുന്നതു് സുകുമാരന്റെ മുന്നിൽ മാത്രമാണു്. അവൾക്കറിയാം, അവളുടെ സകല സൗന്ദര്യങ്ങൾക്കുമവകാശി അയാളാണെന്നു്. സുകുമാരനെ കാണുമ്പോൾ അവളുടെ കൺപൂക്കൾ വിലാസലോലമായി വിടരും. ആ പവിഴാധരങ്ങളിൽ ഒരു നേരിയ മന്ദഹാസച്ഛവി ഊറിയിറങ്ങും! അപ്പൊഴെല്ലാം സുകുമാരന്റെ കണ്ണുകൾ സുമതിയുടെ സൗന്ദര്യമധു പാനം ചെയ്തു് മദിക്കും.

നാലു വസന്തം അങ്ങനെ പൊലിഞ്ഞു. ഇപ്പോൾ സുകുമാരൻ ബി. ഏ.പ്പരീക്ഷ ജയിച്ചിരിയ്ക്കുയാണു്. അയാളുടെ ചിന്തകൾ ചിറകുവിടർത്തി, സുമതിയുടെ കരവലയത്തിനുള്ളിലേയ്ക്കു പറന്നണയാൻ!! എങ്കിലും അയാൾക്കു് എം. ഏ.യ്ക്കു പോകണമെന്നു മോഹമുണ്ടായിരുന്നതിനാൽ, അതും കൂടി ജയിച്ചിട്ടു്, സുമതിയെ തന്റെ ജീവിതത്തിലെ കളിത്തോഴിയായി സ്വീകരിച്ചു കൊള്ളുന്നതാണെന്നു് സുകുമാരൻ അവളോടു പ്രതിജ്ഞ ചെയ്തു. സുമതിയ്ക്കതിൽ അത്യന്താ ആശ്വാസം തോന്നി. സുകുമാരനെയല്ലാതെ, മറ്റാരെയും ഈ ജന്മത്തിൽ വരിയ്ക്കുകയില്ലെന്നുള്ള സുമതിയുടെ നിശ്ചയത്തിന് ആ പ്രതിജ്ഞ വളം വച്ചു. സന്ദർഭം കിട്ടുമ്പൊഴെല്ലാം ആ കാമുകീകാമു

കണ്ണൂർ ഹൃദയഗതം പരസ്പരം തുറന്നു പറയാൻ ശ്രമിക്കും. പക്ഷെ, അതത്ര സുകരസാദ്ധ്യമായിരുന്നില്ല. എങ്കിലും സൂചനകൾ കൊണ്ടു് അവരന്യോന്യം ഹൃദയം കൈമാറിക്കഴിഞ്ഞിരുന്നു.

—:*:—

## അദ്ധ്യായം 3

വിധിയും വിശ്വാസവും പലപ്പോഴും രണ്ടായിപ്പരിണമിക്കുകയാണു് പതിവു്! സുകുമാരൻെറ വിചാരം എം. എ. യ്ക്കുപോകണമെന്നു്! പക്ഷേ, അവൻെറ അച്ഛൻെറ ആശയഗതി, സുകുമാരൻ ഒരു ഐ. സി. എസ്സുകാരനായിക്കാണണമെന്നാണു്.

സുകുമാരനെ ലണ്ടനിലയച്ചു പഠിപ്പിക്കാൻ തന്നെ വക്കീലുറച്ചു. എത്ര നിർദ്ധനരായാലും, തൻെറ പുത്രന്മാർ ലോകത്തിലേയ്ക്കു് ഏററവും വലിയ പരീക്ഷകൾ ജയിച്ചവരായിക്കാണണമെന്നേ ഏതൊരു പിതാവിനും തോന്നുകയുള്ളു. എത്രയെത്ര അരിഷ്ടതകൾ സഹിച്ചാണു് ചില പിതാക്കന്മാർ സ്വസന്താനങ്ങളെ പഠിപ്പിക്കാറുള്ളതു്. അതിനു പുറകിലൊളിഞ്ഞു കിടക്കുന്ന പ്രേരകശക്തി, മേൽ പ്രസ്താവിച്ചതാണു്. പുത്രൻെറ തദ്വിധമായ അഭിവൃദ്ധിക്കുവേണ്ടി എത്ര നിശിതമായ വേദനയും, മധുരമായി സഹിക്കാനുള്ള മനസ്ഥിതി ഒരു പിതാവിനുണ്ടായിരിക്കും.

സുകുമാരനെ ലണ്ടനിലയയ്ക്കണമെന്നു് വക്കീലിന്നു് അതിയായ മോഹമുണ്ടെങ്കിലും, അതിനുള്ള ചിലവു മുഴുവനും താൻതന്നെ വഹിക്കുന്നതിനു് വേണ്ട ധനശേഷി അദ്ദേഹത്തിനുണ്ടായിരുന്നില്ല. അതിനാൽ കുടുംബസ്വത്തിൻെറ ആദായം മുഴുവനും അനുഭവിച്ചുപോരുന്ന തറവാട്ടുകാരണവരായ ഗോവിന്ദനോടു വക്കീൽ ന്യായമായ ചില സഹായങ്ങൾ ആവശ്യപ്പെട്ടു. എന്നാൽ വക്കീലാവശ്യപ്പെട്ട സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിന്നു് ധന ദുർമ്മോഹിയായ ഗോവിന്ദൻ വിസമ്മതിക്കുകയും, തനിക്കു പലവിധമായ ചിലവുകളുണ്ടെന്നു പറഞ്ഞു് തൽക്കാലം അതിൽ നിന്നൊഴിഞ്ഞുമാറുകയും ചെയ്തു. ഗോവിന്ദൻെറ ആ "വിജയകരമായ പിൻമാററ"ത്തിൽ വക്കീലിന്നു ദുസ്സഹമായ വേദനയാണുണ്ടായതു്.

നാലഞ്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ, വക്കീൽ തൻെറ ഭാര്യയായ കല്യാണിക്കു ന്യായമായിച്ചെല്ലേണ്ടുന്ന തറവാട്ടുമുതലിലെ ഓഹരിയുടെ ഒരംശം വീണ്ടും ആവശ്യപ്പെട്ടു. തൻെറ കയ്യിൽ തൽക്കാലം പണമായിട്ടൊന്നുമില്ലെന്നും മററും ഓരോ ഒഴിവുകഴിവുകൾ പറഞ്ഞു് ഗോവിന്ദൻ പിന്മാറാൻ നോക്കി. പക്ഷെ, വക്കീൽ വിട്ടില്ല. തൻെറ പക്കൽ ,പണം കുറവായതിനാൽ സുകുമാരനെ ലണ്ടനിലയച്ചു പഠിപ്പിക്കുന്നതിനുള്ള ചിലവു് കല്യാണിയുടെ അവകാശത്തിൽ വകവച്ചു് തൽക്കാലം ഗോവിന്ദൻ വഹിക്കണമെന്നും, അല്ലാത്തപക്ഷം കല്യാണിക്കു ന്യായമായി ചെല്ലേണ്ടുന്ന മുതൽ ഭാഗിച്ചുകൊടുക്കേണ്ടതാണെന്നും, ഇതിലൊന്നും ഉൾപ്പെടാൻ ഭാവമില്ലെങ്കിൽ, താൻ അതിൻെറ ന്യായമായ അനന്തര

നടപടിയിലേയ്ക്കു കടക്കുന്നതാകണമെന്നും വക്കീൽ വാദിച്ചു. ആദ്യമാദ്യം സൗമ്യമായിട്ടാണു് വക്കീൽ പറഞ്ഞുതുടങ്ങിയതെങ്കിലും, ഗോവിന്ദന്റെ വിപരീതഭാവം കണ്ടു് വക്കീലൊടുവിൽ വാശിയേറിപ്പറഞ്ഞു. വളരെ നേരം ആ വിഷയത്തെപ്പററി സംസാരിച്ചതിനു ശേഷം, വക്കീലും ഗോവിന്ദനും അല്പം നീരസത്തിലാണു് അന്നു പിരിഞ്ഞതു്.

ഗോവിന്ദന്റെ അന്യായമായ എതിർപ്പു് വക്കീലിന്റെ വാശി വർദ്ധിപ്പിച്ചു. പിറേറദിവസം വക്കീലും കുടുംബവും 'ഈന്തക്കാട്ടു'നിന്നും, കൊച്ചുകൃഷ്ണന്റെ വസതിയിലേയ്ക്കു താമസം മാററി. അവിചാരിതമായ അവരുടെ വരവു കണ്ടപ്പോൾ കൊച്ചുകൃഷ്ണൻ പലതുമാലോചിച്ചു. കല്യാണി കൊച്ചുകൃഷ്ണനോടു സംഗതികൾ മുഴുവൻ വിസ്തരിച്ചു കേൾപ്പിച്ചു. ഗോവിന്ദനോടു് ഒരു സിവിൽവ്യവഹാരം നടത്തി; തന്റെ അവകാശങ്ങൾ സ്ഥാപിച്ചു കിട്ടാൻ കാത്തിരിക്കുന്ന കൊച്ചുകൃഷ്ണൻ ഇതൊരു പററിയ അവസരമായിക്കരുതി.

കൊച്ചുകൃഷ്ണൻ വക്കീലിന്റെ അഭിപ്രായങ്ങളോടു യോജിച്ചതു മാത്രമല്ല; ഉടൻതന്നെ വ്യവഹാരമാരംഭിക്കണമെന്നു് വക്കീലിനെ ഉത്തേജിതപ്പെടുത്തുകയുംചെയ്തു.

അതിന്റെ അഞ്ചാംപക്കം, കല്യാണിക്കും കൊച്ചുകൃഷ്ണനും ന്യായമായിച്ചെല്ലേണ്ടുന്ന അവകാശം സ്ഥിരപ്പെടുത്തിക്കിട്ടണമെന്നും, അല്ലാത്തപക്ഷം, ആ വ്യവഹാരത്തിനു തയാറായിക്കൊള്ളണമെന്നും കാണിച്ചു് വക്കീൽ ഗോവിന്ദനു് ഒരെഴുത്തയച്ചു.

വക്കീലും, ഗോവിന്ദനുമായുള്ള വഴക്കു് സുമതിയുടെ ഹൃദയത്തെയാണു് കൂടുതൽ വേദനിപ്പിച്ചതു്. അച്ഛന്റെ അന്യായവിചാരമാണു് തന്റെ ഹൃദയേശ്വരനായ സുകുമാരന്റെ വേർപാടിനുകാരണമെന്നു മനസ്സിലാക്കിയ ആ പ്രേമസ്വരൂപിണി, പ്രണയത്തിന്റെ പേരിൽ സ്വന്തം പിതൃവിനെപ്പോലും വെറുക്കാൻ മടിച്ചില്ല. സുകുമാരന്റെ ആ മറിത്താമസം അവളെ അലട്ടി. ആഹാരനിദ്രാദികളിൽ അവൾക്കാശകുറഞ്ഞു. നീണ്ടനീണ്ട ചിന്തകളും, നിശ്വാസങ്ങളുമായി അവൾ കഴിയുകയായിരുന്നു. തന്റെ ഹൃദയം കവന്ന ആ പുംസ്ക്കോകിലത്തെ അട്ടിപ്പായിക്കാൻ കാരണമിട്ട പിതാവായ ഗോവിന്ദനെ അവൾ മനസാ പഴിച്ചു. ജനനംമുതൽ പ്രായപൂർത്തിവരെ പിരിയാതെ കഴിഞ്ഞ ആ കൊച്ചുകളിത്തോഴനെ—ഹൃദയം കവന്ന കാമദേവനെ—അവളെങ്ങനെ. അകന്നിരിക്കും? ആ വിരഹം താങ്ങാൻ അവൾക്ക കരുത്തില്ല. സുകുമാരൻ അടുത്തുള്ളതാണു് അവളുടെ സുഖം. അയാളുടെ പൌരുഷംനിറഞ്ഞ തുമുഖം കാണുന്നതുമാത്രമാണു് അവളുടെ കണ്ണുകൾക്കുള്ള ജന്മസാഫല്യം. അവളുടെ സർവ്വവും സുകുമാരനവൾ സമ്മാനംചെയ്തുകഴിഞ്ഞിരിയ്ക്കയാണല്ലോ. ഒരുനിമിഷംപോലും സുകുമാരനെ കാണാതിരിക്കാൻ ഇന്നവൾക്ക കഴികയില്ല. ആ സ്ഥിതിക്കു് അവളെങ്ങങ്ങനെ അടങ്ങിയിരിക്കും. സുകുമാരന്റെ അവസ്ഥയും ഏകദേശം ഇതുപോലെതന്നെ.

പിറേറദിവസം ഗോവിന്ദനു് രജിസ്റ്റർചെയ്ത ഒരെഴുത്തുകിട്ടി. ഗോവിന്ദൻ അതു പൊട്ടിച്ചിങ്ങനെ വായിച്ചു-

ശ്രീ.

ഈന്തക്കാട്ടു കാരണവരായ ഗോവിന്ദനവർകളെ അറിയിക്കുന്നതിന്,

ഞാൻ താങ്കളുടെ സഹോദരിയുടെ ഭത്താവായിക്കഴിഞ്ഞിട്ട് ഇന്നേയ്ക്കു ഇരുപത്തിരണ്ടുവഷം കഴിഞ്ഞു. ഇത്രയുംകാലത്തിനുള്ളിൽ, എൻെറ ഭാര്യയായ കല്യാണിയ്ക്കുംകൂടി അവകാശപ്പെട്ടതും, താങ്കൾ കൈവശംവച്ചു സ്വന്തമായനുഭവിച്ചുപോരുന്നതുമായ 'ഈന്തക്കാട്ടി'ലെ മുതലെടുപ്പിൽ ഒരു പൈപോലും കല്യാണിയെ ഏല്പിച്ചിട്ടില്ലെന്നുള്ളതിനു്, അവളുടെ ഭത്താവായ ഞാൻ സാക്ഷിയാണ്. അതിനാൽ ഈ കത്തുകിട്ടിയാൽ ഒരു വാരത്തിനുള്ളിൽ കല്യാണിയ്ക്കു ന്യായമായിച്ചെല്ലാനുള്ള വസ്തു വീതിച്ചു കൊടുക്കാത്തപക്ഷം, കോടതിമുഖാന്തിരം അതു സ്ഥാപിച്ചുകിട്ടുവാനുള്ള ഭാരം, കല്യാണിയുടെ ഭത്താവെന്നുള്ള നിലയിൽ എന്നിൽ നിക്ഷിപ്തമായിരിക്കുന്നു. ഇക്കാരണങ്ങളാൽ ന്യായമായ അനന്തരപ്രവത്തികളിൽ ഉൾപ്പെടാൻ ഭാവമില്ലെങ്കിൽ, ഒരു വ്യവഹാരത്തിന് ഒരു അടികൊള്ളുന്നതിന് ഇതിനാൽ താങ്കളെ അറിയിച്ചുകൊള്ളുന്നു.

എന്ന്

കേശവൻ ബി. എ. ബി. എൽ. (ഒപ്പ്)

എഴുത്തു വായിച്ചുതീന്നപ്പോൾ ഗോവിന്ദൻ ആദ്യമൊന്നു തളന്നു. കേശവൻവക്കീൽ നല്ല വ്യവഹാരസമത്ഥനാണെന്നു് ഗോവിന്ദനറിയാമായിരുന്നു. അതിനാൽ വക്കീലിനോടു വ്യവഹാരംചെയ്തു ജയിച്ചുകളയാമെന്നുള്ള

മോഹം അത്ര യെളുതല്ലെന്നു് ഗോവിന്ദൻ നിശ്ചയിച്ചു. എങ്കിലും, വസ്തു വീതിക്കാൻ അയാൾക്കശേഷം ഇഷ്ടമില്ല. അതിനാൽ തല്ക്കാലം എന്തെങ്കിലും കുറച്ചു കൊടുത്തു് വക്കീലിനെ സമാധാനിപ്പിക്കാമെന്നുറച്ചു് ഗോവിന്ദൻ അല്പം ആശ്വസിച്ചു.

പിറേറദിവസം ഗോവിന്ദൻ വക്കീലിന്റെ വസതിയിലെത്തി. വളരെനേരം അവർ ഭാഗകാര്യത്തെപ്പററി പിണങ്ങിയും ഇണങ്ങിയും സംസാരിച്ചു. തല്ക്കാലം ഒരായിരം ഉറുപ്പിക കയ്യിലുള്ളതു് കൊടുക്കാമെന്നും, അതുകൊണ്ടു് ഇപ്പോളൊരുവിധം സമാധാനിക്കണമെന്നും, പിന്നീടു് വേണ്ടതു വഴിപോലെ ചെയ്യാമെന്നും മററും കുറെയധികം ഗോവിന്ദൻ വിനീതഭാവത്തിൽ പറഞ്ഞുനോക്കി. പക്ഷെ വക്കീൽ അതൊന്നും സമ്മതിച്ചില്ല. അത്രയല്ല, അദ്ദേഹത്തിനു കാര്യത്തിൽ വാശി വന്നുപോയി. 'കല്യാണിയ്ക്കു വീതപ്രകാരമുള്ള വസ്തു ഭാഗിച്ചുകൊടുക്കാൻ നിർവ്വാഹമില്ലാത്തപക്ഷം, യാതൊന്നും മേലാൽ സംസാരിക്കേണ്ടതില്ലെന്നും, കോടതിമുഖാന്തിരം താനതു മേടിച്ചുകൊള്ളാമെന്നുമാണു് വക്കീലതിനു് മറുപടി പറഞ്ഞതു്. അങ്ങനെ നിരാശനായി ഗോവിന്ദൻ തിരിച്ചുപോയി.

രണ്ടാഴ്ച കഴിഞ്ഞു. ഗോവിന്ദനു് കോർട്ടിൽനിന്നു് ഒരു സമൻസും അന്യായപ്പകർപ്പും കിട്ടി. ആവേശത്തോടേ അയാളതു വായിച്ചു.

അതു വായിച്ചുതീർന്നപ്പോൾ ഗോവിന്ദന്റെ ശരീരം വിറച്ചു. ആ ദിവസംവരെ യാതൊരുവിധമായ വ്യവഹാരങ്ങളിലും അയാൾക്കു് പങ്കെടുത്തു പരിചയമില്ലാത്തതാ

യിരുന്നു ആ പ്രകമ്പനത്തിന്ന കാരണം. നേരത്തേതന്നെ ന്യായമായ വഴിയ്ക്കൊത്തുങ്ങുകയായിരുന്നു നല്ലതെന്നു് അപ്പോളയാൾക്കു തോന്നി. കാര്യം, കോടതിമുഖാന്തിരമായതിനാൽ, ഇനി തൻെറ സൂത്രങ്ങളൊന്നും ഫലിയ്ക്കുകയില്ലെന്നുള്ളതിൽ അയാൾക്കുറപ്പുവന്നു. കോടതിയിൽവച്ചു കല്യാണിയ്ക്കും കൊച്ചുകൃഷ്ണനും വേണ്ടി കേശവൻവക്കീൽ കാര്യമായി വാദിയ്ക്കുമെന്നും ന്യായം അവരുടെ ഭാഗത്താകയാൽ തൻെറകാര്യം കുഴപ്പത്തിലാകുമെന്നും മററും വിചാരിച്ചപ്പോൾ ഗോവിന്ദൻെറ സർവ്വ കഴിവുകളും തകർന്നു പോയി.

ഏതായാലും അയാൾ ആകപ്പാടെ ഒന്നു വിരണ്ടു. വ്യവഹാരദിവസമായി. തൻെറ, തറവാട്ടുഭരണകാലത്തു കുടുംബത്തിൽ കുഴപ്പങ്ങളുണ്ടായതൊരു കുറവായിപ്പോയെന്നും, അമ്മാവൻെറ അന്ത്യശാസനം അനുസരിക്കാതെ ഒരു മഹാപാപിയായ താൻ തറവാട്ടിൻെറ വാഴ്ച്ചയ്ക്കു താഴ്ച വരുത്താൻ കാരണക്കാരനായല്ലോ എന്നുള്ള പശ്ചാത്താപത്തോടും, രഹസ്യമായിരുന്ന തൻെറ അന്യായഭരണം നാട്ടുകാരുടെ സംസാരമായിത്തീരുമല്ലോ എന്ന ആക്ഷേപത്തോടുംകൂടി ഗോവിന്ദൻ കോടതിമുമ്പാകെ ഹാജരായി.

ഒന്നുരണ്ടു മാസക്കാലം ആ വ്യവഹാരം നീണ്ടുനിന്നു. ഗോവിന്ദൻ തൻെറ സർവ്വകഴിവുകളും ചെലുത്തിനോക്കി. പിന്നീട്ടു് ചില മദ്ധ്യസ്ഥന്മാർമുഖേന ആ വ്യവഹാരം രാജിയാക്കി. ഒടുവിൽ കല്യാണിക്കും കൊച്ചുകൃഷ്ണനും ഗോവിന്ദൻ വസ്തു വീതിച്ചുകൊടുത്തു.

ഗോവിന്ദനതിൽ വളരെ വിഷമവും, ഇച്ഛാഭംഗവുമുണ്ട്. എങ്കിലും പണമായി കിട്ടിയിട്ടുള്ളതൊന്നും അയാൾ വെളിയിൽ കാണിച്ചില്ല.

ഈ വ്യവഹാരംമൂലം ഗോവിന്ദനും, വക്കീലും തമ്മിൽ ബദ്ധ വിരോധികളായിത്തീരുകയാണുണ്ടായതു്. പക്ഷെ സുമതിയുടേയും, സുകുമാരന്റേയും ഹൃദയങ്ങൾക്ക് അതൊരു വിഘാതമായിത്തീൎന്നു. സുകുമാരനെ ഒന്നുകൂടി കാണുന്നതിനുപോലും ഇനി കഴിയുമോ എന്നു സുമതിക്കു സംശയമായിരുന്നു. തന്റെ ആഗ്രഹം ഈ ജന്മം ഇനി സാധിക്കുകയില്ലെന്നുതന്നെ അവൾ നിശ്ചയിച്ചു.

# അദ്ധ്യായം 4

സുകുമാരൻ ലണ്ടനിലേക്കു യാത്രയാകുന്നതിന്നു് വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തുകഴിഞ്ഞു. യാത്ര തിരിക്കുന്നതിന്മുമ്പു് സുമിതിയെ ഒന്നുകൂടി കാണണമെന്നു് അയാൾക്കു് വളരെ മോഹം തോന്നി. തങ്ങളുടെ സൈ്വര സമ്മേളനങ്ങൾക്ക മുള്ളുവേലികെട്ടിയ ആ അവകാശത്തൎക്കക്കേസിനെ അയാളപ്പോൾ വെറുപ്പോടെ ചിന്തിച്ചിരിക്കും. ആ വേലി കടന്നുചെന്നു് സുമതിയെക്കാണുകയെന്നതു് അയാൾക്കൊരു ഭയമായിത്തോന്നി. അത്ര യ്ക്കുറപ്പുള്ളതായിരുന്നു വക്കീലും ഗോവിന്ദനും തമ്മിലുള്ള കലഹം. പക്ഷെ, എന്തൊക്കെ പ്രതിബന്ധങ്ങൾ നേരിട്ടാലും അയാൾക്കു് സുമതിയേ ഒന്നു കണ്ടേ കഴിയൂ എന്നായി.

സുകുമാരൻ ഇങ്ങനെ ചിന്തയിലാണ്ടു കഴിയുക യായിരുന്നു. ഒരു ദിവസം അയാൾ സായാഹ്നസവാരി കഴിഞ്ഞു് വീട്ടിലേയ്ക്കു മടങ്ങുമ്പോൾ യാദൃച്ഛികമായി സുമതിയെ കണ്ടുമുട്ടാനിടയായി. സുമതി ദേവാരാധന കഴിഞ്ഞു് ക്ഷേത്രത്തിൽ നിന്നു മടങ്ങുകയായിരുന്നു. തന്റെ ഹൃദയഗതത്തിനു് താനറിയാതെ വഴിതുറന്നു കൊടുത്ത വിധിയോടു് അയാൾ ഉള്ളുകൊണ്ടു നന്ദി പറഞ്ഞിരിയ്ക്കും. "തേടിയ വള്ളി കാലിൽചുററി" എന്നുതന്നെ സുകുമാരനപ്പോൾ ചിന്തിച്ചിരിക്കണം. സുമതി നടന്നെത്തട്ടെ; എന്നുദ്ദേശിച്ചു് സുകുമാരൻ നട ത്തയ്ക്കല്പം വേഗത കുറച്ചു. ഒരു വെള്ളിത്താമ്പാലത്തിൽ നിവേദിച്ച പഴവും, തേങ്ങയും മററും വഹിച്ചു്, പാത യുടെ ഒരുവശത്തുകൂടെ അധോമുഖിയായി, കുണുങ്ങി കുണുങ്ങി സുമതി നടന്നെത്തി. ആ റോഡു് ഏതാണ്ടു് വിജനമായിരുന്നു.

"ഇപ്പോൾ വലിയ ഭക്തിയിലാണല്ലോ?" ഒരമ ത്തിയ മന്ദഹാസത്തോടെ സുകുമാരൻ ഒന്നു കളിയാക്കി ച്ചോദിച്ചു

സുമതി തലപൊക്കിനോക്കി സുകുമാരനെ കണ്ട പ്പോൾ വേനൽക്കാലത്തു് അവിചാരിതമായി മഴപൊഴി യുമ്പോൾ വേഴാമ്പലിനുള്ള സന്തോഷംപോലെ സുമതി യുടെ ഹൃദയത്തിൽ ആനന്ദം ഓളമിളക്കി. ആത്മാ ർത്ഥമായി ഒന്നു പുഞ്ചിരിച്ചതല്ലാതെ, ഗൽഗ്ഗദംകൊണ്ടു് ഒരക്ഷരം ചോദിക്കാൻ അവൾക്കു കഴിഞ്ഞില്ല. ആനന്ദ ബാഷ്പംകൊണ്ടു് അവളുടെ കൺദളങ്ങൾ നനഞ്ഞു. വെള്ളിത്തുള്ളികൾപോലെ പൊന്തിവന്ന ആ ബാഷ്പ

ഖിന്ദുക്കൾ അവളുടെ കണ്ണുകൾക്ക് കാന്തികൂട്ടുകയാണു ചെയ്യുന്നത്. എന്തൊക്കെയൊ പറയണമെന്നവൾ ആത്തിപ്പെട്ടു. പക്ഷെ ഗൽഗ്ഗദം അവളുടെ കണ്ഠത്തിൽ കടന്നുപിടിച്ചു. പുളകത്തിൻെറ പൊന്നുടുപ്പിട്ട അവളുടെ പൂവലംഗം ഒന്നു കുളുന്നു. ക്ഷേത്രത്തിൽ വച്ചു് താൻ പ്രാത്ഥിച്ച ഇഷ്ടസിദ്ധികൾ അതർഹിക്കുന്ന മഹത്വത്തിൽ തൻെറ മുമ്പിൽ പ്രത്യക്ഷപ്പെട്ടുനില്ക്കുന്നതുപോലെ അവൾക്കു തോന്നി.

"സുമതി ഇപ്പൊഴെന്നും ക്ഷേത്രത്തിൽ പോകുമോ?" സുകുമാരൻ കാര്യമായിച്ചോദിച്ചു. വളരെ നാളുകൾ കൊണ്ടു് സുകുമാരൻെറ ശബ്ദം ഒന്നുകേട്ടാനന്ദിച്ചുകൊള്ളാൻ കൊതി പെരുകി കാത്തുകഴിയുന്ന അവൾക്കു് ആ ചോദ്യം ഒരു പ്രത്യേകാനന്ദം തന്നെ നൽകി.

"പോകും" വളരെപ്പണിപ്പെട്ടു്

വാൻവന്ന ഗൽഗദം തട്ടത്തു് അവളുത്തരം പറഞ്ഞു "എൻെറ ഇംഗിതം സാധിക്കുന്നതുവരെ പ്പോകും..."

"അതെന്താണു്, സുമതിയുടെ അത്രവലുതായ ഇംഗിതം.....?"

"അതോ? അവിടുന്നു് എൻെറ സ്വന്തമാകണമെന്നുള്ള ഒരിംഗിതം"

"ഇപ്പോൾ ഞാൻ സുമതിയുടെ സ്വന്തമല്ലേ? സുമതിയുടെ അച്ഛൻ എൻേറ അമ്മാവനാണല്ലോ?"

"അങ്ങനെയുള്ള സ്വന്തമല്ല. അവിടുന്നു എനിയ്ക്കു മാത്രമുള്ളതായിത്തീരണം"

"എന്നു വച്ചാൽ, ഞാൻ മററാക്കും ഒരുപകാരത്തിനും ഉതകാത്തവനായിത്തീരണമെന്നോ?"

സുകുമാരൻെറ ഈ ചോദ്യംകേട്ടു സുമതി ഒന്നു കുണുങ്ങിച്ചിരിച്ചു. അവളുടെ പൂങ്കവിളിണകളിലുള്ള ആ കൊച്ചുനുണക്കുഴികൾ വികസിക്കുന്നതുകണ്ടു് സുകുമാരൻെറ ഹൃദയം കുളുത്തു. വിലാസവതിയായി മുന്നിൽ നിൽക്കുന്ന ആ സുകുമാരിയുടെ സൌന്ദര്യം ശ്രദ്ധമായി കണ്ണുകൾകൊണ്ടു് അയാൾ പാനംചെയ്യുകയായിരുന്നു.!

ഇടവും വലവുമായി അവരങ്ങനെ നടക്കുകയാണു്.

"ചേട്ടനെന്നാണു പോകുന്നതു്?" ഹൃദയവേദനയോടെ സുമതി ചോദിച്ചു.

സുകു:—ഏതാണ്ടൊരാഴ്ചക്കുള്ളിൽ സുമതിയെക്കണ്ടു യാത്ര ചോദിക്കാൻ കഴികയില്ലല്ലോ എന്നു ഞാൻ ഖേദിച്ചു കഴികയായിരുന്നു. അപ്പൊഴാണു് ഭവതിയെ ഭഗവാൻ തന്നെ കാണിച്ചുതന്നതു്.

സുമതി:—"തന്നെ. തന്നെ. ഇപ്പൊഴങ്ങനെയങ്ങു പറഞ്ഞേക്കാം. ഞാൻ ചോദിച്ചില്ലായിരുന്നെങ്കിൽ അതിനെപ്പററി ചേട്ടൻ ഒരക്ഷരം പോലും മിണ്ടുമായിരുന്നില്ല. എങ്കിലും, അവിടുത്തെ സ്നേഹം മാത്രമാശിച്ചു കഴിയുന്ന എന്നോടു് അതു പറയാതെ കഴിയാമെന്നു വിചാരിച്ചതിൽ എനിക്കു വലിയ വേദനയുണ്ടു്."

അല്പം പരിഭവത്തിലാണു് സുമതി അതു പറഞ്ഞതെന്നു് സുകുമാരനു മനസ്സിലായി. ആ പരിഭവഭാഷയുടെ ഉള്ളിലുറഞ്ഞുകിടന്ന സ്നേഹക്കുഴമ്പിനെ അയാൾ മനസാ അഭിനന്ദിച്ചു. സുമതി തുടർന്നുപറഞ്ഞു.

"അല്ലെങ്കിൽ അതൊക്കെ ഇനി എന്നെ അറിയിച്ചിട്ടെന്തു കാര്യം? എന്റെ പരിഭവങ്ങളെ അതു കാര്യമാക്കുന്നു. പരിഷ്കാരം നിറഞ്ഞ നാട്ടിലേയ്ക്കല്ലേ പുറപ്പാട്? എങ്കിലും, എനിയ്ക്കവിടുത്തെ സ്നേഹം എന്നുമാവശ്യമുണ്ട്. എന്നെ അറിയിച്ചില്ലെങ്കിലും, ഞാനെന്നും ചേട്ടന്റെ കാര്യങ്ങളെപ്പറ്റി തിരക്കുകതന്നെ ചെയ്യും. അതൊന്നും അറിയാതെ കഴിക്കാൻ ഇനിമേലെനിയ്ക്കു സാധ്യമല്ല. എന്തുചെയ്യാം, നമ്മൾ അത്രയ്ക്കടുത്തുപോയി.

സുമതിയുടെ ഈ വാക്കുകൾ സുകുമാരന്റെ ഹൃദയത്തെ ഒന്നിളക്കിമറിച്ചു. അയാൾക്കവളോടുള്ള സ്നേഹബന്ധത്തെ പതിന്മടങ്ങു വർദ്ധിപ്പിച്ചു. "അതൊന്നുമറിയാതെ കഴിക്കാൻ എനിയ്ക്കിനി സാധ്യമല്ല. എന്തുചെയ്യാം നമ്മൾ, അത്രയ്ക്കടുത്തുപോയി" എന്ന രണ്ടു വാക്യങ്ങളും അയാളുടെ ഹൃദയത്തിൽ ഇടവിടാതെ മുഴങ്ങിക്കേട്ടു. സ്നേഹം നിറഞ്ഞ സ്വരത്തിൽ സുകുമാരൻ പറഞ്ഞു.

സുകു:—എന്റെ തങ്കം ഇങ്ങനെ പരിഭവിയ്ക്കരുതു്. എന്റെ കാര്യങ്ങൾ സുമതിയോടല്ലാതെ മററാരോടാണു് എനിയ്ക്കറിയിക്കാനുള്ളതു്? എന്റെ തങ്കത്തിനല്ലാതെ മററാക്കാണു് അതറിയാൻ അവകാശമുള്ളതു്? എന്റെ സർവ്വകാര്യങ്ങളും സുമതിയ്ക്കുള്ളതാണു്. സുമതിയോടു മറച്ചുവയ്ക്കേണ്ടതായി എനിയ്ക്കു യാതൊന്നും തന്നെയില്ല. ഞാൻ തന്നെ സുമതിക്കുള്ളതല്ലേ.? നമ്മുടെ രഹസ്യങ്ങൾ പര-

സ്വരം കൈമാറിയല്ലാതെ നാമിതുവരെ കഴിഞ്ഞിട്ടുണ്ടോ? എൻെറ ഓമന ഒന്നാലോചിച്ചു നോക്കൂ."

സുമതിയ്ക്കൊന്നും മറുപടി പറയാനുണ്ടായിരുന്നില്ല. അവളുടെ ഹൃദയഗതങ്ങളെ ആ ഓരോ വാക്കുകളും പരിരംഭണം ചെയ്യുകയായിരുന്നു. ആനന്ദംകൊണ്ട് അവൾ തളന്നു. സുകുമാരൻ തുടന്നു പറഞ്ഞു "നമ്മുടെ പിതാക്കന്മാരുടെ പരസ്പരകലഹം ഭാഗ്യദോഷംകൊണ്ട് നമ്മെ തൽക്കാലത്തേയ്ക്കു് അകററിനിറുത്തി. പക്ഷെ എൻെറ തങ്കം, അതിലല്പവും ഖേദിക്കേണ്ട. ആപത്ത് ഭാവി വിജയത്തിൻെറ ഒരു നാന്ദിയാണ്. അടുത്തുതന്നെ നമ്മൾ വീണ്ടുമൊരുമിക്കും. അതിനെ തടയാൻ ഈ പ്രപഞ്ചശക്തികൾക്കു കൂടി കെല്പില്ല. ധൈര്യമായിരിക്കുക. ആസന്നമായ ഒരു ഭാവിയിൽ നമ്മളൊന്നിയ്ക്കുക തന്നെചെയ്യും. അങ്ങനെ നമ്മുടെ പ്രണയവൃക്ഷം സഫലമാകും. ഒന്നുകൊണ്ടും എൻെറ സുമതി വേദനിക്കാതിരിക്കണം. ഇത്രമാത്രമാണ് ഞാനിപ്പോളാവശ്യപ്പെടുന്നതു്"

സുമതി:—അവിടുത്തെ വാക്കുകൾ എന്നെ ആനന്ദാഭിഷേകം ചെയ്തു് മാറിമാറി ആശ്ലേഷിക്കുന്നു. എൻെറ ദുർബല ജീവിതത്തിന് അതൊരുറപ്പും വരുത്തി.

സുകു:—വളരെ നല്ലതു്. വിശ്വാസം ധൈര്യത്തിൻെറ വിജയരേഖയാണ്.

സുമതി:—പക്ഷെ, എനിയ്ക്കു ഒരപേക്ഷകൂടിയുണ്ട്.

സുകു:—ധൈര്യമായി പറയൂ.

അതു പറയാൻ സുമതി ആദ്യമൊട്ടു മടിച്ചു. എങ്കിലും, സുകുമാരൻെറ നിർബന്ധംകൊണ്ടു ഒടുവിലിങ്ങനെ പറഞ്ഞു.

സുമതി:—അതു മറെറാന്നുമല്ല. അവിടുന്നു്, ആ പാശ്ചാത്ത്യൻ ദേശത്തു ചെന്നാൽ എന്നെ 'മറന്നു' കളയരുതേ.

അ ചോദ്യത്തിൻെറ ഉള്ളടക്കം സുകുമാരനു മനസ്സിലായി. പൊട്ടിച്ചിരിച്ചുകൊണ്ടു് അയാൾ പറഞ്ഞു.

സുകു:—അയ്യോ കഷ്ടം! അറിവില്ലായ്മകൊണ്ടു നീയെന്നെ സംശയിക്കുന്നു. സുമതീ! ആ പടിഞ്ഞാറൻ സൗന്ദര്യങ്ങൾക്കു എന്നെയാകർഷിക്കുവാൻ ഇനി സാധ്യമല്ല. അവയുടെ മാസ്മരശക്തികൾക്കു് എന്നെ മയക്കുവാൻ ഒരിയ്ക്കലുമൊക്കുമെന്നു് നീ ശങ്കിക്കണ്ട. അത്രയ്ക്കു് എൻെറ ഹൃദയം നിന്നിലുറച്ചുപോയി.

സുമതി:—ഞാനിതു പൂർണ്ണമായും വിശ്വസിക്കുന്നു.

സുകു:—നിനക്കതു വിശ്വസിക്കാതിരിക്കാൻ കഴിയുകയില്ല.

സുമതി:—ഞാൻ തീർച്ചയായും വിശ്വസിക്കും.

സുകു:—നീ, തീർച്ചയായും വിശ്വസിക്കണം....

സുമതി:—അപ്പോൾ, അവിടുന്നു് ഇനിയെന്നു തിരിച്ചു വരും.

സുകു:—അതു്, തിരിച്ചുവരുമ്പോൾ തന്നെന്നല്ലാതെ ഞാനെന്തുത്തരം പറയാനാണു്.

സുമതി:—എന്നാലും, ഒരേകദേശം?

സുകു:—ഏകദേശം ഒരു രണ്ടുകൊല്ലം വച്ചുകൊള്ളുക.

സുമതി:—അപ്പോളിനിയും രണ്ടു കൊല്ലം ഞാൻ കാത്തിരിക്കണം!?!!!

സുകു:—എന്നല്ലാതെ ഞാനെന്തു പറയട്ടെ?

സുമതി:—തിരിച്ചുവന്നാലുടൻ—"

സുകു—സുമതിയെ ഞാനെൻെറ ജീവിതത്തിലെ കളിത്തോഴിയായി കൈക്കൊള്ളും!!....

സുമതിയുടെ ഹൃദയത്തിൽ എത്രമാത്രം കുളിർമയുണ്ടായെന്നു് വായനക്കാർ ഊഹിക്കുകയേ നിർവ്വാഹമുള്ളു. അശക്തമായ എൻെറ ഈ പേനയ്ക്കു് അതു വൎണ്ണിക്കാനസാദ്ധ്യം!

സുമതി:—മറക്കാതെ എനിയ്ക്കെഴുത്തുകൾ അയക്കണേ. ഞാൻ അവിടുത്തെ എഴുത്തും പ്രതീക്ഷിച്ചിരിക്കും.

സുകു:—എൻെറ എഴുത്തും പ്രതീക്ഷിച്ചിരിക്കാൻ എനിയ്ക്കു മററാരാണുള്ളതു്!!........അപ്പോൾ ഞാൻ പോകട്ടോ?

സുമതി:—ഞാനതു പറയുകയില്ല.

സുകു—ഇപ്പൊഴത്തേയ്ക്കൊന്നു പറയൂ...

സുമതി:—എന്നാൽ അവിടുന്നു് പോയ്‌വരണം എൻെറ ഹൃദയം തുറന്ന ആശീർവാദങ്ങൾ അവിടുത്തെയ്ക്കു വിജയം തരട്ടെ......

ആ വാക്യം പറയുമ്പൊഴേക്കും സുമതിയുടെ തൊണ്ട വീണ്ടുമിടറി. പിന്നീടൊരക്ഷരം സംസാരിയ്ക്കാൻ സുകുമാരനും കഴിയാതെയായി. അവരുടെ നോട്ടങ്ങൾ തമ്മിലിടഞ്ഞു. ആയിരമായിരം പ്രതീക്ഷയുടെ പ്രതിബിംബങ്ങൾ ആ കണ്ണുകളിൽ കിളൎന്നുവന്നു. ആ കടാക്ഷങ്ങൾക്കു പുറകിൽനിന്നും കണ്ണുനീരുകൾ അണപൊട്ടി വരുകയായിരുന്നു.

നോട്ടംകൊണ്ടു് അവർ പരസ്പരം യാത്ര പറഞ്ഞു പിരിഞ്ഞു. രണ്ടുപേരും സ്വന്തം ഭവനങ്ങളിലേക്കു് നടന്നു.

സുകുമാരൻ പറഞ്ഞ ഓരോ വാക്കുകളും ആവർത്തിച്ചാവർത്തിച്ചു ചിന്തിച്ചു്, സന്തോഷസന്താപസമ്മിളിതമായ ഹൃദയവുമായി സുമതി സ്വഭവനത്തിലെത്തി. നേരം സന്ധ്യയോടടുത്തിരുന്നു. അത്താഴവും കഴിഞ്ഞു് നേരത്തേ ഉറങ്ങണമെന്നു ചിന്തിച്ചുകൊണ്ടാണു് അവൾ, തന്റെ മുറിക്കുള്ളിൽ പ്രവേശിച്ചതു്. പക്ഷേ, എന്തുകൊണ്ടെന്നറിഞ്ഞില്ല, അവൾക്കന്നു ചോറു വേണ്ടായിരുന്നു. "ഉണ്ണാത്തതെന്തെന്നുള്ള അവളുടെ മാതാവിന്റെ ചോദ്യത്തിനു് 'തലവേദനയാണെ'ന്നൊരു സമാധാനവും പറഞ്ഞു്" സുകുമാരനെ ചിന്തിച്ചുകൊണ്ടു് നാലുനാഴിക ഇരുട്ടുംമുമ്പുതന്നെ അവൾ കട്ടിലിനെ പ്രാപിച്ചു.

സുകുമാരനെപ്പററി അവളോരോന്നും ചിന്തിച്ചു. ആവർത്തിച്ചാവർത്തിച്ചു ചിന്തിച്ചു. എത്ര ചിന്തിച്ചിട്ടും അവൾക്കുതു മതിയാവുന്നില്ല. ഒടുവിൽ ആ ചിന്തയിൽ തന്നെ അവളൊന്നു മയങ്ങി.

പാതിരാത്രി കഴിഞ്ഞിരിക്കും. ആ ചെറു നിദ്രക്കിടയിൽ അവളൊരു നീണ്ട സ്വപ്നം കണ്ടു. സുകുമാരൻ അവളുടെ കട്ടിലിന്നരികിൽ വന്നു അവളെ തട്ടിയുണർത്തുന്നതും, ഗൽഗദം നിറഞ്ഞ പ്രണയസ്വരത്തിൽ അവളോടു യാത്രപറയുന്നതും, പിരിയാൻ സമയത്തു് അവളെ മാറോടണച്ചുപിടിച്ചു് മുറുകെപ്പുണർന്നു്, പൂങ്കവിളുകളിൽ മാറി മാറി ചുംബിക്കുന്നതും, ആനന്ദംകൊണ്ടു് അവൾ പരവശയായി നില്ക്കുന്നതും മററുമായിരുന്നു ആ സുന്ദരമായ സ്വപ്നം.

സ്വപ്നം കണ്ടു് അവൾ ചാടിയെണീററു. പാ
ന്നു കിടന്ന ആ ഇരുട്ടിൽ സുകുമാരൻെറ പുഞ്ചിരിക്കുന്ന
മുഖം പ്രത്യക്ഷപ്പെട്ടുപോലെ അവൾക്കു തോന്നി. സുമ
തി പെട്ടെന്നു് വിളക്കു കത്തിച്ചുനോക്കി. അപ്പോഴാണു്
അതെല്ലാം മനസ്സിന്റെ മായികശക്തിയാണെന്നു് അവൾ
ക്കു ബോധ്യം വന്നതു്. തളൎന്ന ശരീരത്തോടെ വീണ്ടുമവൾ
കട്ടിലിൽ വന്നു കിടന്നു. അവൾക്കുറക്കം വന്നില്ല. നീറു
ന്ന അവളുടെ ഹൃദയം മൗനഭാഷയിൽ ഇങ്ങനെ പറഞ്ഞു.

“ഹാ! ജീവിതേശ്വരാ! എന്നെ ഏകാകിയാക്കി
ഇവിടെ തള്ളിയിട്ടു് അങ്ങെന്തിനു വിദേശത്തേയ്ക്കു പോ
കുന്നു? അങ്ങയെക്കൂടാതെ ഒരു നിമിഷംകൂടി തനിച്ചു ജീ
വിക്കാൻ എനിയ്ക്കു സാദ്ധ്യമല്ല. അങ്ങയുടെ മുഖത്തിൽ
പൂവിടുന്ന ആ പുതുമയേറിയ പുഞ്ചിരി ദിവസം ഒരു നേര
മെങ്കിലും കാണുന്നതാണു് നീറിക്കരിയുന്ന എൻെറ ഹൃദ
യത്തിനു പരമാനന്ദം! അവിടുന്നു് എൻെറ മുഖത്തുനോ
ക്കി ഒന്നു പുഞ്ചിരിച്ചാൽ അതുമാത്രം മതിയാകും എനിക്ക
ല്ലം ആശ്വാസമരുളാൻ! അങ്ങയുടെ പാദദാസിയായി
ജീവിക്കാൻ കഴിയുമെങ്കിൽ ഞാനെത്ര ഭാഗ്യവതി
യാണു്!!”

അങ്ങനെ നീണ്ട നീണ്ട ആത്മഗതങ്ങൾക്കു് അന്നു
രാത്രി അവൾ കൂട്ടുകിടന്നു.

# അദ്ധ്യായം 5

കഴിഞ്ഞ അധ്യായത്തിൽ വിവരിച്ച സംഭവങ്ങൾ നടന്നതിന്റെ അഞ്ചാംദിവസം ഉച്ചതിരിഞ്ഞപ്പോൾ, സുമതിയെ കാണുന്നതിന് സരസ്വതി അവിടെ വരുകയുണ്ടായി.

സരസ്വതിയ്ക്കു് ഈ കഥയിൽ ഇനി പലഭാഗത്തും പ്രത്യക്ഷപ്പെടേണ്ടിയിരിയ്ക്കുന്നതുകൊണ്ടു്, വായനക്കാർക്ക് അവളെ ഒന്നു പരിചയപ്പെടുത്തേണ്ടതായിരിക്കുന്നു.

സുകുമാരന്റെ വലിയച്ഛന്റെ ഏകപുത്രിയാണു് സരസ്വതി. ഇപ്പോൾ അവൾക്കു് പതിനാറുവയസ്സാണു പ്രായം. സൽസ്വഭാവവും, സൗന്ദര്യസമ്പത്തുമുള്ള ഒരു നവയുവതി. തരുണീസഹജമായ ചില ചില്ലറക്കപടതകൾപോലും കലന്നിട്ടില്ലാത്ത ഒരു ഹൃദയമാണു് അവൾക്കുള്ളതു്. അധികമായ ആഡംബരഭ്രമങ്ങളൊന്നുമില്ലെങ്കിലും, കഴിയുന്നതും വൃത്തിയായി നടക്കണമെന്നതു് ഇവളുടെ ഒരു പ്രത്യേക സ്വഭാവമാണു്. ഒരു യുവാവിനേയും അവളിന്നുവരെ വിശേഷവിധിയായി സ്നേഹിച്ചിട്ടില്ല.

സുകുമാരന്റെ വസതിയ്ക്കടുത്താണു് സരസ്വതിയുടെ താമസം. സരസ്വതി, സുമതിയുടെ ഏററവുമടുത്ത കൂട്ടുകാരിയാണു്. നല്ല സംഗീത വാസനയുള്ളതുകൊണ്ടു് ഇവളുടെ പാട്ടുകൾ കേൾക്കാൻ സുമതിയ്ക്കു ബഹുകൗതുകമാണു്. സുമതിയുമായുള്ള കൂട്ടുകെട്ടുകൊണ്ടു് സരസ്വതി കൂടക്കൂടെയെന്നല്ല മിയ്ക്കവാറും തന്നെ സുമതിയുടെ വീട്ടിൽ പോകാറുണ്ടു്.

ഉച്ചതിരിഞ്ഞു് ഒരു രണ്ടുമണിയോടെയാണു് സരസപതി സുമതിയുടെ വീട്ടിൽച്ചെന്നതു്. ഓരോരോ പാട്ടുകൾ പാടിക്കേൾപ്പിച്ചു് ഒരു നാലരമണിവരെ അവൾ സുമതിയുടെ മുറിയിലിരുന്നു. അതിന്നു ശേഷം സരസപതിയുടെ നിർബ്ബന്ധം കൊണ്ടു് അവർ രണ്ടുപേരുമായി അടുത്തുള്ള ഒരു ഉദ്യാനത്തിലേയ്ക്കു നടന്നു. ഏതാണ്ടു് ഒരു ഫർള്ളാംഗ് ദൂരമുണ്ടു് ആ തോട്ടത്തിലേയ്ക്കു്. സമനിരപ്പിൽ നിന്നും അല്പം പൊങ്ങിയസ്ഥലത്താണു് ആ ഉദ്യാനം സ്ഥിതിചെയ്യുന്നതു്. ഇവിടെ ഈ വന്തക്കാട്ടുകാരല്ലാതെ വിശേഷിച്ചാരും ചെന്നിരിക്കാറില്ല. അതിന്നു കാരണമുണ്ടു്. സുമതിയുടെ പിതാവായ ഗോവിന്ദൻ തറവാട്ടധികാരിയായി ഭരണം നടത്തിക്കൊണ്ടിരുന്ന കാലത്തു്, തനിയ്ക്കു് വേനൽക്കാലത്തു ചെന്നിരുന്നു കാററു കൊള്ളാൻ വേണ്ടി ഉണ്ടാക്കിയതായിരുന്നു ആ ഉദ്യാനം. ഭാഗം വയ്പു കഴിഞ്ഞുവെങ്കിലും, ആ ഉദ്യാനം മാത്രം ഈ വന്തക്കാട്ടംഗങ്ങൾക്കെല്ലാം ഒരുപോലെ അധികാരമുള്ള പൊതുസ്വത്തായി ഒഴിച്ചിട്ടിരിയ്ക്കുകയാണു്.

ഏതാണ്ടൊരു മൂന്നടിയോളം പൊക്കത്തിൽ ആ പൂവനത്തിന്നു ചുററും മതിലുകെട്ടിയിട്ടുണ്ടു്, മുൻവശത്തുള്ള ആ കിളിവാതലിൽക്കൂടിവേണം അതിന്നകത്തു കടക്കേണ്ടതു്. വളച്ചുകെട്ടിയിട്ടുള്ള മതിൽക്കെട്ടിന്നുള്ളിൽ ഒററത്തായി ഒരു ചെറിയ കെട്ടിടവും അടുത്തൊരു കുളവുമുണ്ടു്. ഇതിന്നു ചുററുമുള്ള സ്ഥലങ്ങൾ പല വിധത്തിലുള്ള ചെടികളും, ചോലമരങ്ങളും, പച്ചപ്പടർപ്പുകളും കൊണ്ടു നിബിഡമായതാണു്. നിരന്നു നില്ക്കുന്ന റോസാ,

പിച്ചി, മുല്ല, ചെമ്പകം തുടങ്ങിയ ചെടികളിൽ നിറഞ്ഞു നില്ക്കുന്ന പുതിയ പൂക്കളുടെ സുഗന്ധം കൊണ്ടു് മദം പൂണ്ടു നടക്കുന്നതാണു് അവിടത്തെ കൊച്ചുകാറ്റു്. . .

സുമതിയും സരസ്വതിയും ഉദ്യാനത്തിന്റെ ഉള്ളിലേയ്ക്കു നടന്നു. പരസ്പരം കൈകോർത്തു് കുണുങ്ങിക്കുണുങ്ങി നടന്നെത്തുന്ന ആ മധുരാധരിമാരെ കണ്ടപ്പോൾ, നിസർഗ്ഗസുന്ദരികളായ കുസുമനിരകൾ തേനൊഴുകുന്ന തൂമന്ദഹാസം തൂകി അവരെ സ്വാഗതം ചെയ്തു. പുതുതായ്‌വിടർന്ന പൂക്കളിൽ മധുനുകർന്നാനന്ദിയ്ക്കുന്നതിനു് മധുരഗാനങ്ങളും പാടി തേടിനടക്കുന്ന മത്തഭൃംഗങ്ങൾ അവയ്ക്കുചുറ്റും പറക്കുന്നതു കണ്ടപ്പോൾ സുമതിയുടെ ഹൃദയത്തിൽ എന്തോ ഒന്നു് തലപൊക്കുന്നതുപോലെ അവൾക്കുതോന്നി. വിടിരാത്ത പൂമൊട്ടുകളിൽ പാറിപ്പറ്റി, നിരാശയോടെ മടങ്ങുന്ന മധുകരന്മാരെ മാടിവിളിച്ചു് മദിച്ചുനിൽക്കുന്ന വികചകുസുമങ്ങൾ അവളുടെ ആശയഗതിയെ കോൾമയിർക്കൊള്ളിച്ചു. അതേസമയത്തു് മധുപന്മാരുടെ മധനത്തിനു ശേഷം ഇതളുകൾ കൊഴിഞ്ഞ പഴയപുഷ്പങ്ങൾ, പുതുതായ്‌വിടർന്ന ആ പൂക്കളെനോക്കി 'അരുതേ'ന്നു വിലക്കുംപോലെ സുമതിയ്ക്കുതോന്നി. ആസന്നമായ ഭർതൃവിരഹത്തിൽ അഴലാർന്നുഴലുന്ന താമരപ്പെണ്ണുങ്ങൾ, സുമതിയെക്കണ്ടു മുഖം കുനിച്ചു.

സുമതിയുടെ ഹൃദയം സുന്ദരവിചാരങ്ങൾ കൊണ്ടു നിറഞ്ഞു. അവർ രണ്ടുപേരും കുളക്കരയിലേയ്ക്കു നടന്നു. വഴിവക്കത്തുള്ള ചെടികളിൽ പറ്റിയിരുന്നു് യാതൊരു ഭയവും കൂടാതെ സുഖമായി ഇണചേരുന്ന ചിത്രശലഭങ്ങളി

ലാണ് സുമതിയുടെ മാദകം തുളുമ്പുന്ന കണ്ണുകൾ ആ സമയത്തു കണ്ടതു്. അതുകണ്ടപ്പോൾ അവളറിയാതെ ഒന്നു നിശ്വസിച്ചുപോയി.

സുമതിയും, സരസ്വതിയും കുളക്കടവിലെ കൽപ്പടികളിൽ ചെന്നിരുന്നു. കുളത്തിലെ കുളുർമയേറിയ സ്വച്ഛജലം കണ്ടപ്പോൾ ആ ലീലാലോലകൾക്ക് ഒന്നിറങ്ങി നീന്തിയാൽക്കൊള്ളാമെന്നു തോന്നാതിരുന്നില്ല. പലകാര്യങ്ങളെപ്പറ്റിയും അവർ പരസ്പരം സംസാരിച്ചുകൊണ്ടിരുന്നു.

ഇരുത്തെട്ടത്ത പൂക്കൾ കെട്ടിയിണക്കുന്നതിൽ ജാഗരൂകയായിരിക്കുന്ന സരസ്വതി പറയുന്ന ഓരോന്നിനും സമാധാനം മൂളിക്കൊണ്ടു് വിദൂരതയിലേയ്ക്കൂന്നിയ ദൃഷ്ടികളോടെ സുമതി ഇരിയ്ക്കയാണു്. അവളുടെ ശ്രദ്ധകൾ വേറെയെന്തിനെയോ കേന്ദ്രീകരിച്ചിരിക്കയായിരുന്നു. സുമതിയുടെ കണ്ണുകൾ ആ പച്ചപ്പടർപ്പിനു പടിഞ്ഞാറുള്ള പാതയരുവിൽപ്പതിഞ്ഞു. അവളുടെ കണ്ണിനു് സാഫല്യമുണ്ടാകുന്നതുപോലെ അവൾക്കു തോന്നിത്തുടങ്ങി. അതാ പുളകാങ്കുരങ്ങൾ അവിടെ പൂവിട്ടുയരുന്നു. ആ കൊച്ചു മതിലിലിരുന്നു് സുകുമാരൻ കാററു കൊള്ളുകയാണു്. അതാണു് സുമതിയുടെ കണ്ണുകൾ ദർശിച്ചതു്. സുമതിയും സരസ്വതിയും ഉദ്യാനത്തിലുണ്ടെന്നുള്ള വിവരം അയാളറിഞ്ഞിട്ടില്ല. പതിവുപോലെ അയാൾ അവിടെത്തന്നെ വന്നിരുന്നു കാററുകൊള്ളുകയായിരുന്നു.

സുകുമാരനെക്കണ്ടപ്പോൾ സുമതിയുടെ അന്തകരണം ആകപ്പാടെ ഇളകി അവൾക്കു് അയാളുടെ സന്നിധി

യിലേയ്ക്കു പോകണം. പക്ഷെ, സരസ്വതി അതറിയാൻ പാടില്ലെന്ന അവൾക്ക് നിർബന്ധമുണ്ട്. സുമതി ഒരു സൂത്രമെടുത്തു. അവൾ പറഞ്ഞു.

"സരസ്വതിയ്ക്കു് പൂകെട്ടാൻ നല്ലവശമുണ്ട്. ഞാൻ ചെന്നു് കുറെ പൂക്കൾ കൂടി പറിച്ചുകൊണ്ടു വരട്ടെ."

സരസ്വ:—ഓഹോ! ചേച്ചിയുടെ പൂക്കൾ കെട്ടി ചേച്ചിയ്ക്കുതന്നെ തന്നേക്കാം.

സുമതി:—എന്നാൽ ഞാനിതാ വരുന്നു.

എന്നു പറഞ്ഞു സുമതി എണ്ണീറവ് പിച്ചിച്ചെടികളുടെ മറവിൽക്കൂടിനടന്നു. ഇടയ്ക്കിടയ്ക്ക സരസ്വതി തന്നെ സൂക്ഷിക്കുന്നുണ്ടോ എന്നവൾ ശ്രദ്ധമായി തിരിഞ്ഞുനോക്കുന്നുണ്ടായിരുന്നു.

പിച്ചിയുടെ മറവിൽക്കൂടി ആ പച്ചിലച്ചാർത്തിലിറങ്ങി സുമതി നേരെ സുകുമാരൻെറ അടുക്കലേയ്ക്കു നടന്നു. അവിചാരിതമായി സുമതിയെക്കണ്ടപ്പോൾ സുകുമാരനു് എന്തെന്നില്ലാത്ത സന്തോഷമുണ്ടായി. അവർ രണ്ടുപേരുമായി നടന്നു് ഒരു വള്ളിപ്പടർപ്പിനുള്ളിലെത്തി. ആ വള്ളിപ്പടർപ്പിനകത്തിരുന്നാൽ ആരും അത്രയെളുപ്പം അവരെ കാണുകയില്ല.

സുകുമാരൻെറ നെഞ്ചോടു ചേന്നു് സുമതി ഇരുന്നു. സുകുമാരൻ അവളെ തൻെറ നെഞ്ചോടു ചേത്തിരുത്തിയപ്പോൾ അവൾക്കുണ്ടായ പരമാനന്ദം പറഞ്ഞുകേൾപ്പിക്കാനസാദ്ധ്യം. കൗമാരം കഴിഞ്ഞതിനുശേഷം, ഇന്നാദ്യമായിട്ടാണു് അവൾക്കതിൻെറ അനുഭൂതിയുണ്ടാകുന്നതു്.

നാലഞ്ചു കൊല്ലങ്ങളായി അവരം കാത്തുകാത്തുകഴിയുന്ന പരമാനന്ദമാണത്ത്. അവളുടെ ശരീരം മുഴുവൻ കോരിത്തരിച്ചു. ആനന്ദാനുഭൂതികൊണ്ടു് അവർ തളർന്നു.

സുകു:—സുമതി ഇന്നിവിടെ വരുമെന്നു് ഞാൻ വിചാരിച്ചതേ ഇല്ല. നോക്കു. ദൈവംതന്നെ നമ്മെ അങ്ങോരുമിപ്പിക്കുകയാണ് അല്ലേ?

സുമതി ഒന്നും മിണ്ടിയില്ല. ആനന്ദാതിരേകംകൊണ്ടു് അവൾക്കൊന്നിനും കഴിഞ്ഞില്ല.

സുകു:—നോക്കൂ. കൊച്ചുകാററത്താടിയട്ടുത്തു് തമ്മിൽപ്പുണരുന്ന ഈ മലർവല്ലികൾ എത്ര ഭംഗിയായിരിക്കുന്നു. അതു നമ്മുടെ ബന്ധത്തെ വിളംബരം ചെയ്യുകയാണ്. അതാ നോക്കു ആ മലർനിരകളിൽ പൂന്തേൻ നുകർന്നു മദിച്ചിരിക്കുന്ന മധുപകുലങ്ങൾ, മനസ്സിനാനന്ദം നല്കുന്നില്ലേ?

സുമതി അത്ഥഗർഭമായ ഒരു നോട്ടത്തോടെ സുകുമാരന്റെ മുഖത്തുനോക്കി ഒന്നു ചിരിച്ചു.

സുകു:—ഈ വണ്ടുകളില്ലെങ്കിൽ പുഷ്പങ്ങൾക്കൊരു ശോഭയുമില്ല.

സുമതി നോക്കു, ഒരു സമയം ഒരു കളിക്കാററു വന്നു് ആ പൂമൊട്ടിനെ വിടുത്തിവയ്ക്കും. അതിന്റെ ദളങ്ങൾക്കു ശോഭ കൂട്ടും. മധുരമായ തേൻതുള്ളികൾകൊണ്ടു് അതിനെ അഭിഷേകം ചെയ്യും. പക്ഷെ അതു രുചിയുള്ളതാണെന്നറിയണമെങ്കിൽ ആ കളിക്കാററിനു സാധ്യമല്ല. ഈ ഭ്രമരം തന്നെ വേണം. അവനുടത്താലെ ആ കുസുമത്തിനു കാന്തിയുള്ളൂ.

സുമതി:—അവിടുന്നു പറഞ്ഞതു് ശരിയാണു്. പക്ഷേ, പല പൂക്കളിലെന്നല്ല, മണവും ഗുണവുമില്ലാത്ത വെറും പൂച്ചെടിപ്പൂക്കളിൽ കൂടെ ആ ഭ്രമരങ്ങൾ പറന്നു പറക്കുന്നതാണു് കഷ്ടം! ഒരു ഭ്രമരം ഒരു പൂവിൽ മാത്രമേ പറന്നണയൂ എന്നു നിശ്ചയമുണ്ടായിരുന്നെങ്കിൽ, അതു് ആ പൂവിനെന്നും ആനന്ദമായിരുന്നേനേ. അല്പസമയം ഒരു പൂവിൽ മധുവാസ്വദിച്ചശേഷം, അടുത്തു് മറെറാരു പൂവിൽ പറന്നുപറക്കുന്നതു ഒരുതരം ചതിയല്ലേ? അങ്ങനെ ഭ്രമരങ്ങൾ പോകുകയില്ലെന്നു് ഉറപ്പുണ്ടായിരുന്നെങ്കിൽ ഈ പൂക്കൾ ഭാഗ്യപൂരങ്ങൾതന്നെ.

സുമതിയുടെ ആ വാക്കുകളുടെ ആശയം സുകുമാരന്നു മനസ്സിലായി. ഇങ്ങനെ അവർ പലതും പറഞ്ഞിരുന്നു് സമയം പോയതറിഞ്ഞില്ല. ഒടുവിൽ സുകുമാരൻ പറഞ്ഞു.

സുകു:—ഞാൻ മററന്നാൾ ലണ്ടനിലേയ്ക്കു പുറപ്പെടുകയാണു്. തിരിച്ചു വരുന്നതുവരെ എന്റെ തങ്കം എനിയ്ക്കുവേണ്ടി ഒന്നിലും വേദനിക്കാതിരിക്കണം.

സുമതി:—എത്ര ശ്രമിച്ചാലും അവിടുന്നു് തിരിച്ചെത്തും വരെ എനിക്കു വേദന മാറുകയില്ല.

സുമതിയുടെ കണ്ണുകൾ നിറഞ്ഞു. അവളുടെ കണ്ണീരുകണ്ടപ്പോൾ സുകുമാരന്റെ കരൾ നീറി.

നേരം സന്ധ്യയായി. എന്നിട്ടും സുമതിയെ കാണായ്കയാൽ സരസ്വതി അമ്പരന്നു. അവളെണീററു നാലുപാടും നോക്കി കുറേനേരത്തേക്കു് സുമതിയുടെ അനക്കം

പോലും അവൾക്കു കേൾക്കാൻ കഴിഞ്ഞില്ല. ഒടുവിൽ അവൾ ആ പിച്ചിപ്പടർപ്പിനിടയിൽക്കൂടി അല്പം നടന്ന പ്പോൾ, പടർന്നുകിടന്ന വല്ലിക്കെട്ടുകൾക്കിടയിൽ സുകുമാരനും സുമതിയുമായിരിക്കുന്നതു് അവൾക്കു കാണാൻ കഴിഞ്ഞു. പറിച്ചെടുക്കാൻ ദുഷ്പ്രാപ്യമായ പൂവു് ഏതാണെന്നു് സരസ്വതിയ്ക്കിപ്പോഴാണു് മനസ്സിലായതു്. വിശേഷബുദ്ധിയുള്ള ആ പൂവിനെ പറിച്ചെടുത്തു് സ്വന്തം കൈകളിലാക്കുവാനുള്ള സുമതിയുടെ അഭിമോദത്തെ അവൾ മനസാ അഭിനന്ദിച്ചുവെങ്കിലും, സുമതിയുടെ ആ രഹസ്യങ്ങൾ സരസ്വതിയറിയുന്നതു് ഇപ്പോൾ മാത്രമാണു്. ആ സുകുമാരപുഷ്പത്തിൽ സുമതിയ്ക്കുള്ള ആകാംക്ഷ സരസ്വതി ഇതിനു മുമ്പറിഞ്ഞിട്ടില്ല. എങ്ങനെയായാലും തന്റെ ഹൃദയഗതങ്ങൾ മറച്ചുപിടിക്കുവാനുള്ള സുമതിയുടെ സൂത്രത്തെ അവൾ വിലവച്ചു.

നേരം ഏതാണ്ടു കറുത്തുതുടങ്ങിയപ്പോൾ സുമതി തിരിച്ചുവന്നു. യാതൊരു ഭാവരസങ്ങളും സ്ഫുരിപ്പിക്കാതെ സരസ്വതി ചോദിച്ചു.

സരസ്വ:—ചേച്ചി ഇത്ര താമസിച്ചതെന്തു്? പൂവുപറിച്ചില്ലേ?

സുമതി:—ഇല്ല. പറിച്ചെടുക്കാൻ പററിയില്ല.

സുമതി:—എന്നാലിപ്പോൾ നമുക്കു പോകാം. ഇനി തരം കിട്ടുമ്പോൾ അതു പറിച്ചെടുത്തു് ചേച്ചിതന്നെ ചൂടിക്കൊണ്ടാൽ മതി.

സരസ്വതി പറഞ്ഞതു് ശ്ലേഷാർത്ഥത്തിലാണെങ്കിലും. സുമതി അതത്ര ശ്രദ്ധിച്ചില്ല.

അവർ രണ്ടുപേരുമായി വീട്ടിലേയ്ക്കു നടന്നു. വഴിയിൽ, സരസ്വതി എന്തൊക്കെയോ പറഞ്ഞു. പക്ഷെ അതൊന്നുംതന്നെ സുമതി കേട്ടില്ല. "മനമങ്ങും മിഴിയിങ്ങും" എന്ന മട്ടിൽ അവരം നടക്കുകയായിരുന്നു.

---

## അദ്ധ്യായം 6

സുകുമാരൻ ലണ്ടനിലെത്തിക്കഴിഞ്ഞിട്ട് ഇന്നേയ്ക്കു ആറുമാസം തികഞ്ഞിരിക്കുന്നു. പുതുമയേറിയ പരിഷ്കാരങ്ങൾക്കൊരു പൂന്തോട്ടമായ ആ പടിഞ്ഞാറൻ പ്രദേശങ്ങൾ അയാളെ അത്യധികം ആകർഷിച്ചു. ആ പൂന്തോപ്പിലെ ഒരു പുതിയ പൂവാലൻ പക്ഷിയായി അയാളങ്ങനെ പറന്നു നടക്കുകയാണു്. എങ്കിലും പഠിത്തത്തിൽ അയാളൊട്ടും അജാഗ്രത കാണിച്ചില്ല.

കടലോരത്തുള്ള ഒരു വലിയ ഏഴ നിലഹാസ്റ്റലിലാണു് സുകുമാരൻ ബി. ഏ. താമസിച്ചു പോരുന്നതു്. തണുപ്പധികമാണെങ്കിലും, കടൽക്കാററു് യാതൊരു ലോഭവുംകൂടാതെ ലഭിക്കുമെന്നുള്ള സൗകര്യമാണു് ആ ഹാസ്റ്റലിൽത്തന്നെ താമസിക്കാൻ അയാളെ പ്രേരിപ്പിച്ചസംഗതി.

ഏകാന്തനായി തന്റെ മുറിയിലിരിക്കുമ്പോഴും, നടക്കുമ്പോഴുമെല്ലാം സുമതിയെപ്പററിയുള്ള പുതിയപുതിയ ചിന്തകളുടെ അഗാധതയിലേയ്ക്കു് അയാളുടെ ഹൃദയം

വളരെ ദൂരം മുങ്ങിയിറങ്ങും. നീണ്ടനീണ്ട നിശ്വാസങ്ങളോടെ പൊങ്ങുതടിയിൽ തൂങ്ങിപ്പിടിച്ച് അതു വീണ്ടും ഉയരുകയും. സുമതിയുടെ പ്രതിജ്ഞകളും വാക്കുകളുമെല്ലാം ഓരോന്നായി അയാൾ വീണ്ടും ഓർമ്മിക്കും.

ഇങ്ങനെ സുമതിയുടെ സുമധുരമായ അനുകാരസയകമാര്യസ്മരണകൾ കൊണ്ടു നിറഞ്ഞ ഒരു വർഷം കഴിഞ്ഞു.

സായാഹ്നവേളകളിലെല്ലാം സുകുമാരൻ ഹോസ്റ്റലിന്റെ മട്ടുപ്പാവിനു മുകളിൽ ചെന്നിരിക്കുക പതിവാണ്. വിദൂരമായ ചക്രവാളത്തിലേയ്ക്കൂന്നിയ ദൃഷ്ടികളോടെ അയാളങ്ങനെ വളരെനേരമിരിക്കും. വിശാലമായ ആ സമുദ്രത്തിൽക്കൂടി കടന്നുപോകുന്ന കപ്പലുകൾ അയാളുടെ കണ്ണിൽപ്പെടും. തണുത്ത കടൽക്കാററുതട്ടി അയാളുടെ ശരീരം പൂർവാധികം കുളിർക്കും. ആ കപ്പാടെ അതൊരു നല്ല രംഗമായിട്ട് സുകുമാരനു തോന്നി. അതു ഹോസ്റ്റലിലുള്ള മററു പല യുവതീയുവാക്കന്മാരും അവിടെ വന്നു വിശ്രമിക്കാറുണ്ട്. അതിലേറിയ കൂറും പാശ്ചാത്യരായിരിക്കും.

ഒരു ദിവസം, പതിവുപോലെ കയ്യിൽ ഒരിംഗ്ലീഷു പത്രവുമായി സുകുമാരൻ മട്ടുപ്പാവിലെത്തി. സുകുമാരൻ ഇരുന്നിരുന്ന കസേരയ്ക്കെതിരായി രണ്ടു യുവതികൾ ഇരിപ്പുണ്ടായിരുന്നു. ആ ഹോസ്റ്റലിൽ താമസിക്കുന്ന രണ്ട് യൂറോപ്യൻ വനിതകളായിരുന്നു അവർ. പടിഞ്ഞാറൻ യുവതികളുടെ കണ്ണിനു കൗതുകമരുളുന്ന വേഷവിധാന

അങ്ങോട്ടുകൂടി കയറിച്ചെന്ന സുകുമാരനെക്കണ്ടപ്പോൾ ആ പടിഞ്ഞാറൻ രീതികൾക്ക് ഒരു കണ്ണു നോക്കിപ്പോയി. സുകുമാരൻ ഇതൊന്നുമറിയാത്തമട്ടിൽ പത്രവും നിവർത്തിപ്പിടിച്ച് വായനതുടങ്ങി. ആ യുവതികളിൽ ഒരുവളുടെ നീണ്ട കണ്ണുകൾ സുകുമാരനിൽത്തന്നെ പതിഞ്ഞിരിക്കുകയായിരുന്നു. സുകുമാരനോട് ഒരു വാക്കെങ്കിലും പറഞ്ഞിട്ടേ പോകാവൂ എന്നവൾക്കൊരു മോഹം തോന്നി.

നേരം സന്ധ്യകഴിഞ്ഞു. പ്രകാശമേറിയ ആലക്തികദീപാവലികളാൽ ആ മട്ടുപ്പാവു മുഴുവൻ അപ്പൊഴും പകലായിത്തന്നെ നിന്നു.

സ്വന്തം മുറികളിലേയ്ക്കു പോകുന്നതിന് ആ യുവതികളെഴുന്നേറ്റു.

"ഇതെന്തു പത്രമാണ്?" സുകുമാരന്റെ സമീപത്തു വന്ന് അവരിലൊരുത്തി ചോദിച്ചു. ഇംഗ്ലീഷിലാണു ചോദിച്ചതെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

സുകുമാരൻ തലയുയർത്തി നോക്കി. മുമ്പിൽ നിന്നിരുന്ന ആ ഇരുപതുവയസ്സുകാരിയുടെ യൗവനമാദകത്വം സുകുമാരന് തെല്ലുകുറെക്കമുണ്ടാക്കിത്തിട്ടില്ലെന്ന് ആരറിഞ്ഞു?.

"ഇൻഡ്യൻ എക്സ്പ്രസ്സ്" ഒരു ചെറിയ മന്ദഹാസത്തോടെ അയാൾ ഉത്തരം പറഞ്ഞു.

"എവിടെയാണ് സ്വദേശം?" എലിസബെത്ത്—അതെ അതുതന്നെയാണ് അവളുടെ പേര്—വീണ്ടും ചോദിച്ചു.

"സൗത്തിൻഡ്യാ" സുകുമാരൻ മറുപടി കൊടുത്തു.

അങ്ങനെ പലതും അവർ സംസാരിച്ചതിൽനിന്നു് പൂർണ്ണവിവരങ്ങൾ രണ്ടുപേർക്കും പരസ്പരം മനസ്സിലാക്കാൻ കഴിഞ്ഞു. സുകുമാരൻെറ മുറിയ്ക്കെതിരായുള്ള 'റോയി'ലാണു് എലിസബത്തു താമസിയ്ക്കുന്നതെന്നറിഞ്ഞപ്പോൾ അയാളുടെ ഹൃദയത്തിൽ എന്തോ ഒന്നുണർന്നു. പത്രപാരായണത്തിൽനിന്നു് അയാളുടെ ശ്രദ്ധ പിന്മാറി. ആ യുവതികൾ വന്ദനം പറഞ്ഞു പോയതിനു് ശേഷവും, വളരെനേരം സുകുമാരൻ അവിടെത്തന്നെ ഇരുന്നു. അയാളുടെ ചിന്തകൾ മുഴുവൻ എലിസബത്തിൻെറ താരുണ്യം തുളുമ്പുന്ന അംഗഭംഗികളിലായിരുന്നു. സുമതിയെപ്പററിയുള്ള സുന്ദരചിന്തകൾക്കു് അതിനെ പുറം തള്ളാൻ കഴിഞ്ഞില്ല. എലിസബത്തിൻെറ യൗവനമദം അത്രയ്ക്കയാളെ മത്തു പിടിപ്പിച്ചു.

ഹോസ്റ്റലിൽ അത്താഴത്തിനുള്ള മണിയടിക്കുന്ന ശബ്ദം കേട്ടാണു് ആ ചിന്തയിൽനിന്നു് സുകുമാരൻ ഉണർന്നതു്.

ഭോജനശാലയിൽച്ചെന്നു് അത്താഴമെല്ലാം കഴിച്ചശേഷം, അയാൾ നേരേ മുറിയിലെത്തി മെത്തതട്ടി കിടപ്പു പിടിച്ചു. സുകുമാരൻ ഉറങ്ങുകയല്ലായിരുന്നു ആ സായാഹ്നത്തിൽ തൻെറ മുമ്പിൽക്കൂടി ചെറിയൊരു കളഗാനവും പാടി പറന്നുപോയ ആ പാവാടച്ചുററിയ പൈങ്കിളിയെ ധ്യാനിച്ചു ധ്യാനിച്ചു്, തിരിഞ്ഞും പിരിഞ്ഞും അയാൾ കിടക്കുകയായിരുന്നു.

ഒരു രണ്ടുമണിക്കൂർ കഴിഞ്ഞിരിക്കും; എലിസബെത്തു് സുകുമാരന്റെ മുറിയിൽ കടന്നുവന്നു. സങ്കോചത്തിന്റെ ലാഞ്ഛനപോലും അവളുടെ മുഖത്തുണ്ടായിരുന്നില്ല. സുകുമാരൻ അന്ധാളിച്ചു് പോയി. എങ്കിലും, അടുത്തു കിടന്നൊരു കസേര വലിച്ചുനീക്കി എലിസബെത്തു് അതിലിരിപ്പായി. അവൾ സുകുമാരനോടു സംസാരത്തിനൊരുങ്ങുകയാണു്. അതും ആ പാതിരാനേരത്തു്.

ഒരു യുവതിയായ എലിസബത്തിന്റെ സ്വാതന്ത്ര്യപൂർവ്വമായ ഈ പ്രവൃത്തികൾ കണ്ടപ്പോൾ, ഭാരതീയവനിതകളുടെ ലജ്ജയും ശങ്കയും കണ്ടു കണ്ടു പരിചയിച്ചുപോയ സുകുമാരനു് ഒരന്ധാളിപ്പുണ്ടായതിൽ അതിശയിക്കാനില്ല. പരപുരുഷന്മാരുടെ സന്നിധിയിലെങ്ങാനും വന്നുപോയാൽ പാതിവ്രത്യമുരുകിപ്പോകുമെന്നുള്ള ഭാരതത്തിലെ പെണ്ണുങ്ങളുടെ നിഷ്ഠമാത്രം കണ്ടും കേട്ടും ഇതുവരെ പരിചയിച്ചിട്ടുള്ള നമ്മുടെ കഥാനായകനു് എലിസബത്തിന്റെ ഈ പ്രവൃത്തികൾ ഒരു പുതുമയായിത്തോന്നി. വല്ലവരും കണ്ടാൽ തന്നെ ശങ്കിച്ചുകളയുമോ എന്നായാൾ ഭയപ്പെടാതിരുന്നില്ല. എങ്കിലും എലിസബത്തിന്റെ സാമീപ്യസുഖത്തിൽ അതെല്ലാം പ്രകാശിക്കാതെ ഉള്ളിലുറഞ്ഞുതേയുള്ളു. യൂറോപ്യൻ വനിതകളുടെ ഈ സ്വാതന്ത്ര്യം നാണം കുണുങ്ങികളായ നാടൻ പെണ്ണുങ്ങൾക്കുമുണ്ടാകണേ എന്നു് അയാളപ്പോൾ ദൈവത്തോടപേക്ഷിച്ചിരിക്കും

യുവാക്കന്മാരുടെ മുറികളിൽപ്പോലും സധൈര്യം കയറിച്ചെല്ലാൻ അറപ്പും വെറുപ്പുമില്ലാത്ത പാശ്ചാത്യസ്ത്രീജനങ്ങളുടെ ബുദ്ധി അസത്താണെന്നോ, അവർ അസ

നമാഗ്ഗികളാണെന്നോ എൻെറ വായനക്കാർ ശങ്കിയ്ക്കരു തു്. ഒരു യുവാവിൻെറ സന്നിധിയിൽ എന്തുകൊണ്ടു് കന്യായുവതിയ്ക്കു പോയിക്കൂടാ? അവൻെറ മുമ്പിൽ ചെ ല്ലാൻ അവളെന്തിനു നാണം കുണുങ്ങണം. അവൾക്കവ ളെ വിശ്വാസമുണ്ടായിരുന്നാൽ മതി. അവൾക്ക സ്വന്തം മനോനിയന്ത്രണമുണ്ടായിരുന്നാൽ മതി. അവൾക്കെപ്പൊ ഴും സ്ത്രീയായിത്തന്നെ കഴിയാം. ഒരു യുവാവിൻെറ മുമ്പിൽ സധൈര്യം കയറിച്ചെല്ലുന്ന ഒരു യുവതിയെ കടന്നു പിടിക്കാനോ, കയ്യേററം ചെയ്യാനോ അവനു ധൈര്യമുണ്ടാവില്ല. നാണിച്ചു നില്ക്കുന്നവരാണു് ഒടുവിൽ അവൻെറ കുടുക്കിൽ വീഴുന്നതു്. അല്ലെങ്കിൽ അവരെ കുടുക്കിൽ വീഴ്ത്തുന്നതു്! അതിൽ യുവാക്കന്മാർ കുററക്കാ രല്ല. പക്ഷെ, വാമാക്ഷി, കാമാക്ഷിയായി മാറാതിരി ക്കണമെന്നേയുള്ളു.

എലിസബത്തു്, പല കാര്യങ്ങളെക്കുറിച്ചു വളരെ നേരം സുകുമാരനോടു സംസാരിച്ചുകൊണ്ടിരുന്നതിനു ശേ ഷമാണു് അവളുടെ മുറിയിലേയ്ക്കു പോയതു്. എങ്കിലും അവളുടെ മദഭരമായ മോഹനരൂപം സുകുമാരൻെറ ഹൃദയത്തിൽ തങ്ങിനിന്നു. കാതോളമിറക്കി വെട്ടിവിട്ട സ്വർണ്ണവർണ്ണമായ കുറുകൻമുടിയും കടാക്ഷലോലമായ കണ്ണുകളും, നീണ്ടല്പം വളഞ്ഞ നാസികയും, രക്തം വാർന്നൊഴുകുമാവോ എന്നു തോന്നിപ്പോകുന്ന അരുണാധ രങ്ങളും, വട്ടമുഖവും, കടഞ്ഞിട്ടതുപോലിരിക്കുന്ന മുമ്പോ ട്ടുന്തിയ കുളുർകൊങ്കകളു, ഒതുങ്ങിയ അരയും, പിൻഭാഗ ത്തു് പാവാടക്കുള്ളിൽ ഒളിഞ്ഞുകിടക്കുന്ന മായാനിതംബ ങ്ങളും എന്നുവേണ്ട വെളുവെളുത്ത അവളുടെ അംഗഭംഗി

കളിലോരോന്നും അയാളെ അന്നു രാത്രിയിൽ വിഭ്രമിപ്പിക്കുകയാണു ചെയ്തതു്.

ദിവസങ്ങൾ പലതുകഴിഞ്ഞു. സുകുമാരൻെറ ഹൃദയത്തിൽപ്പതിഞ്ഞ എലിസബത്തിൻെറ പ്രതിഷ്ഠായ ക്രമേണ തെളിഞ്ഞു തുടങ്ങി. പലപ്പോഴായുണ്ടാകാറുള്ള ഈ പരിചയം ക്രമേണ സുദൃഢമായ പ്രണയബന്ധത്തിലാണു് ഒടുവിൽ ചെന്നവസാനിച്ചതു്. സുകുമാരൻെറ ഹൃദയത്തിനുള്ളിൽ എലിസബത്തിൻെറ വളർച്ച വർദ്ധിച്ചു വരുംതോറും, സുമതിയ്ക്കവിടെ ഇടമില്ലാതായി.

അന്നൊരൊഴിവുദിവസമാണു്. സുകുമാരൻ അയാളുടെ മുറിയിലിരുന്നു കൊണ്ടു്, എലിസബത്തിൻ്റെ മുറിയിലേയ്ക്കുനോക്കി. ഒരു ചാരുകസേരയിൽ നിവർന്നു കിടന്നു് അവൾ പത്രം വായിയ്ക്കുകയായിരുന്നു. അവളുടെ സ്വല്പം ചരിഞ്ഞുള്ള ആ കിടപ്പു് സുകുമാരനു് ഒരു കോരിത്തരിപ്പുണ്ടാക്കിയെന്നു പറയാതെ തരമില്ല. സംതൃപ്തനാകാതെ അയാളങ്ങനെ നിന്നിമേഷനായി നോക്കിനില്ക്കയാണു്. സാധു, കുറച്ചുനേരം അങ്ങനെ നിന്നു കൊള്ളട്ടെ.

പാശ്ചാത്യസംഗീതത്തിൽ എലിസബത്തിനു് നല്ല വാസനയുണ്ടായിരുന്നു. പണിത്തിരക്കൊന്നുമില്ലാതിരിക്കുമ്പോൾ, അവൾ കൂട്ടുകാരികളുമൊത്തു് തൻ്റെ മുറിയിലിരുന്നു പാടുക പതിവാണു്. ഒരിക്കൽ അവളുടെ ചില സഖിമാരുടെ അപേക്ഷപ്രകാരം അഥവാ നിർബന്ധപ്രകാരം അവൾ പാടുകയായിരുന്നു. ആ മധുര സംഗീതത്തിൽ ഹാസ്റ്റൽ മുഴവൻ നിശ്ശബ്ദമായി. ഹാസ്റ്റലിൻ്റെ ഉള്ളറകളിലോരോന്നിലും താളം തുള്ളി, നിശീഥിനിയുടെ

നിശ്ചലരംഗത്തിൽ ആ ഗീതം മാറ്റൊലിക്കൊണ്ടു. സുകുമാരനും കൂട്ടരും എലിസബെത്തിൻെറ പാട്ടു കേട്ടാ നന്ദിച്ചിരിക്കുകയായിരുന്നു. സംഗീത പ്രിയനായ സുകുമാരന് ആ പാട്ടൊരു പ്രത്യേകരുചിയുളവാക്കി.

എലിസബെത്ത് പാട്ടു നിറുത്തിയപ്പോൾ ആ രംഗം വീണ്ടും നിശ്ശബ്ദമായി. സുകുമാരൻെറ സംഗീതവാസനയെപ്പററി അറിയാമായിരുന്ന അയാളുടെ കൂട്ടുകാർ, നല്ലൊരു സംഗീതമേളത്തിന് അയാളെ പ്രേരിപ്പിച്ചു. പൗരസ്ത്യസാധാരണമായ ചിട്ടകളോടെ അയാളൊരു പാട്ടു പാടി.

സുകുമാരൻെറ കണ്ഠമാധുര്യം ചെവികളിൽ ഇഴഞ്ഞു കയറിക്കഴിഞ്ഞപ്പോൾ, എലിസബെത്തും കൂട്ടുകാരും അത്യന്തമാനന്ദിച്ചു. അതിലൊരക്ഷരം പോലും അവക്കു മനസ്സിലായില്ലെങ്കിലും, ആ ശബ്ദമേളങ്ങൾ അവരെ അത്യധികം ആകർഷിച്ചു. അവർ വളരെ ശ്രദ്ധയോടെ ആ പാട്ടു കേട്ടുകൊണ്ടിരുന്നു. അവരിലോരോരുത്തരും സുകുമാരൻെറ സംഗീതബോധത്തെയും, സ്വരമാധുര്യത്തെയും വേണ്ടുവോളം വാഴ്ത്തി. സുകുമാരൻെറ പാട്ടുകേട്ടപ്പോൾ സുന്ദരിയായ എലിസബെത്തിന് അടങ്ങിയിരിപ്പാൻ കഴിഞ്ഞില്ല. അവളെണീററു വാതായനത്തിൽ കൂടി നോക്കിനില്ക്കയായിരുന്നു.

അയാൾ പാട്ടു നിറുത്തിയപ്പോൾ എലിസബെത്ത് വീണ്ടുമൊരു പാട്ടാരംഭിച്ചു. അതവസാനിയ്ക്കാത്ത താമസം പകരം സുകുമാരന് മറെറാരു പാട്ടാരംഭിക്കാൻ.

ക്രമേണ ഇതൊരു പതിവായിത്തീൻു. ഇങ്ങനെയിരിക്കുമ്പോളൊരുദിവസം, ആ ഹാസ്റ്റലിലെ പുരുഷന്മാ

രെല്ലാവരും ചേർന്ന്, അവിടത്തെ സ്ത്രീകൾക്ക് ഒരു തേയില സൽക്കാരം ചെയ്യണമെന്നു നിശ്ചയിച്ചു. അതനുസരിച്ചുള്ള ഒരുക്കങ്ങളെല്ലാം മുകളിലുള്ള വലിയ മട്ടുപ്പാവിൽ ചെയ്തുകഴിഞ്ഞു. ആ സമ്മേളനത്തിൽ സുകുമാരനെയും, എലിസബത്തിനെയും കൊണ്ട് ഒരു സംഗീതമത്സരം നടത്തണമെന്നും, മത്സരത്തിൽ വിജയിയാകുന്നയാൾക്ക് ഒരു സമ്മാനം നൽകണമെന്നും അവർ നിശ്ചയിച്ചിരുന്നു. ജയിക്കുന്നയാൾക്ക് സമ്മാനദാനം ചെയ്യേണ്ടത് തോൽക്കുന്നയാൾ തന്നെ ആയിരിക്കണമെന്നായിരുന്നു അവരുടെ തീരുമാനം.

അങ്ങനെ, ചായസൽക്കാരത്തിനു ശേഷം, ആ സഖാക്കളുടെ നിർബന്ധമനുസരിച്ച് അവർ രണ്ടുപേരും സംഗീതമത്സരമാരംഭിച്ചു. ഏതാണ്ട് മൂന്നു മണിക്കൂറോളം നീണ്ടുനിന്ന ആ പന്തയത്തിൽ സുകുമാരൻ തന്നെയാണ് ഒടുവിൽ വിജയിയായത്. പക്ഷെ അയാളുടെ പേരിൽ എലിസബത്തിന് അസൂയയോ, വെറുപ്പോ ഉണ്ടായില്ല. എങ്കിലും നിശ്ചയപ്രകാരം, സുകുമാരനു സമ്മാനദാനം ചെയ്യാൻ എലിസബത്ത് പ്രേരിതയായിത്തീർന്നു. വിജയസമ്മാനമായി നിശ്ചയിച്ചിരുന്ന ആ "സ്വർണ്ണമെഡൽ" എടുത്ത് എലിസബത്ത് സുകുമാരന്റെ നേക്ക് നീട്ടി. എന്നാൽ അതു സ്വീകരിക്കാൻ അയാൾക്കല്പം അറപ്പുതോന്നി. സുപരിചിതരല്ലാത്ത പെൺകുട്ടികളുടെ കയ്യിൽ നിന്നും എന്തെങ്കിലും സ്വീകരിക്കുന്നതു് ഒരു മഹാപരാധവും; മററുള്ളവരുടെ കണ്ണിൽ മായാത്തൊരു തെററിദ്ധാരണയുളവാക്കുന്നതുമാണെന്നു് വ്യാഖ്യാനിച്ചുപോരുന്ന പൗരസ്ത്യാചാരത്തിലുള്ള പരി

ചായക്കൂടുതൽ കൊണ്ടാണു് അയാൾക്കങ്ങനെ തോന്നിയതു്. സുകുമാരന്റെ കണ്ണുകൾ കൂട്ടുകാരിൽപ്പതിഞ്ഞു. എന്നാൽ അപരിചിതരായ സ്ത്രീപുരുഷന്മാരായാലും, നിതിപ്പരമായ അവരുടെ പെരുമാറ്റങ്ങൾ ഒരപരാധമല്ലെന്നു് സമ്മതിക്കാൻ—അതിനുമുമ്പിൽ സംശയദൃഷ്ടികൾ വാരിവിതറാതിരിക്കാൻ—തക്കവണ്ണം പരിഷ്കൃതഹൃദയം സിദ്ധിച്ചിട്ടുള്ള ആ പാശ്ചാത്യസ്നേഹിതന്മാൎക്കു് സുകുമാരന്റെ ഈ പ്രവൃത്തി ഒരത്ഭുതമാണുണ്ടാക്കിയതു്. വിജയിയായിട്ടും സമ്മാനം വാങ്ങാൻ മടിക്കുന്നതിന്റെ കാരണമെന്താണെന്നു് അവർ അയാളോടു ചോദിച്ചു. മുരടിച്ച മാമൂലുകൾ തന്നെ കെട്ടിവരിയുന്ന സംഗതികളെല്ലാം സുകുമാരൻ വിസ്തരിച്ചു കേൾപ്പിച്ചു. അപ്പോൾ അൎത്ഥശൂന്യങ്ങളായ ആ പഴയ ആചാരങ്ങളെ ഒരു പൊട്ടിച്ചിരികൊണ്ടു് അവർ അപലപിക്കുകയാണുണ്ടായതു്. ഒടുവിൽ ആ മാമൂലുകളുടെ ദുർബലങ്ങളായ മുള്ളുവേലികളെ പൊട്ടിച്ചു പുറത്തിറങ്ങാൻ തന്നെ സുകുമാരൻ തീർച്ചയാക്കി. സ്വന്തമായ ചില കാര്യസാദ്ധ്യങ്ങളുടെ നിലനില്പിനു വേണ്ടി ചില നരച്ച തലകൾ കെട്ടിവിട്ടതാണു് ആ മുള്ളുവേലികളെന്നു് സുകുമാരനു പൂൎണ്ണബോധ്യമുണ്ടായതാണു് അതിനു കാരണം. അറിവുള്ളവൎക്കറിയാം, അതൊരപരാധമല്ലെന്നു്! മനുഷ്യന്റെ, മാനുഷികമായ ജന്മാവകാശങ്ങൾക്കും ആനന്ദങ്ങൾക്കും അവനെ അവകാശിയാക്കാൻ അനുവദിക്കാതെ, ഇടുങ്ങിയ ചില ഇരുട്ടു മാൎഗ്ഗങ്ങളിൽക്കൂടി അവന്റെ സ്വാതന്ത്ര്യഗതിയെ ചെറുത്തുവിട്ടു്, മനുഷ്യനെ ഒരു കമ്മളീരുവായി മാറ്റിവരുന്ന നമ്മുടെ ആ

പഴഞ്ചൻ പ്രമാണങ്ങളെ തകർത്തില്ലെങ്കിൽ, ഇനിയുള്ള നമ്മുടെ തലമുറകൾ വെറും ഭീരുക്കളായിപ്പോകും. നമുക്കവേണ്ടിയല്ലെങ്കിൽ നമ്മുടെ തലമുറ സന്താനങ്ങളുടെ ഭാവിയെ വിചാരിച്ചെങ്കിലും, അവയെ കാണുന്നിടത്തു വച്ചു് കശാപ്പു ചെയ്യേണ്ട കാലം ആസന്നമായിരിക്കുന്നു. “പഴമക്കാർ പറഞ്ഞ മഹദ്വാക്യങ്ങളാണു് അവയെന്നു വിചാരിക്കുന്നവരായിട്ടു് ആരെങ്കിലും ഇനിയുമുണ്ടെങ്കിൽ, അവരെ ഞാൻ “മറയ”ന്മാരെന്നു വിളിക്കും. പരിഷ്കാരത്തിന്റെ പ്രകാശം തട്ടിയിട്ടില്ലാത്ത തനി യാഥാസ്ഥികന്മാർ അവരാണു്. നമ്മുടെ ലൗകികവും ആത്മീയവുമായ സമ്മേളനങ്ങളുടെ നടുവിൽ ഉറവാളിറക്കുന്ന ആ “അനാചാരദുർദ്ദേവതകളെ” കർമ്മാകർമ്മവിവേചനം സിദ്ധിച്ച നാം ഇനിയും വച്ചാരാധിക്കണം അല്ലേ? തലച്ചോറുള്ള വായനക്കാർ ആലോചിച്ചുത്തരം പറയട്ടെ.

കൂട്ടുകാരുടെ ആ പൊട്ടിച്ചിരികളുടെ അർത്ഥം സുകുമാരന്നു മനസ്സിലായി. അയാളൊന്നു മന്ദഹാസിച്ചു. താൻ അതുവരെയും ആദരിച്ചുപോന്ന ആ അടിയുറപ്പില്ലാത്ത അന്ധവിശ്വാസങ്ങളുടെ നേർക്കുള്ള ഒരു പല്ലിളിപ്പായിരുന്നു അതു്. സുകുമാരൻ സധൈര്യം കൈ നീട്ടി. എലിസമ്പത്തിന്റെ നീട്ടിയ കരങ്ങൾക്കു ഹസ്തദാനം ചെയ്യുവാൻ അയാളശേഷം മടിച്ചില്ല. മനുഷ്യനെ മറയനാക്കുന്ന പഴയ പൗരസ്ത്യാചാരങ്ങളുടെ നേർക്കുള്ള ഒരു വെല്ലുവിളിയായിരുന്നു അതെന്നുള്ളതിനു സംശയമില്ല. എലിസമ്പത്തിന്റെ കരസ്പർശം കിട്ടിയമാത്രയിൽത്തന്നെ ആയിരമായിരം രോമാഞ്ചങ്ങൾ അയാളെ പുണർന്നു കഴിഞ്ഞു.

സൽക്കാരകാര്യങ്ങളെല്ലാം കഴിഞ്ഞു് ഓരോരുത്തരും അവരവരുടെ മുറികളിലേയ്ക്കുപോയി. സുകുമാരന്റെ സംഗീതചാതുര്യത്തെപ്പററി അവരെല്ലാം അതിശയിച്ചു വാഴ്ത്തി. അതിൻെറ മധുരശ്രുതി എലിസബത്തിൻെറ ഹൃദയത്തിൽ മറേറതോ ഒരുതരം രസവുമൊത്തു് തങ്ങി നിന്നു. അന്നത്തെ ദിവസം തൻെറ ജീവിതത്തിൽ ഒരു പുതിയ രംഗം സൃഷ്ടിച്ചതായിട്ടാണു് അവർക്കു തോന്നി യതു്. ആ സംഗീതമത്സരം അങ്ങനെ സുകുമാരൻെറയും എലിസബത്തിൻെറയും പ്രണയതഴപ്പിനു് വളംവച്ചു.

അന്നുരാത്രി സുകുമാരനും, എലിസബത്തിനും ഉറക്കംവന്നില്ല. അർദ്ധരാത്രി കഴിഞ്ഞിട്ടില്ലെന്നു തോന്നുന്നു, സുകുമാരനെണീററു് ജനാലയിൽക്കൂടി എലിസബത്തി ൻെറ മുറിയിലേക്കു നോക്കി. അപ്പോഴും അവളുടെ മുറി യിൽ വിളക്കു പ്രകാശിച്ചുകൊണ്ടുതന്നെയിരുന്നു. അവളും ജനാലയിൽക്കൂടി തൻെറ മുറിയിലേക്കു നോക്കിനില്ക്കു ന്നതായിട്ടാണു് സുകുമാരൻ കണ്ടതു്. സുകുമാരൻെറ ഹൃദയത്തിനുള്ളിൽ ഒരു ചെറിയ ശബ്ദം മാറൊറാലി കൊള്ളുമ്പോലെ അയാൾക്കു തോന്നി. അയാൾ തന്റെ മുറിയിലെ വിളക്കിൻെറ ബട്ടണിട്ടു. അതിൻെറ പ്രകാശ പ്രഭ എലിസബത്തിൻെറ ഹൃദയത്തിലാണു് കൂടുതൽ പ്രതിഫലിച്ചതു്. സുകുമാരനും, എലിസബത്തും അങ്ങ നെ വളരെനേരം മുഖത്തോടുമുഖം നോക്കിനിന്നു. മൗന ഭാഷയിൽ രണ്ടുപേരും ചിലതെല്ലാം അന്യോന്യം സം സാരിക്കുകയായിരുന്നു. നീണ്ടുനീണ്ട നിശ്വാസങ്ങളിൽ അവർ ഹൃദയസന്ദേശങ്ങൾ കൈമാറി.

വിളക്കണെച്ച് സുകുമാരൻ വീണ്ടും കട്ടിലിൽ നിവ ൎന്നുകിടന്നു. തിരിഞ്ഞുംപിരിഞ്ഞും കിടന്ന് വളരെനേരം ശ്രമിച്ചുനോക്കി. എന്നിട്ടും അയാൾക്കുറക്കംവരുന്നില്ല. കണ്ണടച്ചാൽ കാണുന്നതു് എലിസബെത്തിൻെറ മാദക മയമായ രൂപസൌന്ദൎയ്യമായിരിക്കും. അങ്ങനെ മൃദുലവി ചാരങ്ങളുടെ മടിത്തട്ടിൽ ഒരു കളിപ്പാവപോലെ അയാൾ കിടക്കുകയാണ്. ഏതാണ്ടിതിനെക്കാൾ അല്പം കൂടി പരു ങ്ങലിലായിരുന്നു എലിസബത്തിൻെറ അവസ്ഥയും.

---

## അദ്ധ്യായം 7

ഗോവിന്ദൻെറ മൂത്തസഹോദരനായി കൊച്ചുകൃഷ്ണൻ എന്നൊരു വ്യക്തിയെ ഒന്നാം അദ്ധ്യായത്തിൽ വച്ചു് പരിചയിച്ചിട്ടുള്ള കഥ വായനക്കാർ വിസ്മരിച്ചുകാണുക യില്ലല്ലോ. സുകുമാരൻെറ മൂത്ത മാതുലനായ അദ്ദേഹ ത്തിൻെറ ഏകസന്താനമാണ് സുദേശിനി തൻെറ ഇരു പത്തഞ്ചു സംവത്സരകാലത്തെ, ദാമ്പത്യബന്ധത്തിൻെറ ഫലമാണ് ആ മകൾ. ആകൃതിയിൽ സുദേശിനി അല്പം ഭേദമാണ്. പക്ഷേ മാനസികമായി ചില ചില്ലറ ചാപല്യങ്ങൾ അവൾക്കുണ്ടു്. എന്നുവച്ചാൽ, വികാര ങ്ങളുമായുള്ള വടം പിടിത്തമല്ല. സ്ത്രീ സഹജമായ കുസൃ തികളുടെ ചില പൊടിക്കൈകൾ. ഇരുപതേ ആയിട്ടുള്ളു അവൾക്കു പ്രായം. എങ്കിലും ഒരിരുപത്തിയഞ്ചിൻെറ മതിപ്പുതോന്നും അവളെക്കണ്ടാൽ. കൊച്ചുകൃഷ്ണൻെറ വാത്സല്യമത്രയും ഊററിക്കുടിച്ചു് തടിച്ചു് പതവച്ച ഒരു

പുത്തനിറക്കാരി. പലരും അവൾക്ക സംബന്ധത്തിന്ന് വളരെ മുമ്പുതന്നെ—അതായത്ത് അവൾക്ക പ്രായംതികയുന്നതിന്ന മുമ്പുതന്നെ—വന്നിട്ടുണ്ട്. പക്ഷേ, അപ്പോഴൊന്നും കൊച്ചുകൃഷ്ണൻ സമ്മതിച്ചില്ല. പ്രായമാകട്ടെ എന്നു പറഞ്ഞ് അതൊക്കെ മാററിവച്ചു. കാലങ്ങൾ പിന്നെയും കടന്ന്, അവളുടെ അംഗങ്ങളിലെല്ലാം താണ്ണം കണങ്ങൾ വന്നു നിറഞ്ഞപ്പോൾ പിന്നെ സംബന്ധക്കാരുടെ ബഹളം തന്നെയായിരുന്നു. ആ വിവാഹാലോചനകളൊന്നും കൊച്ചുകൃഷ്ണന പിടിച്ചില്ല. സക്കാരശമ്പളക്കാരന മാത്രമേ സുദേശിനിയെ കൊടുക്കുകയുള്ളുവെന്നായിരുന്നു മൂപ്പരുടെ ശാഢ്യം. ആ ചിന്തയുറച്ചു കഴിഞ്ഞിട്ട് ഇപ്പോൾ രണ്ടു വർഷങ്ങൾക്കുമേലായിരിക്കുന്നു. ആയിടയ്ക്കാണ് സുകുമാരൻ ലണ്ടനിലേയ്ക്കു പോയത്ത്. അത്ത് കൊച്ചുകൃഷ്ണൻെറ ആശയഗതിയെ ഒന്നിളക്കിയുറപ്പിച്ചു. സുകുമാരൻ പരീക്ഷയിൽ ജയിച്ചു വരുമെന്നും, വന്നാലുടൻ വളരെ ശമ്പളം വാങ്ങാവുന്ന ഒരു വലിയ ഉദ്യോഗം കിട്ടുമെന്നും കൊച്ചുകൃഷ്ണൻ നല്ലതുപോലെ മനസ്സിലാക്കിയിരുന്നു. അതിനാൽ, സുകുമാരനെക്കൊണ്ട് സുദേശിനിക്ക മുണ്ടുകൊടുപ്പിക്കണമെന്ന് അയാൾ നിശ്ചയിച്ചിരിക്കയാണിപ്പോൾ. ഇപ്പോഴത്തെ യുവാക്കന്മാർ പഠിത്തം പൂർത്തിയാക്കുന്ന കാലഘട്ടത്തിനിടയിൽ, ഭാവിയിലെ ഉപയോഗത്തിന്ന് ഒരു ഭാര്യയെ തെരഞ്ഞെടുക്കാനുള്ള പ്രണയപരിശീലനം കൂടി നടത്താറുണ്ടെന്ന രഹസ്യസംഗതി അഥവാ വാസ്തവസംഗതി മനസ്സിലാക്കിയിട്ടില്ലാത്ത, ആ സാധു അതിൻവേണ്ടി കാത്തുകാത്തിരിക്ക

യാണു്. രണ്ടുമൂന്നുതവണ ഈക്കാര്യം അയാൾ ഭാര്യയോടും പറഞ്ഞിട്ടുണ്ടു്. സുകുമാരന്റെ "പട്ടമഹിഷി"യായി സുദേശിനി സുഖിക്കുന്ന രംഗങ്ങളെല്ലാം കണ്ടുകണ്ടു് ആ സാധു കഴിയുകയാണു്.

പിതാവിന്റെ ഈ ആഗ്രഹം സുദേശിനിയുടെ അമ്മ പറഞ്ഞതാണു് അവളറിഞ്ഞതു്. അതു കേട്ടതു മുതൽ അവൾക്കും അതിലൊരു കൊതിതന്നെ. അന്നുതൊട്ടിന്നുവരെ അവൾ സുകുമാരനെ ധ്യാനിച്ചുധ്യാനിച്ചിരിക്കുകയാണു്. ഇരുന്നിരുന്നു് വയസ്സും ഇരുപതു തികഞ്ഞു. ഇങ്ങനെ ഇരിക്കുമ്പോഴാണു് സുകുമാരനും സുമതിയും തമ്മിലുള്ള പ്രണയകഥ സുദേശിനിക്കറിവുകിട്ടിയതു്. അയാൾ അവൾക്കു വാക്കുകൊടുത്തതെന്നോ, സത്യപ്രതിജ്ഞ കൊടുത്തതെന്നോ ഒക്കെ അവൾ കേട്ടു. നമ്മുടെ പെണ്ണുങ്ങൾക്കൊരു സ്വഭാവമുണ്ടു്. നാട്ടിൽ നടക്കുന്ന സംഗതികൾ മുഴുവൻ ഒന്നിനു പത്തായി പറഞ്ഞു പരത്തുന്ന ആ ഹൃദ്യകല. മലയാളഭാഷയിൽ അതിനു് "ഏഷണി"യെന്നോ മറേറാ പേരുപറയും. അക്കൂട്ടരുടെ നാക്കിന്റെ കമ്പിയില്ലാക്കമ്പി വഴിയാണു് സുദേശിനിക്കു് ഇതൊക്കെ അറിയാൻ കഴിഞ്ഞതു്. സുമതിക്കു് സുകുമാരനോടുള്ള പ്രേമം വളരുകയാണെങ്കിൽ അതു് തന്റെ അച്ഛന്റെ ആശയ്ക്കു്, ഒരു തടവായിത്തീരുമെന്നു് അവൾ നേരത്തെ കണ്ടു. അതിനാൽ സുകുമാരൻ സുമതിയെ വിവാഹം കഴിച്ചുകൊള്ളാമെന്നു് അവളോടേററു പറഞ്ഞിട്ടുണ്ടെങ്കിൽ, അവരുടെ ഹൃദയബന്ധങ്ങളെ ഏതു വിധത്തിലെങ്കിലും ഭിന്നിപ്പിച്ചു കളയണമെന്നൊരു ദുർവാശി.

സുദേശിനിയുടെ ഹൃദയത്തിൽ ഇഴഞ്ഞുകയറി. അവളുടെ കരളിൽ കറപിടിപ്പിച്ച ആ ഉദ്ദേശം ഒടുവിലൊരു തന്ത്രം കണ്ടുപിടിച്ചു. സുമതിയുടെമേൽ കളവായി ചില സ്വഭാവദൂഷ്യങ്ങളാരോപിച്ച് സുകുമാരന് ഒരെഴുത്തയക്കണമെന്നായിരുന്നു അവളുടെ ചുഴിഞ്ഞ ബുദ്ധിയിൽ നിഴലിച്ച ആ തന്ത്രം.

ഈ നിശ്ചയം കഴിഞ്ഞതിൻെറ രണ്ടാംമാസത്തിൽ സുകുമാരന് സുദേശിനിയുടെ ഒരെഴുത്തുകിട്ടി. അതിലിങ്ങനെ എഴുതിയിരുന്നു.

പ്രിയപ്പെട്ട ചേട്ടാ!

ഉപരിപഠനാർത്ഥം വിദേശവാസംചെയ്യുന്ന എൻെറ ചേട്ടന് ഞാൻ സൌഭാഗ്യങ്ങളും നേരുന്നു. ചേട്ടനെന്നാണോ ഞാൻ സംബോധനചെയ്യേണ്ടതെന്നുള്ള സംശയം എനിക്കും ഇല്ലാതില്ല. എങ്കിലും അടുത്ത എഴുത്തിൽ അച്ഛൻ പറഞ്ഞപ്രകാരമുള്ള ഒരു സംബോധനതന്നെ ഞാനുപയോഗിച്ചുകൊള്ളാം. തൽക്കാലം എൻെറ അച്ഛൻെറ ശേഷക്കാരനായ അങ്ങയെ ചേട്ടനെന്നു വിളിച്ചുപോയതിൽ ക്ഷമിക്കണം.

വീട്ടുകാര്യങ്ങളെപ്പററി കഴിഞ്ഞ വാരത്തിൽ അച്ഛൻ ചേട്ടനെഴുത്തയച്ചിട്ടുണ്ടെങ്കിലും, കുഞ്ഞമ്മാവൻെറ മകളായ സുമതിയെപ്പററി ചിലതു പറയാനുള്ളതു് അറിയിക്കാനാണ് ഞാനീ എഴുത്തെഴുതുന്നതു്.

സുമതിയ്ക്കു ചേട്ടനയച്ചിരുന്ന എഴുത്തുകളെല്ലാം അവളിന്നാളൊരിക്കൽ എന്നെ കാണിച്ചു. ചേട്ടൻെറ ആ കത്തെഴുത്തു കണ്ടപ്പോൾ എനിക്കെന്തൊരാവേശമാ...

ങ്ങളായതെന്നു് എടുത്തുപറയേണ്ടതില്ലല്ലോ. പക്ഷെ, എനിക്കൊരുകാൎയ്യത്തിലാണു വിഷമം. അതായതു് ചേട്ടൻ എഴുതിയിരുന്നതൊന്നും അവളനുസരിക്കാതിരിക്കുന്നതിലാണു്. ഞാൻ നല്ലതുപോലെ ഉപദേശിച്ചുനോക്കി. അവളിപ്പോൾ പണ്ടത്തെ സുമതിയല്ല. ലണ്ടനിൽ താമസിയ്ക്കുന്ന ചേട്ടൻ ഏതെങ്കിലും മദാമ്മമാരെ സ്നേഹിച്ചു കാണുമെന്നും, അതുകൊണ്ടു് അവളിനി ചേട്ടന്റെ വാക്കു് കേൾക്കാൻ നിശ്ചയിച്ചിട്ടില്ലെന്നുമാണു് അവളിപ്പോൾ എന്നോടുപറഞ്ഞതു്. പെണ്ണുങ്ങൾക്കിത്ര ധിക്കാരം കൊള്ളാമോ ചേട്ടാ! അതിനു തക്കതായകാൎയ്യവുമുണ്ടു്. ഞാനതെങ്ങനെ ചേട്ടനെ അറിയിക്കും. എങ്കിലും എനിയ്ക്കറിയിക്കാതിരിക്കാൻ നിൎവ്വാഹമില്ലല്ലോ. അതുകൊണ്ടെഴുതിപ്പോകുന്നതാണു്. ലണ്ടനിൽ നിന്നു വന്നു് വലിയൊരാളാവാൻപോകുന്ന ചേട്ടനു് ഒരു കുറവു വന്നാൽ അതിന്റെ ദണ്ഡം എനിയ്ക്കാണെന്നു് ഞാൻ പറയാതെതന്നെ ചേട്ടനറിയാമല്ലോ?

ഈയിടെ ഞാനും, സുമതിയുംകൂടി കോവിലിൽ പോകുമ്പോൾ, ചേട്ടനുമറിയുമായിരിക്കും. ചുരുണ്ട മുടിയുള്ള ആ വെള്ളപ്പൻ സുമതിയെ അടുത്തു വിളിച്ചു് എന്തൊക്കെയോ 'കുശുകുശാ' പറഞ്ഞു. അവന്റെ മുമ്പെ നിന്നു് ഒന്നു കുഴഞ്ഞുംകൊണ്ടു് സുമതി തിരിയെ വന്നപ്പോൾ, ഇതൊന്നും ശരിയല്ലെന്നു് ഞാനവളോടു പറഞ്ഞു. പക്ഷെ അവളതൊന്നും വകവച്ചില്ല. ഞാനതു് ചേട്ടനെ അറിയിക്കുമെന്നു വീണ്ടും പറഞ്ഞപ്പോൾ, ചേട്ടനെന്റെ ആരണു്; [illegible]എന്നെ "മിഴുക്കി"ക്കളയുമോ എന്നും മററുമായിരു

ന്നു അവർ പറഞ്ഞ ധികാരങ്ങൾ. എനിയ്ക്കതു കേട്ടിട്ടു് ഒട്ടും സഹിച്ചില്ല. ചേട്ടനെ 'വല്ലവരും' വല്ലതും പറഞ്ഞാൽ അതു കേട്ടുകൊണ്ടു നിൽക്കാൻ ചേട്ടനുവേണ്ടി ജീവിക്കുന്ന എനിയ്ക്കു കഴിയുമോ? ഇത്രയും മാത്രമല്ല പറഞ്ഞതു്. അതൊക്കെ ഞാനെങ്ങനെ ചേട്ടനു് തുറന്നെഴുതും. നമ്മൾ ഭാര്യാഭർത്താക്കന്മാരായെങ്കിൽ പിന്നെയും പറയാമായിരുന്നു. പക്ഷെ, നമുക്കഭിമാനമല്ലേ വലുതു്. റോഡിൽ കിടന്നു് വഴക്കു കൂടേണ്ടെന്നു വച്ചു് ഞാനങ്ങു ക്ഷമിച്ചു. ഞങ്ങൾ കോവിലിൽ നിന്നും തിരിയെ വന്നപ്പോൾ ആ സാമ്പിൾ മീശക്കാരൻ ചേച്ചിയോടു ചേന്നു് സംസാരിച്ചുകൊണ്ടു വന്നു. എനിയ്ക്കുതന്നെ നാണമായിപ്പോയി. ഞാനങ്ങു മുമ്പേ നടന്നു കളഞ്ഞു. കുറച്ചിലാവുമല്ലേ ചേട്ടാ! ആണുങ്ങളുമായി സംസാരിച്ചു് അങ്ങനെ സാവേരിമട്ടിൽ റോഡ്ഡേ നടക്കാൻ? ആ മനുഷ്യൻ സുമതിയെ കല്യാണം കഴിച്ചോളാമെന്നു് പറഞ്ഞിട്ടുണ്ടുപോലും! അയാൾ ആളു ചെറുപ്പമാണു്. കണ്ടാലും കൊള്ളാം. പത്തിരുന്നൂറു രൂപ ശമ്പളമുണ്ടെന്നൊക്കെ പറയുന്നു. അതാണു് അവൾക്കത്രെ പ്രിയം. അയാൾ മാത്രമല്ലെന്നാണു് ഇവിടെയുള്ള സംസാരം. നാലു പേരു പറയുന്നതല്ലേ എനിയ്ക്കറിയാനൊക്കു. എന്തിനും ഈയിടെ സുമതിയെ ആരെങ്കിലും തട്ടിക്കൊണ്ടുപോകും. അതാണു് അവൾക്കിത്ര ഗള്ളു്. ചേട്ടന്റെ കാര്യങ്ങളെപ്പററി പറയുമ്പോൾ അവൾക്കൊരു നിസ്സാരംപോലെ എന്തൊരാണു്, ചേട്ടൻ അവിടെ നിന്നു തിരിച്ചുവരുമ്പോൾ കൊല്ലാനും കൊല്ലാതിരിക്കാനും രണ്ടുകയ്യും നിറച്ചധികാരമുള്ള [illegible]

ഉദ്യോഗസ്ഥനാണെന്നറിയാതെ ആ "ഠംച്ചവം" പറയുന്നതു് ചേട്ടൻ കൂട്ടാക്കേണ്ട. എന്തൊക്കെയായാലും എനിയ്ക്കു് ചേട്ടനെ വലിയ ബഹുമാനമാണേ! എൻെറ ജീവിതം തന്നെ ചേട്ടനല്ലതാവമ്പംപിന്നെ ഞാനെങ്ങനെയാണു് ചേട്ടനെ ബഹുമാനിക്കാതിരിക്കുക? നമ്മളുടെ 'മുറ' നോക്കിയാൽത്തന്നെ എനിക്കു ചേട്ടനെ ബഹുമാനിക്കാതിരിക്കാനോ, മറക്കാനോ ഒക്കുമോ?

ഇനി ഒരു കാര്യംകൂടി പറയാനുണ്ടു്. ചേട്ടനു് വളരെ ഇഷ്ടമുള്ള ഒരു കാര്യമാണതു്. ഇന്നലെയോ, മിനഞ്ഞാന്നോ ആണു്, അമ്മാവനും അച്ഛനുംകൂടി ഒരാലോചന നടന്നു. അതു് നമ്മെപ്പററിത്തന്നെ. എന്നെ......, അല്ലെങ്കിൽ ഞാനതു പറയില്ല. ചേട്ടൻ തന്നെ അതെന്തെന്നു് കണ്ടുപിടിക്കണം. തലപുകഞ്ഞു് ചിന്തിച്ചു് മനസ്സിലാക്കിക്കൊള്ളണം. അമ്മാവനു് അതു വലിയ ഇഷ്ടമായി. അമ്മാവി എൻെറ മുഖത്തു നോക്കി. ഒന്നു ചിരിച്ചപ്പോഴാണു് എനിക്കു കാര്യം മനസ്സിലായതു്. ചേട്ടൻ വന്നാലുടനെ അതു നടക്കും. അല്ലെങ്കിലും നമ്മളെന്നായാലും ഒന്നല്ലേ ചേട്ടാ. പക്ഷെ ഒരു കാര്യം. പിന്നീടു് ഞാൻ ചേട്ടനെന്നു വിളിയ്ക്കുയില്ല. പിന്നീടു് ചേട്ടൻ എന്നെ 'സുമേ'ന്നു വിളിച്ചാലേ ഞാൻ വിളികേൾക്കുള്ളു. ചേട്ടനോടു് എനിക്കുള്ള സ്നേഹം!, അയ്യോ, അതു പറയാൻ എനിയ്ക്കുസാധ്യം. അതൊക്കെ ഇനിയും വിസ്തരിച്ചെഴുതാൻ എനിക്കു നാണമാവുന്നു. ബാക്കിയെല്ലാം ചേട്ടൻ ചിന്തിച്ചു കൊണ്ടാൽ മതി. ഉടനേ എൻെറ പേക്കു് മറുപടി ഇട്ടില്ലെങ്കിൽ, ചേട്ടനിവി

ടെ വരുമ്പോൾ ഞാൻ രണ്ടുദിവസം മുഴുവൻ ചേട്ടനോടു മിണ്ടുകയില്ല."

എന്നു,

സ്വന്തം സുദേശിനി

എടുത്തു വായിച്ചു തീർന്നപ്പോൾ, സുകുമാരനു് സുമതിയുടെപേരിൽ കുറഞ്ഞു വന്ന സ്നേഹം വീണ്ടും കുറഞ്ഞു. അവളെ അയാൾ വാസ്തവത്തിൽ അവിശ്വസിക്കുകയാണുണ്ടായതു്. സുദേശിനിയ്ക്കു ഇങ്ങനെയൊരു കള്ളയെഴുത്തെഴുതേണ്ട അവശ്യമില്ലെന്നു തീർച്ചപ്പെടുത്തിയ അയാളുടെ ഹൃദയം ഒടുവിൽ സുമതിയെ വെറുക്കുകതന്നെ ചെയ്തു. പക്ഷെ, സുദേശിനിയിൽ അയാൾക്കു് യാതൊരു സ്നേഹവും തോന്നിയില്ല. എലിസബെത്തുമായുള്ള പ്രണയത്തിന്റെ രുചിപിടിച്ചിരുന്നതാണു് ഇതിനെല്ലാം കാരണം. അവളുടെ കടഞ്ഞെടുത്തതുപോലുള്ള. ആ കൃശശരീരം അത്രയ്ക്കു അയാളെ മത്തുപിടിച്ചിട്ടുണ്ടായിരുന്നു. സുദേശിനിയുടെ പഞ്ചാരവാക്കുകളിൽ സുകുമാരന്റെ ഹൃദയം അശേഷമലിഞ്ഞില്ല. പിറേറദിവസം അയാൾ രണ്ടെഴുത്തെഴുതി, ഒന്നു് സുമതിയ്ക്കും, മററൊന്നു് സുദേശിനിയ്ക്കും അയച്ചു.

നാലഞ്ചുവാരം കഴിഞ്ഞപ്പോൾ സുദേശിനിയ്ക്കൊരെഴുത്തുവന്നു: അവൾ ആർത്തിയോടെ പൊട്ടിച്ചിങ്ങനെ വായിച്ചു.

"സുദേശിനിയ്ക്കു്,

നിന്റെ എഴുത്തു വായിച്ചുതീർത്തു. പക്ഷെ, നിങ്ങൾ രണ്ടുപേരെയും വിവാഹം കഴിക്കണമെന്നു് ഞാനാഗ്രഹി

ക്കുന്നില്ല എന്റെ വിവാഹകാര്യത്തെപ്പററി. വിധിയെഴു തേണ്ട അവകാശം അച്ഛനമ്മമാക്ക് മാത്രമുള്ളതല്ല. എന്റെ സമ്മതമാണ് അവിടെ പൂൎണ്ണമായും വേണ്ടതെന്ന് ഇനിയെങ്കിലും മനസ്സിലാക്കുക. എന്നെക്കരുതി ആരും തന്നെ ജീവിതം പാഴാക്കിക്കളയേണ്ട ആവശ്യമില്ല.

ഇത്രമാത്രമാണ് നിന്റെ ആ കത്തിന് എനിയ്ക്കു തല്ക്കാലം മറുപടിയായി പറയാനുള്ളത്.

എന്ന്,

കെ. സുകുമാരൻ

എഴുത്തു വായിച്ചു തീൎന്നപ്പോൾ സുദേശിനി ഞെട്ടിപ്പോയി. തന്റെ ഉദ്ദേശങ്ങളെല്ലാം തകൎന്നു പോയെന്ന് അവൾ നിശ്ചയിച്ചു. താൻചെയ്ത കപടതയുടെ ഫലമാണിതെന്ന് മനസ്സാക്ഷി അവളെ പഠിപ്പിച്ചിരിക്കും. ഹൃദയത്തിൽ, തീപ്പൊരി വീഴും പോലെ അവൾക്കു തോന്നി. ഏതായാലും സുകുമാരനുവേണ്ടി കുറച്ചുകാലം കൂടി കാത്തിരിക്കാൻ തന്നെ അവൾ ഒടുവിലുറച്ചു.

——:o:——

# അദ്ധ്യായം 8

അന്നൊരു ഞായറാഴ്ചയായിരുന്നു. സരസ്വതി സുമതിയെക്കാണാൻ ചെന്നു. സുമതിയുടെ ശരീരം വളരെ ക്ഷീണിച്ചിരിക്കുന്നതു കണ്ടപ്പോൾ സരസ്വതി വല്ലാതെ വേദനിച്ചു. എങ്കിലും അന്നും അവർ പതിവുപോലെ ആ ഉദ്യാനത്തിൽപ്പോയി. സരസ്വതി പലകാര്യങ്ങളെപ്പറ്റിയും സംസാരിച്ചു. പക്ഷെ അതിലൊന്നിലും സുമതിയ്ക്കു ഒരു രസവും തോന്നുന്നില്ലെന്നു് സരസ്വതിയ്ക്കു മനസ്സിലായി. അവൾക്കെപ്പൊഴും ചിന്തതന്നെ. ഹൃദയം കൊണ്ടു് സുമതി അപ്പൊഴും കരയുകയായിരുന്നു. പരിശുദ്ധരാഗിണികളായ സ്ത്രീമണികൾക്കു് പ്രിയതമവിരഹം അത്രയ്ക്കു കഠിനമാണു്. അവളുടെ ക്ഷീണസ്ഥിതിയുടെ കാരണം സരസ്വതി നേരത്തേതന്നെ കണ്ടറിഞ്ഞിട്ടുള്ളതാണു്. തന്റെ ആത്മസഖിയുടെ ആ വേദനയിൽ അവൾ നിഷ്ഫലമായി സഹതപിക്കുകയായിരുന്നു! അടക്കാൻ കഴിയാതെ പൂകെട്ടുന്നതിനിടയിൽ അവൾ ചോദിച്ചുപോയി.

സരസ്വതി:—ചേച്ചി എന്താണിങ്ങനെ ക്ഷീണിക്കുന്നതു്?

സുമതിയ്ക്കതിനു് യാതൊരു സമാധാനവും പറയുവാനില്ലായിരുന്നു. ആ ചോദ്യം കേട്ടു് അവളൊന്നു നടുങ്ങി. അവളെന്തുത്തരം പറയാനാണു്? അങ്ങനെയൊരു ചോദ്യം സരസ്വതിയിൽനിന്നു് അവൾ പ്രതീക്ഷിച്ചതേയില്ല. അവളിങ്ങനെ ഒരുവിധം പറഞ്ഞൊതുക്കി.

സുമതി:—എനിക്കു് നല്ല സുഖമില്ല.

ആ സുഖമില്ലായ്മയുടെ അടിത്തട്ടു് മനസ്സിലാക്കി ക്കൊണ്ടു് സരസ്വതി ചോദിച്ചു.

സരസ്വതി:—ഞാനൊരു കാര്യം ചോദിച്ചാൽ ചേച്ചി സത്യം പറയുമോ?

സുമതി:—എനിക്കറിവുള്ളതാണെങ്കിൽ പറയുന്ന തിൽ എന്താണെനിക്കു വിരോധം?

സരസ്വതി:—സുകുമാരൻചേട്ടൻ ലണ്ടനിൽ പോ കുന്നതിനുമുമ്പു് ചേച്ചിയോടു് എന്തെങ്കിലും പറഞ്ഞി ട്ടുണ്ടോ?

ആഴമേറിയ ആ ചോദ്യം എത്ര പൂർവ്വസ്മരണകളം അവളിലങ്കുരിപ്പിച്ചിരിക്കയില്ല. ഒരു നിശ്വാസത്തോടെ സുമതി പറഞ്ഞു.

സുമതി:—എന്തോ ചിലതൊക്കെ പറഞ്ഞെന്നു തോന്നുന്നു.

സരസ്വ:—പറഞ്ഞിട്ടുള്ളതെന്താണെന്നു് പറയുന്ന തിൽ മടിയുണ്ടോ?

സുമതി:—ഇല്ല. പക്ഷെ അതെല്ലാം എനിക്കി പ്പോൾ നല്ല ഓർമ്മയില്ല.

സരസ്വ:—യാതൊന്നും ഓർമ്മയില്ലേ?

സുമതി:—ചിലതൊക്കെ കാണുമെന്നു തോന്നുന്നു. അതും നിശ്ചയമില്ല.

സരസ്വ:—ഏതായാലും അതൊന്നു പറയണം. എങ്കിലെ ഞാനിതു പറയൂ?

സുമതി:—അതു് മറെറാന്നുമല്ല. മറെറല്ലാവരോടും എന്നപോലെ ലണ്ടനിൽ പോകുന്ന കാര്യം എന്നോടും പറഞ്ഞു.

സരസ്വ:—അതല്ല. വേറൊരുകാര്യം ഞാനറിഞ്ഞു.

ഇതുകേട്ടപ്പോൾ സുമതി ഞെട്ടിപ്പോയി. എങ്കിലും ജിജ്ഞാസയുടെ അടിയിളക്കത്തോടെ അവൾ സരസ്വതിയുടെ ചിബുകത്തിൽ പിടിച്ചു് സ്നേഹപൂർവ്വം, അതെന്താണെന്നു ചോദിച്ചു. പക്ഷെ സരസ്വതി അതു പറയാൻ ഒരുങ്ങിയില്ല. സുദേശിനി അവളോടു പറഞ്ഞതു് വാസ്തവമോ അവാസ്തവമൊ എന്നുള്ള സംശയംകൊണ്ടാണു് സരസ്വതി അതു പറയാൻ മടിച്ചതു്. ഒടുവിൽ സുമതിയുടെ സ്നേഹപൂർവ്വമായ നിർബ്ബന്ധംകൊണ്ടു് അവൾ ചോദിച്ചു.

സരസ്വ:—സത്യമാണോ എന്നറിഞ്ഞില്ല. എങ്കിലും ഞാനറിഞ്ഞതു് പറയാം, ചേച്ചി ദുഃഖിക്കുകയില്ലേ?

സുമതി:—ഇല്ല. തീർത്തുപറയൂ.

സരസ്വ:—ഞാനിന്നലെ സുദേശിനിയുടെ വീട്ടിൽ പോയിരുന്നു. അവൾക്കു് സുകുമാരൻചേട്ടൻ ഒരെഴുത്തയച്ചിരുന്നുവെന്നും, ചേട്ടൻ സുമതിചേച്ചിയെ സ്നേഹിച്ചിട്ടില്ലെന്നും, സുദേശിനിയെ വിവാഹംകഴിക്കാൻതന്നെയാണു് തീർച്ചപ്പെടുത്തിയിരിക്കുന്നതെന്നും മററും എന്നോടു പറഞ്ഞു.

ഇതു കേട്ടമാത്രയിൽത്തന്നെ സുമതി ഒന്നേങ്ങിപ്പോയി. സാരിത്തുമ്പെടുത്തു് അവൾ കണ്ണുതുടയ്ക്കുന്നതു് സരസ്വതി കണ്ടു. സരസ്വതി തുടർന്നുപറഞ്ഞു. "ചേച്ചി! നമുക്കിതു വിശ്വസിക്കാൻ പാടില്ല. സുദേശിനി നുണപറയുന്ന കൂട്ടത്തിലാണു്."

ഏങ്ങലോടെ സുമതി ചോദിച്ചു.

സുമതി:—സരസ്വതി എഴുത്തുകണ്ടോ?

സരസ്വ:—ചേട്ടനയച്ചതാണെന്നുംപറഞ്ഞു് ഒരെഴുത്തുകാണിച്ചു. പക്ഷേ അതു നിവർത്തിക്കാണിക്കാൻ അവർ വിസമ്മതിച്ചു. അതാണു് എനിക്കു സംശയം. ഇതൊരു വഞ്ചനയാണെന്നു്. അല്ലെങ്കിൽ അവർക്കതു എന്നെ നിവർത്തിക്കാണിക്കാനിത്ര മടിയെന്തു്?

പിന്നീടു് സുമതി ഒരക്ഷരം ചോദിച്ചില്ല. അവർക്കതിനുള്ള ശക്തിയില്ലായിരുന്നു. ആ ഇരിപ്പിലിരുന്നു് ആകാശത്തേയ്ക്കു നോക്കി അവളൊന്നു നിശ്വസിക്കുക മാത്രം ചെയ്തു! സുകുമാരൻ അങ്ങനെ ഒരിക്കലും സ്വദേശിനിക്കു് എഴുതുകയില്ലെന്നു് അവർ ദൃഢമായി വിശ്വസിച്ചു. എങ്കിലും തന്റെ പ്രണയകഥയ്ക്കു വിപരീതമായ ഏതോ ചില ദുർബോധനകൾ ജനിച്ചിട്ടുണ്ടെന്നു് അവർ മനസ്സിലാക്കി.

പൂന്തോട്ടത്തിൽനിന്നു മടങ്ങിവന്നപ്പോൾ സുമതിയുടെ മുഖം വാടിയിരിക്കുന്നതു് അവളുടെ അമ്മയുംകണ്ടു. ഉള്ളാണി ഊരിപ്പോയ തേരിന്റെ ചക്രംപോലെ അവളുടെ ഹൃദയം ഉരുളുകയായിരുന്നു.

ഈ സംഭവങ്ങളെല്ലാം നടന്നതിന്റെ അഞ്ചാംപക്കം സുമതിയ്ക്കു് ഒരെഴുത്തുകിട്ടി. കൈപ്പട കണ്ടതിൽ അതു് സുകുമാരന്റെ എഴുത്തുതന്നെന്നു് അവർ നിശ്ചയിച്ചു. ആ എഴുത്തു കണ്ടപ്പോൾ അവളുടെ ക്ഷീണങ്ങളെല്ലാം തൽക്കാലം അവളെവിട്ടകന്നു. ചില പൂർവ്വസ്മരണകളുടെ മണിയറകളിൽക്കൂടിഅല്പനേരത്തേയ്ക്കു അവർ മത്സരിച്ചോടി. പക്ഷെ എഴുത്തുവായിച്ചതിന്നപ്പോഴെയ്ക്കു്

ചെന്താമരപോലെ ശോഭിച്ചിരുന്ന അവളുടെവദനത്തിൽ, വെൺതാമരയുടെ ഭാവം നിറഞ്ഞു. ശരീരം പിറച്ചു. ത്വച ചുറവുന്നതായി അവൾക്കു തോന്നി. ഹൃദയം പൊട്ടി ത്തെറിച്ചു തകരുന്നതായിട്ട് അവൾക്കനുഭവപ്പെട്ടു. മരണ ദേവതയുടെ മാരണനാടകം തൻെറ മുമ്പിൽ ഭീകരനൃത്തം തുള്ളുന്നതു് അവൾക്കപ്പോൾ കാണാമായിരുന്നു. ഒരു ഭ്രാന്തിയെപ്പോലെ അവളൊന്നു പല്ലിളിച്ചു. അനന്തര ജീവിതത്തോടുള്ള ഒരു പല്ലിളിപ്പായിരുന്നു അതു്. കയറും ജലവും മററും അവളുടെ ആ കണ്ണുകളിൽ പ്രത്യക്ഷപ്പെട്ടു.

ആ എഴുത്തിലെഴുതിയിരുന്നതു് ഇത്രയുമാണു്.

"സുമതിയ്ക്കു്.

നിൻെറ അന്തർനാടകങ്ങളെല്ലാം ഞാനറിഞ്ഞു. പക്ഷെ അടവു പിഴച്ച നിൻെറ ആ അഭിനയങ്ങൾക്കു് ഇനിയെന്നെ ആകർഷിക്കാൻ കഴികയില്ല നാം തമ്മി ലുള്ള ബന്ധം ഇനിമേൽ തുടൎന്നുകൊണ്ടുപോകണമെന്നു് ഞാൻ വിചാരിക്കുന്നില്ല എന്നെ കാത്തിരിക്കാതെ നിന ക്കിനി നിൻെറ വഴി നോക്കാം.

എന്നു്,

സുകുമാരൻ.

ആത്മാൎത്ഥതയിൽ നിന്നു് നോക്കിലും വാക്കിലും അണുപോലും വ്യതിചലിക്കാത്ത ഒരു കാമുകി ഈ എഴു ത്തെങ്ങനെ സഹിയ്ക്കും. ആത്മഹത്യയ്ക്കു് അപ്പോഴവൾ ഒരുങ്ങിയെങ്കിൽ, അതു് ദുസ്സഹമായ ഹൃദയഭേദനത്തിൽ നിന്നായിരിക്കും!......ഇങ്ങനെയൊക്കെയായിരുന്നു സുമ തിയുടെ അവസ്ഥയെങ്കിലും, അറിവില്ലായ്മയുടെ ...

സങ്ങൾക്കു് ഹൃദയം അവളെ പ്രേരിപ്പിച്ചില്ല. പഠിപ്പു കൊണ്ടു് പരിഷ്കാരം സിദ്ധിച്ച അവളുടെ ബുദ്ധി അല്പം കൂടി ക്ഷമിച്ചിരിക്കാൻ അവളെ ഉപദേശിച്ചു. അങ്ങനെ സുകുമാരൻ തിരിച്ചു വരുന്നതുവരെ കാത്തിരിക്കാൻ തന്നെ അവൾ നിശ്ചയിച്ചു. കണ്ണീരും കയ്യുമായി സുമതി കഴിഞ്ഞു തുടങ്ങിയിട്ടു് മാസം ഒന്നു രണ്ടു കഴിഞ്ഞു. ഇപ്പോൾ അവൾക്കു് സുകുമാരൻ എഴുത്തുകളയക്കാറില്ല. എങ്കിലും അവൾ അവനുവേണ്ടി ജീവിക്കുകയാണു്. ഒരു രണ്ടു നാലു മാസത്തിനുമുമ്പുണ്ടായിരുന്ന ദേഹക്കൊഴുപ്പൊന്നും ഇന്നു സുമതിക്കില്ല. ഉണങ്ങിച്ചുടച്ചു് ഒരസ്ഥിമാത്രമായിക്കഴികയാണു് ഇന്നവൾ. ആരെയും ആകർഷിക്കുന്ന അവളുടെ മുഖം ഇപ്പോൾ വിളറിവരണ്ടു് മെലിഞ്ഞുപോയി. കവിളുകൾ കുഴിഞ്ഞു താണു് നിറമേതാണ്ടു കറുപ്പായിട്ടുണ്ടു്. തല പിന്നിക്കെട്ടിയൊരുക്കാനോ, വിശേഷവസ്ത്രങ്ങളണിഞ്ഞു് ഒരുങ്ങി നടക്കാനോ, ഒന്നിനും അവൾക്കിന്നു ഭ്രമമില്ല. അവൾക്കിന്നു പാട്ടില്ല. പൊട്ടിച്ചിരിയില്ല. വീണയും വിലാസഗാനങ്ങളുമെല്ലാം നിറുത്തിവച്ചു് അവളിന്നു് ഹൃദയാലാപവുമായി കഴിയുകയാണു്. ഹൃദയവീണയുടെ ആ ചിന്താതന്തികൾ മുറുകിക്കേറുമ്പോൾ, കരച്ചിലുകളാണു് ഇന്നവളുടെ ഗാനങ്ങൾക്കു ശ്രുതിയിടുന്നതു്. അവളിപ്പോൾ പട്ടുസാരിയുടുക്കാറില്ല. എന്നല്ല, ഒന്നിലും അവൾക്കിന്നു് രുചിയില്ല. പാവം, സുകുമാരനുവേണ്ടി അവളെല്ലാം ത്യജിച്ചു് ചിന്തയുമായി കഴിയുകയാണു്.

സുകുമാരന്റെ ആ ഒരെഴുത്താണു് അവളെ ഈ കോലമാക്കിയതു്. അതിലെ വാചകങ്ങളുടെ ഫലനം

മൂന്നാഴ്ചക്കാലത്തേയ്ക്കു അവളെ കട്ടിലിൽനിന്നിളകാതെയാക്കി. ആത്മാർത്ഥതയുള്ള ഒരു സ്ത്രീയല്ലേ? ഹൃദയം ഒരാളിലൂന്നിയിറങ്ങിപ്പോയാൽ, അവളെങ്ങനെ ഒഴിഞ്ഞുമാറും!!?

സുമതി ദിനംപ്രതി ചടച്ചുവരുന്നതിൻെറ കാരണം അവളുടെ മാതാപിതാക്കന്മാർ അന്വേഷിച്ചുതുടങ്ങി. പക്ഷെ, മനോവേദനയ്ക്കു മരുന്നുണ്ടോ?

ഇക്കാലത്താണു് സുമതിക്കൊരു വിവാഹാലോചന വന്നതു്. നല്ലൊരു യുവാവു്. കലാശാലാബിരുദകാരനാണു്. ഉദ്യോഗവുമുണ്ടു്. ഗോവിന്ദനും, ഭാര്യയും ആ വിവാഹം നന്നേ പിടിച്ചു. മകളുടെ അഭിപ്രായം ചിന്തിക്കാതെ അവർ രണ്ടുപേരും വാക്കുംകൊടുത്തു. തൻെറ വീട്ടിനുള്ളിൽ നടന്ന ഈ അന്തർന്നാടകങ്ങളൊന്നുംതന്നെ സുമതി അറിഞ്ഞില്ല.

മാസം പിന്നെയും രണ്ടുകഴിഞ്ഞു. വിവാഹച്ചടങ്ങുകൾക്കിനി രണ്ടുനാലു നാളുകൾകൂടി കടന്നാൽ മതിയെന്ന മട്ടായി.

ഇന്നുനാളെയെന്നു് മുഹൂർത്തവുമടുത്തു. മുററത്തൊരു നെടുംപുര നിവർന്നുവന്നു. അപ്പൊഴാണു് സുമതിയ്ക്കൊരു സംശയമുണ്ടായതു്, അതെന്തിനായിരിക്കുമെന്നു്. അവളുടെ ജിജ്ഞാസകൾ, മാതൃസന്നിധിയിൽ ഒരു ചോദ്യചിഹ്നവുമായി നിരന്നു വാസ്തവമറിഞ്ഞ ആ മാതാവു് അവളോടു സംഗതികളെല്ലാം വിസ്തരിച്ചു പറഞ്ഞു. "നാളെ എൻ്റെ മകളൊരു ഭാര്യയാകും" ആ മാതാവു് പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞ ആ ആനന്ദവാക്കുകൾ, അഗ്നിപർവതം പൊട്ടി

ത്തെറിയ്ക്കുംപോലെ സുമതിയുടെ ചെവികളെ ഭേദിച്ചു. ആ വരണം, മരണത്തിലേയ്ക്കു തന്നെ മാടി വിളിക്കുന്നതു പോലെ അവർ ഒന്നു നടുങ്ങി. തീപ്പൊരി ചിതറുന്ന ദൃഷ്ടികളോടെ അവളാനെടുംപുരയിലേയ്ക്കു ഒന്നു തിരിഞ്ഞു നോക്കി. തന്നെ ഗ്രസിക്കുവാൻ വായുംതുറന്നു നിൽക്കുന്ന ഒരു കരാളസപ്പംപോലെയാണ് അവർക്കതുതോന്നിയതു്. ഹൃദയത്തിൻെറ ചിലഭാഗങ്ങൾ എരിഞ്ഞുതകരുംപോലെ അവളൊന്നു നിശ്വസിച്ചു. "നാളെ ഈ സമയം എന്റെ മകൾ ഭത്താവിൻെറ വീട്ടിലായിരിക്കും" ആനന്ദത്തോടെയെങ്കിലും അല്പം പരിഭവംകലൻ ഭാഷയിൽ അവളുടെ മാതാവു വീണ്ടും പറഞ്ഞു. ആ കാര്യം വീണ്ടും കേൾക്കാൻ സുമതി ശക്തയായില്ല. അവൾ വിമ്മി വിമ്മിക്കരഞ്ഞു. അന്ധാളിപ്പോടെ ആ മാതാവു് അവളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചുകൊണ്ടു പറഞ്ഞു

"കല്യാണദിവസത്തിന് എൻെറ മകൾ പൊട്ടിച്ചിരിക്കണം."

സുമതിയുടെ ഹൃദയം തകരുന്ന, ആത്തി അവളെ ഭ്രാന്തെടുപ്പിച്ചു. പൈശാചികമായ ഒരു പല്ലിളിപ്പോടെ അവളുറക്കെപ്പറഞ്ഞു.

"അതേ ഞാൻ പൊട്ടിച്ചിരിക്കുമായിരുന്നു. അമ്മയു മല്പുരമായി ഒരു തീക്കണ്ഡം കൂട്ടി അതിലെന്നെ പിടിച്ചിട്ടിരുന്നുവെങ്കിലും ഞാൻ പൊട്ടിച്ചിരിക്കുമായിരുന്നു. പക്ഷെ പൂമാലകൊണ്ടു് വരിഞ്ഞുകെട്ടി നിങ്ങളെന്നെ പ്രേതലോകത്തേയ്ക്കു വലിച്ചെറിയുന്നു. സന്താനങ്ങളുടെ സുഖങ്ങൾക്കു ബദ്ധപ്പെടുന്ന മാതാപിതാക്കന്മാർ അവ

രുടെ അഭിപ്രായങ്ങളും കൂടെ അറിയേണ്ടതാണെന്നു് എന്റെ അച്ഛനമ്മമാർ പഠിക്കാത്തതു് അത്ഭുതമായിപ്പോയി. എനിക്കു വളരെപ്പറഞ്ഞിട്ടു മനസ്സിലാക്കാമെന്നുണ്ടു്. പക്ഷേ എനിയ്ക്കതിനു് ഇപ്പോൾ ശക്തിയില്ല. ഏതായാലും നിങ്ങളെന്നെ രഹസ്യമായി ചതിച്ചുകഴിഞ്ഞു. ഉം. നടക്കട്ടെ........

സുമതി പിന്നീടവിടെ നിന്നില്ല. സങ്കടത്തേക്കാൾ വൈരാഗ്യമാണു് അവൾക്കു മുന്നിട്ടു നിന്നതു്. സുമതിയുടെ അമ്മ സ്തംഭിച്ചുപോയി. സംബന്ധകാര്യങ്ങൾ പ്രമാണിച്ചു് അവിടെ വന്നിരുന്ന സരസ്വതിയും മററു ബന്ധുജനങ്ങളും മററും 'കശപിശ'യുടെ കാര്യമറിയാൻ അകത്തളത്തേയ്ക്കോടി വന്നപ്പോൾ സുമതി അവളുടെ മുറിയിലെത്തിക്കഴിഞ്ഞിരുന്നു. സ്തംഭിച്ചിരിക്കുന്ന ആ അർദ്ധവൃദ്ധയെയാണു് അവർ കണ്ടതു്. കാര്യം ചോദിച്ചതിൽ 'ഒന്നുമില്ലെന്നു്' ഒററ വാക്കുകൊണ്ടു് അവർ രഹസ്യം മറച്ചുപിടിച്ചു.

ഏതോ തക്ക കാര്യമുണ്ടായിട്ടുണ്ടെന്നു സരസ്വതി സംശയിക്കാതിരുന്നില്ല. അവൾ നേരെ സുമതിയുടെ മുറിയിൽപ്പോയി. കതകുകൾ ഭദ്രമായി ബന്ധിച്ചു് സുമതി കട്ടിലിൽ കമഴ്ന്നുകിടന്നു് ഏങ്ങിയേങ്ങിക്കരയുകയായിരുന്നു. സരസ്വതി കതകിനു തട്ടി വിളിച്ചു. വളരെനേരത്തേയ്ക്കു് സുമതി കതകു തുറന്നില്ല. സരസ്വതിയുടെ തുടർന്നുള്ള വിളികൊണ്ടു് സുമതി ഒരുവിധം എണീററു് കതകുതുറന്നു. അവൾ വീണ്ടും കട്ടിലിൽച്ചെന്നു കമഴ്ന്നു കിടന്നു. സരസ്വതിയുടെ പരിശ്രമങ്ങൾക്കു് സുമതിയെ

എന്തിററിയത്താനോ, അവളുടെ കണ്ണുനീരുകളെ തടഞ്ഞുനിറുത്താനോ കഴിഞ്ഞില്ല. സരസ്വതിയുടെ ചോദ്യങ്ങൾക്ക ഏങ്ങിക്കരഞ്ഞതല്ലാതെ സുമതി ഒരക്ഷരം മറുപടി പറഞ്ഞില്ല. സരസ്വതിക്ക് പരിഭ്രമവും, ഖേദവും വർദ്ധിച്ചു. ഒടുവിലവൾ വളരെ പണിപ്പെട്ട് സുമതിയെ ഒരുവിധം സമാശ്വസിപ്പിച്ച് കാര്യം ചോദിച്ചു. അവളൊന്നും മിണ്ടിയില്ല. അവളുടെ വേദനകൾ മററുള്ളവരോടു പറഞ്ഞുകേൾപ്പിച്ച്, പോംവഴിയുണ്ടാക്കണമെന്ന് അവൾക്കിപ്പോൾ അശേഷം ആഗ്രഹമുണ്ടായില്ല. അല്പനേരത്തിനുമുമ്പ് അവളുടെ ഹൃദയത്തിലുറച്ചുകേറിയ ആ വാശി അതിനവളെ അനുവദിച്ചില്ല. അവളുടെ ദുഃഖാവസ്ഥ മാററുന്നതിന് അതിനെക്കാൾ മെച്ചമായ മറെറാരു വഴി അവൾ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. അതിനാണ് അവളിപ്പോൾ ശ്രമിക്കുന്നതു്. തകർന്നുതെറിച്ച അവളുടെ ഹൃദയം കണ്ടെത്തിക്കഴിഞ്ഞ ആ നിശ്ചയമാണ്, സരസ്വതിയുടെ ചോദ്യങ്ങൾക്കുത്തരം പറയാതിരിക്കാൻ അവൾക്ക പ്രചോദനം നൽകിയതു്.

ഇനി ഒരു ദിവസമേയുള്ളു സുമതിയുടെ കഴുത്തിൽ പൂമാല വീഴുവാൻ. ഓരോ നിമിഷം കഴിയുംതോറും, അവൾക്ക വാശിയും, തന്റെ ഉദ്ദേശത്തിന്റെ നേരേ ധൈര്യവും കൂടിത്തുടങ്ങി.

സുകുമാരനെയല്ലാതെ വിവാഹം കഴിയ്ക്കുകയില്ലെന്നാണ് അവളുടെ പ്രതിജ്ഞ. പക്ഷേ അവളുടെ മാതാപിതാക്കന്മാർ അവൾക്ക കണ്ടുപിടിച്ച വരൻ മറെറാ

രാളു്. ഈ അവസ്ഥയിൽ അസ്വാതന്ത്ര്യമായ ഒരു സ്ത്രീയുടെ കഴിവുകൾ എന്തു ചെയ്യാനാണു്. വിവരങ്ങൾ സുകുമാരനെ അറിയിക്കാനോ, അതനുസരിച്ചു വേണ്ടതു ചെയ്യുവാനോ അവളിപ്പോൾ ശക്തയല്ല. അത്രയ്ക്കകലെയാണു് സുകുമാരനിരിക്കുന്നതു്. അഥവാ അതിനു കഴിഞ്ഞാൽത്തന്നെ, മാതാപിതാക്കന്മാർ അവൾക്കു നിശ്ചയിച്ചുകഴിഞ്ഞിരിക്കുന്ന ആ വിവാഹമുഹൂർത്തംപോലും ഇത്രയ്ക്കടുത്തുകഴിഞ്ഞ ഈ സമയത്തു് അവൾക്കെന്തുചെയ്യാനൊക്കും. പുരയും ഒരുക്കങ്ങളുമെല്ലാം തയാറായിക്കഴിഞ്ഞിരിക്കുന്നു. അല്ലെങ്കിൽത്തന്നെ, സുമതി അവളുടെ ഇംഗിതം പറഞ്ഞാൽപ്പോലും, സുകുമാരന്റെ പിതാവുമായി ബദ്ധവിരോധത്തിൽ കഴിയുന്ന ഗോവിന്ദൻ അതു കൈക്കൊള്ളുകില്ലെന്നും സുമതിക്കറിയാം. ഈ അവസ്ഥയിൽ അവളുടെ പ്രതിജ്ഞ നിറവേറുന്നതിനു് ഒറ്റമാർഗ്ഗമേയുള്ളു. അതുതന്നെ അവൾ നിശ്ചയിച്ചിട്ടുള്ളതും. ആ നിശ്ചയം എന്തായിരിക്കുമോ ആവോ? നമുക്കു വഴിയേ കണ്ടറിയാം.

# അദ്ധ്യായം 9.

വിവാഹദിവസമായി. രാത്രിയിലാണു് മംഗല്യമുഹൂൎത്തം നിശ്ചയിക്കപ്പെട്ടിരുന്നതു്. ഒരുക്കങ്ങളെല്ലാം പൊടിപൂരമായി നടക്കുകയാണു്. ഒന്നിനും ഒരു കുറവും വരുത്തരുതെന്നും, ലോഭംകൂടാതെ വേണ്ടതു് വേണ്ടതുപോലെ ചിലവിട്ടുകൊള്ളണമെന്നും ഗോവിന്ദൻ ഓരോരുത്തരോടും പ്രത്യേകം ശട്ടംകെട്ടിയിരുന്നു. തറവാട്ടുകാരണവരായിരുന്നു് സമ്പാദ്യത്തോടെ പെൻഷൻപററിപ്പിരിഞ്ഞ ഈ വന്തക്കാട്ടുകുടുംബനാഥന്റെ ഏകപുത്രിയുടെ വിവാഹമല്ലേ? അതിന്റെ ആർഭാടങ്ങൾ പിന്നെപ്പറയാനുണ്ടോ? പോരെങ്കിൽ, തന്റെ മകളുടെ വിവാഹം, നാട്ടാരുടെ മനസ്സിൽ എന്നും ഓൎമ്മനില്ക്കത്തക്കവണ്ണം അത്ര അധികരിച്ചതോതിൽ കൊണ്ടാടണമെന്നു് ഗോവിന്ദനു് പ്രത്യേക നിശ്ചയമുണ്ടായിരുന്നു.

വിവിധമായ അലങ്കാരസാമഗ്രികളാൽ സമഞ്ജസമാക്കിയിരുന്ന ആ നെടുനെടുങ്കൻ കല്യാണപ്പന്തലിനു മാത്രം അയ്യായിരം ഉറുപ്പികയോളം ചിലവുണ്ടായി പോലും! എന്റെ വായനക്കാർ കണ്ടിട്ടുള്ള ഏററവും മനോഹരവും വലുതുമായ കല്യാണപ്പന്തൽ ഇപ്പോൾ ഓൎക്കുന്നുണ്ടെങ്കിൽ, അതു്, നമ്മുടെ ഈ പന്തലിനെ അപേക്ഷിച്ചു് വളരെ വളരെ വലിപ്പവും വിലാസവും കുറഞ്ഞതാണെന്നേ എനിക്കു പറയാനുള്ളു. വിലയേറിയ മഞ്ഞപ്പട്ടുകൊണ്ടു് ചുററപ്പെട്ട ആ തൂണുകളിൽ അലങ്കാ

രിച്ചിരിക്കുന്ന പൂമാലകൾ മാത്രം പെറുക്കിയെടുത്താൽ, എത്രതാണ്ടു് ഹിമാലയത്തെക്കാൾ ഒട്ടും കുറവല്ലാത്ത ഒരു വലിയ 'പൂവുമല'യുണ്ടാക്കാൻ കഴിയുമെന്നു ഞാൻ പറയുന്നതു് അതിശയോക്തിയുടെ ഒരു പൊടിക്കയ്യോ ആണെന്നു് നിങ്ങളാരും തെററിദ്ധരിച്ചുപോകരുതു്. കലാപരമായി കെട്ടിവിതാനിച്ചിട്ടുള്ള പട്ടുമേലാപ്പിൽ അടുത്തടുത്തൊട്ടിച്ചിട്ടുള്ള വർണ്ണക്കടലാസുകളുടെ തെളിച്ചത്തെ തിളക്കുന്ന വൈദ്യുതദീപങ്ങൾക്കു് കയ്യും കണക്കുമില്ല. വരിവരിയായി കെട്ടിത്തൂക്കിയിരിക്കുന്ന കട്ടിമാലകൾ, കാമദേവൻെറ കലാമഹിമയുടെ അനുമോദനഹാരങ്ങളായി അങ്ങനെ പരിലസിക്കുകയാണു്. വിശാലമായ ആ പന്തലിനുള്ളിൽ എങ്ങും പരന്നു പൊന്തുന്ന വാസനാവിശേഷങ്ങൾ ആരുടെ ഹൃദയത്തേയും അല്പമിളക്കും. കലാനൈപുണ്യം; ഉടലേന്തിനില്ക്കുന്ന പലപല വലിയ ചിത്രങ്ങളും, നിലക്കണ്ണാടികളും കൊണ്ടു് ആ പുര, മന്മഥൻെറ മണിയറയുടെ മഹിമയെ ആവിഷ്കരിക്കുന്നുണ്ടു്. അവിടെ തങ്ങിനില്ക്കുന്ന അന്തരീക്ഷം മുഴുവൻ മനോജ്ഞഗീതങ്ങളിൽ മാറെറാലിക്കൊള്ളുകയാണു്. ഒരിടത്തു് ഗാനമാണെങ്കിൽ, മറെറാരിടത്തു് പീനസ്തനികളായ വിലാസലോലകളുടെ മനംമയക്കുന്ന നടനമാണു്. ഇനിയൊരിടത്തു്. നാദസ്വരത്തിൻെറ നാദവിസ്താരമാണു് കേൾക്കുന്നതു്. ചുരുക്കിപ്പറഞ്ഞാൽ കാണാനും കേൾക്കാനുമുള്ള സകലവിധ സമാഡംബരങ്ങളുടേയും ഒരു സമ്മേളനശാലയാണു് ആ കല്യാണപ്പന്തലെന്നു പറയാം.

ആ ദേശത്തുള്ള കടവയറന്മാരായ കുബേരന്മാർ മുതൽ, കഞ്ഞൂകട്ടിപരാധീനക്കാരായ കുറഞ്ഞ തരക്കാർ

വരെയുള്ള സകലമാനജനങ്ങളും ആ വിവാഹത്തിനു ക്ഷണിയ്ക്കപ്പെട്ടിട്ടുണ്ടു്. പലതരക്കാരും, പലപ്രായക്കാരുമായി ആണിലും പെണ്ണിലും അനവധിയാളുകൾ അവിടെക്കൂടീട്ടുണ്ടു്. അങ്ങോട്ടു മിങ്ങോട്ടും പലരും വന്നും പോയുമിരിക്കയാണു്. വീശറിയുമായി ഒരുത്തൻ അങ്ങോട്ടോടുന്നു. വെററിലച്ചെല്ലവുമായി മറെറാരുത്തൻ ഇങ്ങോട്ടോടുന്നു. നിരത്തിയടുക്കിയിട്ടുള്ള കസേരകളിൽ ചാരിക്കിടന്നു് വീശുന്നവരൊരുകൂട്ടം, വെററില ചവച്ചു് വായും ചുവപ്പിച്ചു രസിച്ചിരിക്കുന്നവർ മറെറാരുകൂട്ടം; തലനരച്ച വൃദ്ധന്മാരും, തലകെട്ടി, പൂവുംചൂടി, അണിഞ്ഞൊരുങ്ങി, ആഭരണങ്ങളും വാസനദ്രവ്യങ്ങളും ചാത്തിയ യുവതികളും, അതിനിടയിൽ അങ്ങോട്ടമിങ്ങോട്ടും അയഞ്ഞമട്ടിലുലാത്തുന്ന യുവകോമളന്മാരും, അവിടെ ഒരു തിരക്കുതന്നെ. അല്പം കൊള്ളാവുന്ന ഒരുത്തി ചെററ തിരിഞ്ഞു നോക്കിയാൽ; ഉടനൊന്നു കടാക്ഷിച്ചുകൊള്ളുന്ന യുവാക്കന്മാരും, തങ്ങളുടെ സൗന്ദര്യത്തിൽ ആരെങ്കിലും ഭ്രമിക്കുന്നുണ്ടോ എന്നറിയാൻ ആണുങ്ങൾ കൂടിയിരിക്കുന്നിടത്തു് അസപ്ഷ്മതയോടെ കണ്ണുകളെറിയുന്ന പതിനെട്ടു വയസ്സുകാരികളും, അവിടെ ധാരാളമുണ്ടു്. എന്തിനു്, അതിനകത്തൊരു ബഹളം തന്നെ.

ഉച്ചതിരിഞ്ഞു് മണിനാലുകഴിഞ്ഞു. വീട്ടിനകത്തു് പുറത്തും തകൃതിയായ പണിത്തിരക്കാണു്. സരസ്വതി സുമതിയോടൊത്തു് ആ മുറിയിൽത്തന്നെ ഇരിയ്ക്കയാണു്. എങ്കിലും സുമതിയുടെ അന്തർഗ്ഗതങ്ങളെന്താണെന്നറിയാൻ അവൾക്കു് അശേഷം കഴിഞ്ഞില്ല.

കുളികഴിഞ്ഞു് അണിഞ്ഞൊരുങ്ങി കോടിവസ്ത്രങ്ങളും ചാർത്തി സുമതി ഇരിക്കയാണു്. എന്തെല്ലാം മോടിപിടിപ്പിയ്ക്കലുകളുണ്ടോ, അതെല്ലാം സുമതി ഇന്നണിഞ്ഞിട്ടുണ്ടു്. ഇന്നവൾ പതിവിലധികം ആഡംബരങ്ങളണിട്ടുണ്ടു്. ചുരുക്കിപ്പറഞ്ഞാൽ ഇതുവരെക്കഴിഞ്ഞുപോയ മറ്റെല്ലാ ദിവസങ്ങളെക്കാളും അവളിന്നു കൂടുതൽ ഉടുത്തൊരുങ്ങി, സർവാഭരണവിഭൂഷിതയായിരിക്കുകയാണു്. മറ്റൊരുദിവസവുംഅവളിത്ര അലംകൃതയായിആരുംകാണപ്പെട്ടിട്ടില്ല. പക്ഷെ നിമിഷങ്ങളോരോന്നു കഴിയുംതോറും അവൾക്കാധിക്കൂടുകയാണു്. വാശിമുറുവുകയാണു്. പലതരം തർക്കങ്ങളാണു് അവളുടെ ഹൃദയത്തിൽ പരസ്പരം വഴക്കടിക്കുന്നതു്. ചുരുങ്ങിയ ഏതാനും മണിക്കൂറുകൾക്കുള്ളിൽ അവളാ നീണ്ട നീണ്ട തർക്കങ്ങൾക്കു സമാധാനം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. വിവാഹപ്പന്തലിൽ കേൾക്കുന്ന കോലാഹലത്തെക്കാൾ പതിന്മടങ്ങു വർദ്ധിച്ചതാണു് അവളുടെ ഹൃദയത്തിനുള്ളിൽ കേൾക്കുന്ന അലച്ചകൾ. ആ പട്ടുസാരികളുടെയും, പൊൻ വളകളുടേയും വലയത്തിനുള്ളിൽ അങ്ങനെ വലിയ കോലാഹലങ്ങൾ നിശ്ശബ്ദമായി നടക്കുകയാണു്. പക്ഷെ, ആ ഹൃദയസ്ഥിതികളൊന്നും മുഖത്തു പ്രതിഫലിക്കാതിരിക്കാൻ അവൾ വളരെ ശ്രമിക്കുന്നുമുണ്ടു്. ആ ഹൃസ്ഥിതികൾ മുഖത്തു സ്ഫുരിച്ചുപോയാൽ തൻെറ ദൃഢനിശ്ചയങ്ങൾ പരാജയപ്പെട്ടുപോകുമെന്നു് സുമതിയ്ക്കു നല്ലതുപോലെ അറിയാം. അതിനാൽ സരസ്വതി കേൾക്കത്തക്കവിധത്തിൽ ഒരു നിശ്വാസംപോലും അവൾ പൊഴിച്ചില്ല.

മണി അഞ്ചടിയ്ക്കുന്ന ശബ്ദമാണ് സുമതി കേട്ടതു്. അവളുടെ നെഞ്ചിടിപ്പുകൂടി. ഇനിയും കാത്തിരുന്നാൽ കാര്യം അവതാളത്തിലാകുമെന്നു് അവൾ നിശ്ചയിച്ചു. സരസ്വതിയ്ക്കു സംശയം തട്ടാതെ അവൾ തലയണ പതുക്കെ ഒന്നു കിളർത്തിനോക്കി ഒരു സംതൃപ്തഭാവമാണ് അവളുടെ മുഖത്തു നിഴലിച്ചതു്. അവൾ സരസ്വതിയോടു കാര്യമായി സംസാരിക്കുകയായിരുന്നു. എങ്കിലും അവളുടെ ചിന്താഗതികൾ ഏതോ ഒരു വലിയ പ്രശ്നത്തിനു വഴി തേടുകയായിരുന്നു എന്നതു് സരസ്വതി മനസ്സിലാക്കിയതേ ഇല്ല. സമയം നില്ക്കാതെ മുന്നോട്ടു തന്നെ പോകുന്നു. സുമതിയ്ക്കു വെമ്പലായി. അവൾ സരസ്വതിയോടു ചോദിയ്ക്കയാണു്.

സുമതി:—"സരസ്വതി, എനിയ്ക്കൊരു സഹായം ചെയ്യുമോ?"

സരസ്വതി:—പിന്നെന്തു്? ചേച്ചി പറയുന്ന എന്തും ചെയ്യാം. ഇന്നത്തേടംകഴിഞ്ഞാൽ പക്ഷെ, നാളെമുതൽ ചേച്ചിയോടു സംസാരിക്കാൻ കഴിഞ്ഞില്ലെന്നുവരാം.

തന്റെ ഉദ്ദേശത്തിനും, അവളുടെ ആ വാക്യത്തിനും ഏതാണ്ടൊരു ബന്ധമുണ്ടെന്നു സുമതിയ്ക്കു തോന്നി. അവൾ ചോദിച്ചു.

സുമതി:—അതെന്താണു്?

സരസ്വതി:—ചേച്ചി ഭർത്താവുമായിരിയ്ക്കുമ്പോൾ ഞാനെങ്ങനെ കടന്നുവന്നു സംസാരിക്കും. അല്ലെങ്കിലും ഇത്ര സ്വാതന്ത്ര്യമുണ്ടോ? വർത്തമാനങ്ങളിൽ നിന്നു് കർത്തവ്യങ്ങളിലേയ്ക്കല്ലേ ചേച്ചി പോവുന്നതു്.

സംഭാഷണം ദീർഘിച്ചുപോകമെന്നു ഭയന്നു് സുമതി ഇടയ്ക്കു കയറിപ്പറഞ്ഞു. "സരസ്വതി ഒരു കാര്യം ചെയ്യു. കിണററിൻകരെ പോയി എൻെറ ആ നിലവിളക്കൊന്നു തേച്ചു മിനുക്കിക്കൊണ്ടുവരൂ. എനിയ്ക്കതു കൂടി ഭർത്താവിൻെറ വീട്ടിൽ കൊണ്ടുപോകണമെന്നുണ്ടു്. സരസ്വതി എനിയ്ക്കു തരുന്ന ഒരു സംഭാവനയായി ഞാനതു സ്വീകരിക്കും. ധൃതിപ്പെടേണ്ട. സാവധാനത്തിൽ ഒരു മണിക്കൂറിനകം തിരിച്ചു വന്നാൽ മതി." "ഇതാ" തൻെറ വിരലിൽ കിടന്ന ഒരു മോതിരമൂരി സരസ്വതിയുടെ വിരലിലിട്ടുകൊണ്ടവൾ തുടർന്നു—"ഇതു സരസ്വതിയ്ക്കിരിക്കട്ടെ. എൻെറ സംഭാവനയായി സ്വീകരിക്കുക. പക്ഷേ സരസ്വതിയ്ക്കു് ഇനിയൊരിക്കൽ യാതൊന്നും തരാൻ എനിയ്ക്കു കഴിഞ്ഞില്ലെങ്കിലോ?"

സരസ്വതി ചാരിതാർത്ഥ്യത്തോടെ അതു സ്വീകരിച്ചു. സുമതി വീണ്ടും പറഞ്ഞു—"എന്നാൽ പൊയ്ക്കോളൂ. ധൃതിപ്പെടേണ്ട. ഒരു മണിക്കൂറിനകം തിരിച്ചു വന്നാൽ മതി. അപ്പോഴേയ്ക്കു് ഞാനെൻെറ സന്ധ്യാജപങ്ങളൊക്കെ തീർത്തു് ഇരിയ്ക്കാം."

സുമതിയുടെ ഈ വാക്കുകൾക്കടിയിൽ ഒളിച്ചുനിന്ന അനന്തരപ്രവൃത്തി സരസ്വതിയ്ക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല. അവൾ, നിയോഗിയ്ക്കപ്പെട്ട ജോലിയ്ക്കു് ആ മുറി വിട്ടിറങ്ങി പോകയും ചെയ്തു.

സരസ്വതി പോയിക്കഴിഞ്ഞപ്പോൾ സുമതി നെടുതായൊന്നു നിശ്വസിച്ചു. പൈശാചികമായ ഒരു പല്ലിളിപ്പോടെ അവൾ കട്ടിലിൽനിന്നും സാവധാനമെണീററു്

ഛറിയുടെ കഥക്ക് ചാരി. മററുള്ളവരുടെ സംശയങ്ങളെ തട്ടിയുണർത്തരുതെന്നു വിചാരിച്ചായിരിക്കാം, അവൾ അതിന്റെ കൊളുത്തിട്ടില്ല.

അവൾ നിശ്ശബ്ദമായി നടന്നു് മെത്തയ്ക്കിടയിൽ നിന്നും ഒരു ഫോട്ടോ വലിച്ചെടുത്തു. സുകുമാരന്റെ ഫോട്ടോ ആയിരുന്നു അതു്. പുഞ്ചിരിതൂകുന്ന അയാളുടെ മുഖത്തിൽ അവൾ അല്പനേരം ഉററുനോക്കി. അവളുടെ കണ്ണുനീരുകൾ ആ ഫോട്ടോവിൽ ഇററിററു വീണു. പാവം ആ ഫോട്ടോ കണ്ടപ്പോൾ അവൾ കരഞ്ഞുപോയി. പതിവുപോലെ അതെടുത്തു് മാറോടു ചേർത്തുപിടിച്ചുകൊണ്ടു അവൾ വീണ്ടും കുറേ നേരം കൂടെ കരഞ്ഞു. മൗനഭാഷയിൽ എന്തോ ചിലതു് അവളാ പടത്തോടു പറഞ്ഞു. പരിഭവങ്ങളുടെ ഒരു യാത്ര ചോദിപ്പായിരിക്കും അതു്. അതെ, അയാൾക്ക വേണ്ടിയുള്ള അവളുടെ ഒരു ത്യാഗം.

അനന്തരം അവളാകണ്ണാടി വിട്ടത്തി ആ ഫോട്ടോ മാത്രം വലിച്ചെടുത്തു. ചന്ദനം ചാലിച്ചു് അവൾ അതിലൊരു ഗോപിതൊട്ടു. ഒരു പൂമൊട്ടെടുത്തു് അതിൽ കുത്തിവച്ചു. അവൾ ആ ഫോട്ടോവിൽ വീണ്ടും ഒന്നുററു നോക്കി. അവളുടെ കണ്ണുകൾ അതാ നിറയുന്നു. എന്നിട്ടും ആ ചിത്രം അവളെ നോക്കി പുഞ്ചിരിക്കുന്നതല്ലാതെ അവളോടു് ഒരു വാക്കുപോലും പറയുന്നില്ല. എങ്കിലും ഏതോ ഒരനുഭൂതി അവളെ തഴുകുംപോലെ സുമതിയ്ക്കു തോന്നി. ഇത്രയും കഴിഞ്ഞു് അവൾ ആ പടത്തെ ഒന്നു ചുംബിച്ചു. ഗാഢമായ ഒരു ചുംബനം. രണ്ടുകവിളുകളോടും അതിനെ അവൾ മാറിമാറി ചേർത്തു പിടിച്ചു. സുമതി

അതിനെ ഒരിക്കൽക്കൂടി ചുംബിച്ചിട്ട്, ആ ബ്ളൌസ് പൊതിച്ച് തന്റെ നെഞ്ചോടു ചേർത്തു പൊതിഞ്ഞു.

അതാ മണി ആറടിക്കുന്നതാണ് അവൾ കേട്ടത്. സുമതി വീണ്ടും കട്ടിലിലിരുന്നു. അവൾ നാലുപാടും നോക്കി. അവൾക്കു സംശയം തീർന്നു; ആരുമില്ലെന്ന്. അവളുടെ കൈകൾ ആ തലയണയ്ക്കടിയിലേയ്ക്കു നിശ്ശബ്ദമായി നീങ്ങി. എന്തോ ഒരു സാധനം അവളുടെ പിടിയിൽപ്പെട്ടതു വെളിയിലേയ്ക്കു വലിച്ചെടുത്തു. ഒരു തരം നീലദ്രാവകം കലക്കി വച്ചിട്ടുള്ള ഒരു കുപ്പിയായിരുന്നു അത്. ആ ദ്രാവകത്തെ നോക്കി അവളൊന്നു പല്ലിളിച്ചു. അവളുടെ കണ്ണുകൾ നാലു വാക്കിനും പതറി വീണു. അതാ അവളാക്കുപ്പി തുറക്കുകയാണ്. അനന്തരം വീണ്ടുമവൾ നാലുപാടും നോക്കി. അവളുടെ ശരീരം വിറച്ചു. ആ കുപ്പി അടച്ചു തിരികെ തലയണയ്ക്കടിയിൽ വച്ചുകളയാമെന്ന് അവളോർത്തിരിക്കും. പക്ഷെ ധൈര്യം. അവളെ വിട്ടില്ല. ചുററുപാടിലും ഒന്നുകൂടെ നോക്കി നിശ്ചയംവരുത്തിക്കൊണ്ട് അവളതു സധൈര്യം വായോടടുപ്പിച്ചു. അവളുടെ കൈകൾ കിടുകിടുത്തു. അതാ അവളതു കുടിച്ചുകഴിഞ്ഞു. ആ നീലദ്രാവകത്തിന്റെ നാലഞ്ചുതുള്ളി ഉള്ളിലേക്കിറങ്ങിക്കഴിയുംമുമ്പു തന്നെ അവൾ കട്ടിലിലേക്കു മറിഞ്ഞുപോയി. കുപ്പി അവളുടെ പിടിയിൽനിന്നും വിടുന്നതും, കട്ടിലിലേയ്ക്കവൾ മറിയുന്നതുമൊന്നും അവളറിഞ്ഞില്ല. ലോകം മുഴുവൻ നീലിച്ച ഒരു ഭയങ്കരവസ്തുവായി മാറിയിരിക്കുന്നതുമാത്രം ഒരു വിദൂര സ്വപ്നത്തിലെന്നപോലെ അവൾക്കു കാണാൻ കഴിഞ്ഞു.

സുമതിയുടെ ഹൃദയസ്പന്ദനങ്ങൾക്കു ശക്തി കുറഞ്ഞു തുടങ്ങി. ശരീരം മുഴുവൻ തളർന്നു. ആ സിരാചക്രങ്ങളിൽ നീലനിറം വ്യാപിച്ചു. അവളുടെ മുഖത്തൊരു വിളറിയ നീലിമ പടർന്നു. അവളുടെ കർമ്മശക്തിയെ ആ നീലദ്രാവകം തികച്ചും ഉഴറ്റിക്കുടിച്ചിരുന്നു. ആ മുറി മുഴുവൻ ഒരു നിശ്ശബ്ദത നിറഞ്ഞു.

ഒരു അരമണിക്കൂർ കഴിഞ്ഞു. സുമതി പറഞ്ഞിരുന്ന ജോലിയെല്ലാം ഭംഗിയായി നിർവഹിച്ചശേഷം സരസ്വതി ഓടിവരികയാണ്. മുറിയുടെ കതകു ചാരിയിരിക്കുന്നതു കണ്ടപ്പോൾ സുമതിയുടെ സന്ധ്യാജപങ്ങൾ കഴിഞ്ഞിരിക്കുകയില്ലെന്നാണ് സരസ്വതി വിചാരിച്ചതു്. അതിനാൽ അവൾ കുറച്ചുനേരം അകത്തു കയറാതെ വെളിയിൽത്തന്നെ കാത്തുനിന്നു. ഏതാണ്ടു് ഒരരമണിക്കൂറോളം അങ്ങനെ നിന്നിട്ടും മുറിയ്ക്കകത്തു് ഒരനക്കവും കേൾക്കായ്കയാൽ, അവൾ കതകു പൊന്തിച്ചു് അകത്തേ നോക്കി. സരസ്വതി ഒന്നു ഞെട്ടിപ്പോയി. "അയ്യോ!" അവളറിയാതെ വിളിച്ചുപോയതാണ്. അത്ര ഭയാനകമായിരുന്നു അവൾ അവിടെ കണ്ട കാഴ്ച. ആവേശത്തോടെ അവൾ കട്ടിലിനരികത്തെത്തി. അവൾക്കൊന്നും മനസ്സിലായില്ല. ചിത്തഭ്രമം പിടിച്ചവരെപ്പോലെ അവൾ സുമതിയുടെ നെഞ്ചിൽ കൈവച്ചു നോക്കി. ആ തേളയിടിപ്പിനിടയിൽ അവൾക്കല്പം സമാധാനം തോന്നി. അവൾ സുമതിയുടെ ശരീരത്തിൽ പിടിച്ചു കുലുക്കി അവളെ വിളിച്ചു. ഒരനക്കവുമില്ല. സരസ്വതി അമ്പരന്നുപോയി. വീണ്ടുമവൾ ഭയപ്പെട്ടു. വെമ്പലോടെ അവൾ വീണ്ടും സുമതിയെ തട്ടിവിളിച്ചു. യാതൊരു ഫലവുമുണ്ടാ

യില്ല. അതാ സരസ്വതിയുടെ കണ്ണുകൾ കട്ടിലിൻെറ വലത്തുഭാഗത്തേയ്ക്കു തിരിഞ്ഞു. സുമതിയുടെ ബോധമറ്റി കുടിച്ച ആ നീലദ്രാവകം മുഴുവനും തന്നിൽനിന്നു വിട്ടുകളഞ്ഞിട്ടില്ലാത്ത ഒരു ഉരുളൻകുപ്പി, സുമതിയോടൊപ്പം നീണ്ടുനിവർന്നു കിടക്കുന്നതാണു് അവൾ കണ്ടതു്. "അയ്യോ ചേച്ചി! ചതിച്ചോ?" സരസ്വതി അറിയാതെ നിലവിളിച്ചു പോയി. ഭയവും, തിടുക്കവുംകൊണ്ടു് അവൾ ഇതികർത്തവ്യതാമൂഢയായി ഒരു ശിലാപ്രതിമപോലെ നിശ്ചേഷ്ടയായി അങ്ങനെ കുറേ നേരം നിന്നുപോയി. ഭ്രാന്തുപിടിച്ചവരെപ്പോലെ അവൾ നേരെ അടുക്കളയിലേയ്ക്കോടി. "അയ്യോ അമ്മേ! സുമതി വിഷം കുടിച്ചു" വിക്കിവിക്കി കരഞ്ഞുകൊണ്ടു് അവൾ പറഞ്ഞു. ചെയ്തുകൊണ്ടിരുന്ന ജോലികളെല്ലാം തള്ളിയിട്ടു് അവിടെക്കൂടിയിരുന്ന പെണ്ണുങ്ങളെല്ലാം സുമതിയുടെ മുറിയിലേയ്ക്കു് ഓടിച്ചെന്നു. അതിനകത്തു് അവർ കണ്ട കാഴ്ച അതിഭയാനകം തന്നെയായിരുന്നു. യാതൊരനക്കവുമില്ലാതെ വിഷം പിടിച്ചു കറുത്തുപോയ ശരീരവുമായി സുമതി അങ്ങനെ കിടക്കുകയാണു്. ഒരമ്മയ്ക്കു അതു കാണാനുള്ള മനസ്ഥിതിയുണ്ടോ? "അയ്യോ! ചതിച്ചോ മോളേ!" എന്നുള്ള ദയനീയമായ ആ നിലവിളിയോടുകൂടി സുമതിയുടെ അമ്മ ബോധമററു നിലത്തു വീണു. അവിടെ നിന്നിരുന്നവരെല്ലാം വാവിട്ടു കരഞ്ഞു. കരച്ചിൽകേട്ടു് അനേകമാളുകൾ ഓടിയെത്തി. ഇതിനിടയ്ക്കു സുമതി ബോധക്ഷയമായിക്കിടക്കുന്നു എന്നൊരു വർത്തമാനം പന്തലിലെങ്ങും പരന്നു കഴിഞ്ഞു. അവിടെ കൂടിയിരുന്നവരെല്ലാം തുരുതുരാ മുറിയുടെ നടയിൽ കൂട്ടംകൂടി. ഇത്ര പെട്ടെന്നു് ഇങ്ങ

നെയൊരു ബോധക്ഷയത്തിന്ന കാരണമെന്താണെന്ന് അവിടെ കൂടിയവരിൽ ചിലർ ചോദിയ്ക്കുയായി. പതിവായി ഇങ്ങനെ വരാറുണ്ടോ എന്നായി മററു ചിലരു്, സാരമില്ല മുഖത്തു കുറെ വെള്ളം തളിച്ചാൽ മതിയെന്നു് വേറെ ചിലരു്. ഇതു് ഏതാണ്ടു ബാധയുപദ്രവമാണെന്നായിരുന്ന അപ്പോൾ ചിലരുടെ വിദഗ്ദ്ധാഭിപ്രായം. 'കുഞ്ഞല്ലേ, ഈ കൊട്ടും മേളവുമൊക്കെ കേട്ടിട്ടുണ്ടായില്ലേ. യ ആനന്ദത്തിൻെറ മയക്കമാണെന്നു് വേറെ കുറെ രസികന്മാർ വിധിച്ചു. ഏതായാലും ഉടൻ ഡാക്ടരെക്കൊണ്ടു വരണമെന്നു് കാര്യവിവരമുള്ള ചിലർ വാദിച്ചു. എല്ലാരും മാറിനില്ക്കിൻ. കുറെ കാറേറല്ക്കട്ടെ. എന്നു ചില നാടൻ ചികിത്സക്കാർ. ഇങ്ങനെ അവിടെയൊരു വലിയ വിപ്ലവം തന്നെ.

ഈ സംഭവമെല്ലാം നടക്കുന്ന സമയത്തു് ഭാഗ്യദോഷംകൊണ്ടു് ഗോവിന്ദൻ അവിടെ ഉണ്ടായിരുന്നില്ല. അയാൾക്കുടൻ ആളുപോയി. വിവരമറിഞ്ഞമാത്രയിൽ കുടവയറും കൊണ്ടു് ഗോവിന്ദൻ ആവുന്നതും വേഗത്തിലോട്ടുകയാണു ചെയ്തതു്. അയാൾ വീട്ടിൽ വന്നപ്പോൾ അവിടെയൊരു ബഹളംതന്നെയായിരുന്നു. പക്ഷെ അയാൾക്കു് അതൊന്നും കാണാനും കേൾക്കാനും അപ്പോൾ കഴിയുകയില്ല. അന്ധാളിപ്പിൻെറയും, ഭയത്തിൻെറയും, അപമാനത്തിൻെറയും ഏകീകരിച്ച അടയാളങ്ങൾ അയാളുടെ മുഖത്തപ്പോൾ പടന്നുകിടന്നിരുന്നതു് ആക്കും കാണാമായിരുന്നു. ഉന്തിയ കണ്ണുകളോടെ അയാൾ ഓടിയ ആ ഓട്ടം സുമതിയുടെ മുറിയിൽ വന്നാണു് നിന്നതു്. അവിടെ കണ്ട കാഴ്ച അയാളെ വിഭ്രമിപ്പിച്ചു. നിശ്ചേഷ്ട

മായി കട്ടിലിൽ സുമതിയും, തറയിൽ അവളുടെ മാതാവും കിടക്കുന്നതുമാണ് അയാൾ കണ്ട കാഴ്ച. എന്തു ചെയ്യണമെന്നറിയാതെ ഗോവിന്ദൻ കുഴങ്ങി. ഒരു ജീവച്ഛവം പോലെ നിന്നതല്ലാതെ യാതൊന്നും ചെയ്യാനോ, ഒരക്ഷരം സംസാരിക്കാനോ അയാൾക്കു കഴിയാതായി. ഒരു ഭ്രാന്തനെപ്പോലെ അയാൾ അലറി. "അയ്യോ! എന്റെ സർവ്വം നശിച്ചു. ഒരു കാറുകൊണ്ടുവരാൻ ഈക്ഷണത്തിൽ ആസ്പത്രിയിലെത്തണം."

അതിനിടയ്ക്കൊരു ഭൃത്യൻ ഓടിത്തുടങ്ങി. ഗോവിന്ദൻ സ്വബോധമില്ലാതെ വീണ്ടും എന്തൊക്കെയോ പുലമ്പി. ശരീരത്തിൽ പുതച്ചിരുന്ന ചകലാസു വലിച്ചു കീറി ദൂരെയെറിഞ്ഞുകൊണ്ട് മുടിയും വലിച്ചുപിന്നി, ഒരു ഭ്രാന്തനെപ്പോലെ അയാൾ വെളിയിലേയ്ക്കിറങ്ങി ഓടി. കാര്യവിവരമുള്ള ചിലർ കാര്യം മനസ്സിലാക്കി. അവർ ചാടിവന്ന് ഗോവിന്ദനെ ബലമായി പൂണ്ടുപിടിച്ചു. അലർച്ചയോടെ ഗോവിന്ദൻ കുടയുകയായിരുന്നു. പക്ഷെ അവർ അയാളെ വിട്ടില്ല. അടുത്തൊരു കട്ടിലിൽ കൊണ്ടുകിടത്തി മുഖത്തു വെള്ളം തളിച്ച് സത്വരം വേണ്ട ശുശ്രൂഷകൾ ചെയ്തു.

ഒരഞ്ചു നിമിഷത്തിനുള്ളിൽ ഒരു കാർ വീട്ടിന്റെ മുമ്പിലെത്തി. എല്ലാവരും കൂടി താങ്ങിയെടുത്ത് സുമതിയെ കാറിനകത്താക്കി. അവൾക്കല്പവും ബോധമുണ്ടായിരുന്നില്ല. നാലഞ്ചുപേരും കൂടെ അതോടൊപ്പം കാറിൽ കയറി; അതിവേഗത്തിൽ ആസ്പത്രിയിലേയ്ക്ക് യാത്രയായി.

അടിയന്തിരച്ചടങ്ങുകളെല്ലാം അടിയോടെ തകൎന്നു. ഒരുക്കങ്ങളെല്ലാം ഓരോന്നായി നിന്നു. പുരയിൽ കൂടിയിരുന്ന പലരും ആ സംഭവത്തെപ്പററി പലപല അഭിപ്രായങ്ങളും തങ്ങൾക്കിഷ്ടം പോലെ തട്ടിമൂളിച്ചു.

ഇതിനിടയ്ക്കു വരന്റെ പാർട്ടിക്കാർ വന്നുകഴിഞ്ഞു. വളരെനേരം നിന്നിട്ടും വരനെ എതിരേററുകൊണ്ടുപോകുവാൻ, വധുവിന്റെ വീട്ടിൽ നിന്നാരെയും കാണായ്കയാൽ അവരിൽ ഒരാൾ വധൂഗൃഹത്തിലേക്കു വന്നു കയറി. അപ്പൊഴാണു് വധുവിനെ സുഖക്കേടായി ആശുപത്രിയിൽ കൊണ്ടുപോയിരിക്കുന്ന കഥ അവരറിഞ്ഞതു്. വരനും കൂട്ടരും പിന്നെ എങ്ങോട്ടു നടക്കണം? വായനക്കാർ തന്നെ ചിന്തിച്ചാൽ മതി.

അങ്ങനെ, കെങ്കേമമായ ആ വിവാഹം മുടങ്ങി. എങ്കിലും ഗോവിന്ദന്റെ ഇംഗിതം സാധിച്ചു. നാട്ടുകാരുടെ മനസ്സിൽ നിന്നു് ഒരിക്കലും മാഞ്ഞുപോകാത്ത രീതിയിലായിരിക്കണം തന്റെ മകളുടെ വിവാഹം; എന്നാണല്ലോ! അയാൾ ചിന്തിച്ചിരുന്നതു്. മുഹൂർത്തത്തിനുകുറച്ചു മുമ്പു് വധുവിനെ ആശുപത്രിയിലേയ്ക്കെടുക്കേണ്ടി വന്ന ഈ വിവാഹം നാട്ടുകാരാരെങ്കിലും ഇനി മറന്നുകളയുമോ?

മാസം ഒന്നു കഴിഞ്ഞു. സുമതിയ്ക്കു് ഇപ്പോൾ ബോധമുണ്ടു്. സമൎത്ഥനായ ഒരു ഡാക്ടരുടെ അസാമാന്യമായ പരിശ്രമംകൊണ്ടു് സുമതിയ്ക്കു വീണ്ടുമൊരു ജന്മം കൂടി കിട്ടിയെന്നേ പറയേണ്ടു. അവൾക്കു നല്ല സുഖമാകാൻ ഇനിയും രണ്ടുമാസത്തിലധികം വേണം. അനവധി ആളുകൾ ദിവസംപ്രതി അവളുടെ രോഗവിവരം അന്വേഷി

ക്കാൻ വന്നും പോയുമിരിക്കയാണു്. എന്നാൽ സരസ്വതി യാണു് എപ്പോഴും അവളുടെ അടുത്തിരുന്നു് ശുശ്രൂഷിക്ക ന്നതു്. സുമതിയ്ക്കുവേണ്ടി, പാവം അവൾ ഉറക്കമിളച്ചി രുന്നു് രാത്രിയും പകലും പരിചരിക്കുകയാണു്.

രണ്ടാഴ്ചക്കൂടി കഴിഞ്ഞു. സുമതിയ്ക്കിപ്പോൾ വളരെ ഭേദമുണ്ടു്. എങ്കിലും ഒരു മാസംകൂടി കഴിഞ്ഞിട്ടു് ആസ്പ ത്രിവിട്ടാൽ മതിയെന്നുള്ള ഡാക്ടരുടെ അഭിപ്രായമനുസരി ച്ചാണു് അവൾ കിടക്കുന്നതു്.

ഒരു ദിവസം ഉച്ച തിരിഞ്ഞപ്പോൾ സരസ്വതി സുമതിക്കു് ഓറഞ്ചു് പൊട്ടിച്ചുകൊടുത്തുകൊണ്ടിരിക്കുക യായിരുന്നു. പലതും സംസാരിച്ച കൂട്ടത്തിൽ സരസ്വതി ചോദിച്ചു.

"ചേച്ചി എന്തിനാണു് അന്നീസാഹസം കാണി ച്ചതു്?"

സുമതിയ്ക്കതുകേട്ടപ്പോൾ ലജ്ജ തോന്നി. എങ്കിലും സര സ്വതിയോടുള്ള സ്നേഹംകൊണ്ടു് അവൾ പറഞ്ഞു. "ഞാ നിനി എല്ലാം എൻെറ സരസുവിനോടു തുറന്നു പറയാം. ഇതാ കേൾക്കു."

സുമതി തുടന്നു "ഈ മനുഷ്യർക്കു് അവർ വിചാരി ക്കുന്നതു സാധിക്കാതെപോയാൽ, പിന്നീടു തോന്നുന്നതു് പ്രായേണ സാഹസബുദ്ധിയായിരിക്കും. തൻെറ ഏകാ ഗ്രമായ ആഗ്രഹസിദ്ധികൾക്കു് ഉടവു തട്ടുമെന്നു കണ്ടാൽ നിരാശയിൽ തകൻന്നു താഴുന്ന ആ മനുഷ്യനു് മരണം അ പ്പോൾ മധുരിക്കുന്ന ഒരു വസ്തുവായി മാറിയേക്കും. പ്രിയ പ്പെട്ട സരസ്വതീ! നിനക്കുപോലും കണ്ടുപിടിക്കാൻ കഴി യാത്ത ചില മറഞ്ഞ കഥകൾ എൻെറ ജീവിതത്തിലുണ്ടു് —

സുകുമാരൻ ചേട്ടനു വേണ്ടിയാണ് ആ വിവാഹസമയത്തു് ഞാൻ വിഷം കുടിച്ചതെന്നു പറയുമ്പോൾ പക്ഷേ നീ ആശ്ചര്യപ്പെട്ടെന്നുവരായിരിക്കാം. പക്ഷേ അതാണ വാസ്തവം. അദ്ദേഹത്തെ കൂടാതെ ജീവിക്കുവാൻ ഞാൻ അശക്തയാണ്. അത്രയ്ക്കുറച്ചതാണ് ഞങ്ങളുടെ ബന്ധം. അതിനെത്ര പഴക്കമുണ്ടെന്ന് നിനക്കെന്നല്ല, ഞങ്ങൾ രണ്ടാൾക്കുമല്ലാതെ മററാക്കും ഇന്നുവരെ അറിഞ്ഞുകൂടാ. വളരെ ബാല്യകാലം മുതൽക്കുതന്നെയുണ്ടായിരുന്ന ഞങ്ങളുടെ ആ കൂട്ടുകെട്ട് ഇന്നും വിട്ടിട്ടില്ല. ഞങ്ങളുടെ ആ ബാല്യസ്നേഹങ്ങൾ ഞങ്ങളറിയാതെ ഞങ്ങളെ ബന്ധിച്ച അനുരാഗബന്ധമായി മാറിപ്പോയി. അതിൽ നിന്ന് ഇനി അകന്നിരിക്കാൻ ഒരിക്കലും സാദ്ധ്യമല്ല. എത്രയെത്ര പ്രതിജ്ഞകളാണ് ഞങ്ങൾ തമ്മിൽ ചെയ്തിട്ടുള്ളതെന്നറിയാമോ? ആയിരമായിരം വിശ്വാസപ്രതിജ്ഞകളോടെയാണ് ഞങ്ങൾ പരസ്പരം ഹൃദയങ്ങൾ കൈമാറിയതു്. എൻെറ ജീവിതം മുഴുവൻ അദ്ദേഹത്തിനുവേണ്ടി ഞാൻ സമപ്പിച്ചു കഴിഞ്ഞു. അതു് ഇന്നമിന്നലെയും സമപ്പിച്ചതല്ല. ഞങ്ങളോളംതന്നെ പഴക്കമുള്ള കാലങ്ങൾ അതിനു സാക്ഷിയുണ്ട്. അതിനി മറെറാരാളുടെ കാൽക്കൽ നിക്ഷേപിക്കുകയോ? ഒരിക്കലും അതുണ്ടാവില്ല. അതിനെക്കാൾ മരണമല്ലേ നല്ലതു്. ഈ വിവാഹാലോചന ഞാൻ കാലേക്കൂട്ടി അറിഞ്ഞിരുന്നെങ്കിൽ അന്നിതു മുടക്കമായിരുന്നു. പക്ഷേ ഞാനറിയാതെ അച്ഛൻ അതിൻെറ ആലോചനയും വാഗ്ദാനവും മററും ചെയ്തുകഴിഞ്ഞു. പക്ഷേ അദ്ദേഹത്തിനല്ലാതെ മററാക്കും എന്നെ വിവാഹം കഴിക്കാനൊക്കുകില്ലെന്നു എനിക്കു നല്ല ധൈര്യമുണ്ടുതാനും.

ത്ത നിലക്ക്, ഈ സ്ഥിതിയിൽ ഞാനെന്തുചെയ്യും? അദ്ദേഹ മാണെങ്കിൽ പത്താറായിരം മൈലിനപ്പുറത്തു കിടക്കുന്നു. ഞാനെങ്ങനെ ഈ സങ്കടസ്ഥിതികൾ അറിയിക്കും. എൻെറ വീട്ടുകാരാണെങ്കിൽ വിവാഹപ്പന്തലിലേക്ക് എന്നെ വലിച്ചിഴപ്പിച്ചു. അപ്പോൾ അസ്വാതന്ത്ര്യയായ ഒരു സ്ത്രീക്കു എന്തുചെയ്യാനൊക്കും. അവൾക്കതു തടുക്കാനൊക്കുമോ? തീർച്ചയായുമില്ല. സ്ത്രീ, അന്യക്കടിമയായിപ്പോയി. ഒരു കന്യക കുടുംബക്കാർ കെട്ടിയുണ്ടാക്കുന്ന ചട്ടവട്ടങ്ങൾ എന്തായിരുന്നാലും അതനുസരിച്ചേ മതിയാവൂ എന്നാണവരുടെ നിയമം. അതിനാൽ അവൾക്കപ്പോൾ അവിടെ എതിർക്കാൻ കഴിയുകയില്ല. പക്ഷെ മരിക്കാൻ അവൾക്കു കഴിയും. അത്രമാത്രമേ ഞാനും ചെയ്തുള്ളൂ. സുകുമാരൻചേട്ടന് എന്നെ വിവാഹംകഴിച്ചുകൊടുക്കാൻ അവർക്കിഷ്ടമില്ലെങ്കിൽ എനിക്കു വിവാഹം വേണ്ട. ഞാനെന്നും ഒരവിവാഹിതയായി കഴിഞ്ഞുകൊള്ളാം. അപ്പൊഴും എനിക്കദ്ദേഹത്തെ പൂജിക്കാൻ കഴിയും. ഒരുകാര്യംക്രൂടി. സരസ്വതിയെപ്പറ്റി എന്നിൽ വിരോധം തോന്നരുത്. അന്ന് വിളക്കു തേച്ചുകൊണ്ടുവരാൻ നിന്നെ പറഞ്ഞയച്ച കഥ ഓർക്കുന്നില്ലേ. ക്ഷമിക്കൂ; അതു് എൻെറ ഉറച്ചുപോയ ഉദ്ദേശസാദ്ധ്യതയ്ക്കുവേണ്ടി ഞാനെടുത്ത ഒരുപായമായിരുന്നു. സരസ്വതി അവിടെത്തന്നെ ഇരിക്കയായിരുന്നുവെങ്കിൽ ഞാനുദ്ദേശിച്ചതു ചെയ്യാൻ എനിക്കു കഴിയുമായിരുന്നില്ല.”

ഡാക്ടരുടെ വരവു് അവരുടെ വർത്തമാനത്തിനു വേലികെട്ടി.

ഒരാഴ്ചകൂടികഴിഞ്ഞു. സുമതിക്കിപ്പോൾ ഏതാണ്ട പൂൎണ്ണസുഖമായെന്നുതന്നെ പറയാം. ഒരുദിവസം ഉച്ച കഴിയുംമുമ്പ് സുമതിയുടെ അമ്മ അവിടെ വന്നു. സുമതി നല്ല ഉറക്കമാണ്. ഇതൊരു നല്ല സൗകൎയ്യമാണെന്നു വിചാരിച്ച്, വിഷംകുടിക്കാനുള്ള കഥയെപ്പററി സുമതി പറഞ്ഞ വസ്തുത മുഴുവൻ സരസ്വതി ചില പൊടിപ്പും തൊങ്ങലുംവച്ച് അവരെ പറഞ്ഞുകേൾപ്പിച്ചു. അപ്പോഴാണ് അവൎക്ക് കാൎയ്യം മനസ്സിലായത്. ഇനിമേലെങ്കിലും മററു വിവാഹാലോചനകളൊന്നും നടത്താതെ, സുകുമാരൻ വന്നാലുടൻ സുമതിയെ അയാൾക്ക വിവാഹം ചെയ്തു കൊടുക്കണമെന്നും, അല്ലാത്തപക്ഷം ഇനിയും പല ആപത്തുകൾ സംഭവിക്കാനിടയുണ്ടെന്നുംകൂടി സരസ്വതി, തട്ടിവിട്ടു. സുമതിയും, സുകുമാരനും തമ്മിലൊന്നിക്കണമെന്നുതന്നെയായിരുന്നു സരസ്വതിയുടെയും മനസ്സ്. അതുകൊണ്ടാണ് അവളിങ്ങനെ പറഞ്ഞത്.

---

## അദ്ധ്യായം 10.

---

മാസങ്ങൾ എട്ടുപത്തു വീണ്ടും നീങ്ങി. സുമതിയുടെ വിവാഹനിശ്ചയങ്ങൾ മാററിവച്ചുകഴിഞ്ഞിട്ടും ഏകദേശം അത്രത്തോളം കാലമായി. അന്നവൾ ചെയ്ത സാഹസത്തിൻെറ കാരണമറിഞ്ഞപ്പോൾ ആദ്യം ഗോവിന്ദന് അല്പം രോഷമാണുണ്ടായതെങ്കിലും, വീണ്ടും

അവളെന്തെങ്കിലും കാട്ടിക്കൂട്ടിയേയ്ക്കുമെന്നുള്ള ഭയംകൊണ്ടു് അയാഠം അവളുടെ ഇംഗിതത്തോടു് ഏതാണ്ടു യോജിച്ചുതന്നെ കഴികയാണിപ്പോഠം!

ഇങ്ങനെയിരിക്കുമ്പോഴാണു് ഉന്നതപരീക്ഷാവിജയിയായി സുകുമാരൻ ലണ്ടനിൽനിന്നും സ്വദേശത്തു മടങ്ങിയെത്തിയതു്. എലിസബെത്തും അയാളോടൊന്നു വന്നിട്ടുണ്ടായിരുന്നു. എങ്കിലും, എലിസബെത്തിന്റെ ആഗമനം ഒരു രഹസ്യകഥയായി സൂക്ഷിക്കുന്നതിനുവേണ്ടി അവളെ ഒരു കന്യാസ്ത്രീമഠത്തിൽ പാർപ്പിച്ചിട്ടാണു് സുകുമാരൻ വീട്ടിൽ ചെന്നതു്. എലിസബെത്തിനോടുള്ള പ്രണയാതിരേകം, സുമതിയെ കാണുന്നതിനുപോലും അയാളെ വെറുപ്പിച്ചു. പക്ഷെ; സുകുമാരൻ വന്നിട്ടുണ്ടെന്നു കേട്ടപ്പോഠം സുമതിക്കുണ്ടായ പരമാനന്ദം വർണ്ണിക്കാൻ പ്രയാസം. ആയിരമായിരം പ്രതീക്ഷകഠം—പ്രതിജ്ഞകഠം—അവളുടെ ചിന്താമണ്ഡലത്തിൽ പൊന്തിവന്നു. അനേക കാലങ്ങളായി സൂക്ഷിച്ചുപോരുന്ന തന്റെ ആകാംക്ഷകഠം സാധിച്ചുകിട്ടാൻ ഇനി താമസമില്ലെന്നു വിചാരിച്ചു് അവളാശ്വസിച്ചു. പക്ഷെ, സുകുമാരന്റെ ജീവിതത്തിന്റെ പുറകിൽ ഒരു വെള്ളക്കൊാലി പറ്റിപ്പിടിച്ചിട്ടുണ്ടെന്നുള്ള വസ്തുത ആ സാധു അറിഞ്ഞതേ ഇല്ല. വന്നിട്ടൊരാഴ്ചയോളമായിട്ടും തന്റെ ഹൃദയേശ്വരൻ തന്നെക്കാണുവാൻ വരാതിരുന്നതിൽ അവഠംക്കാശ്ചര്യവും, തിടുക്കവും തോന്നി. യാത്രാക്ലേശംകൊണ്ടായിരിക്കുമെന്നോർത്തു് അവഠം ഒരാഴ്ച ക്ഷമിച്ചിരുന്നു. എന്നിട്ടും സുകുമാരൻ അങ്ങോട്ടു ചെല്ലുന്നില്ല. സുമതിയുടെ ഹൃദയം ത്രസിച്ചു.

ഇക്കാലങ്ങളിൽ, കഴിഞ്ഞ കഥകളെല്ലാംമറന്നു്, ഗോവിന്ദൻ വക്കീലുമായുള്ള രമ്യതയ്ക്കു ശ്രമിച്ചുകൊണ്ടിരിക്കുന്ന സമയമായിരുന്നു. തന്റെ മകളുടെ അഭീഷ്ടസിദ്ധിയ്ക്കും; വക്കീലുമായി പിണക്കത്തിൽ കഴിയുന്നതു് അത്രശരിയല്ലെന്നു നിശ്ചയിച്ചിട്ടാണു് അയാൾ അതിനൊരുങ്ങിയതു്.

ഒരാഴ്ച കൂടി കഴിഞ്ഞു. സുമതിയുടെ നിർബന്ധം മൂലം ഗോവിന്ദൻ വക്കീലിന്റെ വീട്ടിലേയ്ക്കു പോയി. സുകുമാരനെ അങ്ങോട്ടൊന്നു കാണിക്കാനായിരുന്നു അയാൾ അവിടെ ചെന്നതു്. സുകുമാരൻ ആ സമയം അവിടെയുണ്ടായിരുന്നില്ല. ഗോവിന്ദൻ വക്കീലുമായി വളരെ നേരം സംസാരിച്ചുകൊണ്ടിരുന്നു. സുകുമാരനെപ്പററിയായിരുന്നു അവരുടെ സംസാരം. ഗോവിന്ദൻ തുടന്നു.

ഗോവി:—അപ്പോഴിനി സുകുവിനു് ഒരു പെണ്ണിനെ നിശ്ചയിക്കേണ്ടേ?

വക്കീൽ:—അതെ; താമസിയാതെ അതുംകൂടി നടത്തിവയ്ക്കണം. അവനു് ഈയിടെതന്നെ ഉദ്യോഗവും കിട്ടും.

ഗോവി:—എവിടെയോ—?

വക്കീൽ:—അതു് നമുക്കു നിശ്ചയിപ്പാനൊക്കുകില്ലല്ലോ? അതൊക്കെ ബ്രിട്ടീഷ്കാര്യമല്ലേ? അവർ എവിടെ നിയമിയ്ക്കുന്നുവോ അവിടെത്തന്നെ.

ഗോവി:—എന്തു ശമ്പളം കിട്ടുമോ—?

വക്കീൽ:—അവൻ ഒന്നാമനായിട്ടാണു് പാസ്സായതു്. അതുകൊണ്ടു് കളക്ടരായിത്തന്നെ നിയമിയ്ക്കപ്പെടും. ആയിരം ഉറുപ്പികയിൽ കുറയാതെ ശമ്പളവും കിട്ടും.”

വക്കീൽ, കളക്ടരുടെ അധികാരാദികളെയും മററും കുറെ വിവരിച്ചു കേൾപ്പിച്ചു. അതുകേട്ടപ്പോൾ ഗോവിന്ദന്ന് ഒരാനന്ദവും അത്ഭുതവും തോന്നി. തന്റെ മകളെ സുകുമാരന്നു നൾകുന്നതിൽ യാതൊരു കുറവുമില്ലെന്ന് അയാൾക്കുടൻ തോന്നിയെന്നു മാത്രമല്ല; മററാരെങ്കിലും, വിവാഹാലോചനയുമായി വന്നു കയറും മുൻപ് അതു കഴിവതും വേഗത്തിൽ നടത്തിവയ്ക്കണമെന്ന് അയാൾ നിശ്ചയിക്കുകയും ചെയ്തു. ഈ അവസരം തെറ്റിയാൽ, ഇത്ര വളരെ ശമ്പളമുള്ള ഒരാളെ തന്റെ മകളുടെ ഭർത്താവായി കിട്ടാൻ സാധ്യമല്ലെന്നു അയാൾക്കറിയാമായിരുന്നു. ഇങ്ങനെയുള്ള അഭ്യൂഹങ്ങളോടെ ഗോവിന്ദൻ തുടൎന്നു.

ഗോവി:—അപ്പോൾ ഇതുവരെയും ആലോചനകളൊന്നും വന്നില്ലേ?

വക്കീൽ:—അത്ര പറയത്തക്കതായിട്ടൊന്നും ഉണ്ടായില്ല. അവനിവിടെ ഇല്ലാത്തതുകൊണ്ടു് ഞാൻ അത്ര ബദ്ധപ്പെട്ടുമില്ല. ഈയിടെ നമ്മുടെ കൊച്ചുകൃഷ്ണൻ ഇവിടെ വന്നു്. ഒന്നാലോചിച്ചു. സുകുവിനെക്കൊണ്ടു് സുദേശിനിയെ വിവാഹം കഴിപ്പിക്കണമെന്നു്. അതിനെപ്പറ്റി ഞാനൊന്നും മിണ്ടിയില്ല.

ഗോവി:—ഞാനും വന്നതു് ഒരാലോചനയുമായിട്ടാണു് സുമതിയെ സുകുവിനു കൊടുക്കണമെന്നാണു് എന്റെ ആഗ്രഹം. ആകിലും നമ്മുടെ പിള്ളരാകുമ്പോൾ മനസ്സിനുവിഷമമില്ല. അവർ തമ്മിൽ ചേൎച്ചകാണും. അല്ലെങ്കിലും അവരൊന്നിച്ചു് വളൎന്ന കുഞ്ഞുങ്ങളല്ലേ. ചേരാതിരിക്കാനിടയില്ല. ഇന്നലെ സുമതിയുടെ അമ്മ പറയുന്നതുകേട്ടു, സുമതിയും സുകുവുമായിട്ടു് വലിയ എന്തോന്നിലാണെന്നു്. സുമതി

യെ അല്ലാതെ മററാരെയും കല്യാണംകഴിക്കില്ലെ ന്ന് സുകുമാരൻ ലണ്ടനിൽപ്പോകുംമുമ്പ് അവളോടു വാക്കുപറഞ്ഞിട്ടുണ്ടെന്നും മററും. അതുമാത്രവുമല്ല; ഇന്നാളത്തെ സംഗതി ഓർമ്മയില്ലേ? അവരു ഒരേ പിടിയായി നില്ക്കുന്നു, സുകുവിനോടല്ലാതെ മററാരോടും അവരു ചേരുകില്ലെന്ന്. എന്താ മച്ചിണൻ എന്തു പറയുന്നു?

വക്കീൽ:—വളരെ സന്തോഷം. ഈ നിശ്ചയം എനിക്കു വളരെ പിടിച്ചു. അവർ ഒന്നിച്ചുചേരേണ്ടവരാണു്. ഇതെനിക്കു ഇന്നു തോന്നിയ ഒരു നിശ്ചയമല്ല. അവരുടെ കുഞ്ഞുന്നാളിലേ എനിക്കു തോന്നീട്ടുള്ളതാണു്. അവരുടെ സ്നേഹം എനിക്കു മതിയാവുന്നതാണു്.

ഗോവി:—അതുമല്ല; തന്റേകളെല്ലാം ഉള്ളതാവുമ്പോൾ, താറുമാറാകാൻ തരമില്ല.

വക്കീൽ:—എന്നുമാത്രമല്ല; രണ്ടുകൂട്ടരുടേയും വസ്തുക്കൾ അന്യാധീനപ്പെടാതെയുമിരിക്കും. ഏതായാലും അവരൊന്നിക്കണം. അതാണു് എന്റെയും ആഗ്രഹം. സുമതിയെ സുകുവിനെക്കൊണ്ടു് വിവാഹം കഴിപ്പിക്കണമെന്നു് ഞാൻതന്നെ വളരെക്കാലം മുമ്പേ വിചാരിച്ചിട്ടുള്ളതാണു്.

ഗോവി:—അല്ലോൾ അവനോടു് അതൊന്നു ആലോചിക്കണം.

വക്കീൽ:—എന്തിനു്? അവനെന്റെ കുഞ്ഞല്ലേ? ഞാൻ പറയുന്നതുതന്നെ അവന്റെയും അഭിപ്രായം. അ

ലോചനയെല്ലാം നമ്മൾതന്നിലാവാം. അതിനി നീട്ടണമെന്നുമില്ല; എന്താ?

ഗോവി:—ഓഹോ. എനിക്കു സന്തോഷംതന്നെ.

വക്കീ:—എന്നാലൊരുകാര്യം ചെയ്യണം. നാളെ അവളുടെ ജാതകവുമായി ഇങ്ങോട്ടു പോരണം. നമുക്ക് ആ കണിയാരെ വരുത്തി ഒന്നു നോക്കിച്ചു്; അങ്ങു നടത്തിക്കളയാം. കഥയെല്ലാം നടന്നിട്ട് മതി അവനറിയുന്നതു്.

ഗോവി:—എന്നാലങ്ങനെയാവാം. ഏതായാലും ഇന്നുല്ലെങ്കിൽ നാളെ തീർച്ചയായും അവനെ വീട്ടിലേക്കൊന്നു വരാൻ പറയാം.

വക്കീൽ:—നാളെയാക്കുന്നതെന്തിന്? ഇന്നുതന്നെ അവനങ്ങോട്ടു വരാനെന്താണു് വിഷമം?

ഗോവി:—ശരി എന്നാൽ ഞാനിറങ്ങട്ടോ?

വക്കീൽ:—മണി പത്തു കഴിഞ്ഞതല്ലോ? ഇനി ഊണു കഴിഞ്ഞു പോകാം.

ഗോവി:—അതു പോരാ. ആ ചെറുതടിനിലം പൂട്ടാൻ ചെറുമന്മാരെ ആക്കീട്ടാണു് ഇങ്ങോട്ടു പോന്നതു്. ഞാനങ്ങോട്ടു ചെന്നില്ലെങ്കിൽ അവിടെ ഒന്നും നടക്കുകയില്ല.

വക്കീൽ:—എങ്കിൽ; ഇഷ്ടംപോലെ.

ഗോവിന്ദൻ യാത്രയുംപറഞ്ഞു നടന്നു. വളരെ സന്തോഷത്തോടുകൂടിയാണു് അയാൾ നടക്കുന്നതു്. തന്റെ മകളുടെ വിവാഹത്തെപ്പററിയും, ഒരു കലക്ടരുടെ ഭാര്യയായി അവളിരിക്കുന്നതിന്റെ മേന്മയെപ്പററിയും മററും ആവർത്തിച്ചാവർത്തിച്ചു ചിന്തിച്ചു്, രോമാഞ്ചംകൊണ്ടു്

അയാൾ വീട്ടിലെത്തി. പിതാവിൻെറ വരവും കാത്തു് ജിജ്ഞാസയോടെ പൂമുഖത്തുതന്നെ ഇരുന്നിരുന്ന സുമതിയോടു് അയാൾ നടന്ന സംഭവങ്ങൾ ഒന്നൊഴിയാതെ വിസ്തരിച്ചു കേൾപ്പിച്ചു. അതറിയുമ്പോൾ അവൾക്കുണ്ടാകുന്ന ആനന്ദാതിരേകം വായനക്കാർ ചിന്തിച്ചുകൊണ്ടാൽ മതി. ഒരു പുതിയ പൈങ്കിളിയെപ്പോലെ ആനന്ദത്തിൻെറ ഒരു മൂളിപ്പാട്ടും മീട്ടി അവൾ ഓരോ മുറിയിലും ഓടിനടന്നു. സന്തോഷംകൊണ്ടു് അവൾ തുള്ളിച്ചാടി.

മുറിയ്ക്കകത്തുള്ള നിലക്കണ്ണാടിയുടെ മുമ്പിൽ ചെന്നുനിന്നു് അവൾ ഒരുങ്ങുകയാണു്. അന്നുതന്നെ മിയ്ക്കുവാറും സുകുമാരൻ അവിടെ വരുമെന്നു് അവളുടെ പിതാവു പറഞ്ഞതാണു് ആ ഒരുക്കത്തിനു കാരണം. അനവധി കാലങ്ങളായി അകന്നിരുന്നതിനുശേഷം, വന്നുചേരാൻപോകുന്ന തൻെറ പ്രാണനായകനു് സർവ്വാംഗസുന്ദരിയായി ചമഞ്ഞൊരുങ്ങിനിന്നുവേണം സ്വാഗതം പറയുവാനെന്നുള്ള ആഗ്രഹംകൊണ്ടാണു് അവളങ്ങനെ അണിഞ്ഞൊരുങ്ങുന്നതു്. ഉടുക്കുന്ന സാരികളൊന്നും അവൾക്കിഷ്ടപ്പെടുന്നില്ല. ഓരോ ആഭരണങ്ങളണിയുമ്പോഴും അവൾ നിലക്കണ്ണാടി നോക്കും. എത്ര ചമഞ്ഞിട്ടും അവൾക്കു തൃപ്തിയാവുന്നില്ല. അവളങ്ങനെ ഒരുങ്ങിനില്ക്കട്ടെ.

നേരം ഉച്ചതിരിഞ്ഞു. മണി നാലും കഴിഞ്ഞു. ഒരു സൈക്കിളിൽ ദൂരെനിന്നും സുകുമാരൻ വരുന്നതു് ജനാലയുടെ പഴുതിൽക്കൂടി സുമതി കണ്ടു. ആനന്ദംകൊണ്ടു് അവൾ തുള്ളിച്ചാടി. അവൾ കുണുങ്ങിക്കുണുങ്ങി പൂമുഖത്തെത്തിയപ്പോൾ സുകുമാരനും വന്നു കയറി. സുമ

തിയുടെ സകല ക്ഷീണങ്ങളും അവളെവിട്ടകന്നു. അവൾ ആർത്തിയോടെ അയാളെ കണ്ണുകൾകൊണ്ടു പരിരംഭണം ചെയ്തു. വളരെനാളുകൾക്കുശേഷം തന്നെ കണ്ടിട്ടു് യാതൊരാനന്ദസ്ഫുരണവും സുകുമാരൻെറ മുഖത്തു നിഴലിക്കാത്തതിൽ സുമതി ഒന്നു നട്ടങ്ങിപ്പോയതു് അവൾക്കു മാത്രമറിയാമായിരുന്നു, എങ്കിലും അവളുടെ ഹൃദയം കലർപ്പുള്ളതായിരുന്നില്ല. അവൾ ചോദിച്ചു. ഈ പാവങ്ങളെ ഒന്നു തിരിഞ്ഞുനോക്കാൻ ഇത്ര മടിയോ. വന്നിട്ടു് രണ്ടുവാരം കഴിഞ്ഞില്ലേ? ഓ;.....സാധുക്കളെ എന്തിനു കാര്യമാക്കുന്നുവെന്നായിരിക്കും." അവളുടെ ആ സ്വരത്തിൽ പ്രണയകോപത്തിൻെറ പരിഭവസ്വരം കലർന്നിരുന്നു.

"അതെ! സുമതി" സുകുമാരൻ അലസഭാഷയിൽ മറുപടി തുടർന്നു. "നീ പറഞ്ഞതു് പരമാർത്ഥമാണു് ഇംഗ്ലണ്ടിലെ ആ നീണ്ട താമസം എന്നെ ഒരു വലിയ മടിയനാക്കി" എന്തോ ഒന്നു് ആ സ്വരത്തിനുള്ളിൽ ഒളിഞ്ഞു കിടക്കുന്നതുപോലെ സുമതിക്കു തോന്നി. സുകുമാരൻെറ നാക്കിൽ നിന്നു് അങ്ങനെ ഒരലസശബ്ദം സുമതി കേൾക്കുന്നതു് അന്നാദ്യമായിട്ടാണു്. എങ്കിലും അവൾക്കുശേഷം സംശയമില്ലായിരുന്നു. അവൾ തുടർന്നു.

"വല്ലാതെ ചടച്ചുപോയല്ലോ? ഞാനിവിടെ എന്നും പ്രാർത്ഥിക്കുമായിരുന്നു, പരീക്ഷയിൽ ഒന്നാമനായി ജയിച്ചു് സുഖമായി തിരിച്ചുവരണമേ എന്നു്. ഇപ്പൊഴെങ്കിലും ഒന്നു കാണാൻ സാധിച്ചതു് എൻെറ ഭാഗ്യം. എൻെറ കണ്ണുകൾ എത്ര നാളുകൊണ്ടു് കൊതിച്ചു കൊതിച്ചു കഴിയുകയായിരുന്നു. "വർഷം രണ്ടു കഴിഞ്ഞു, നമ്മൾ

തമ്മിൽ ഒന്നു കണ്ടിട്ട്." അങ്ങനെ പലതും പലതും ഒരേ ശ്വാസത്തിൽ സുമതി പറയുകയായി. അവൾക്കു വളരെയൊക്കെ പറയാനും, ചോദിക്കാനും ഉണ്ടായിരുന്നു. ആനന്ദത്തിൻെറ തിടുക്കത്തിൽ അതെല്ലാം കുഴങ്ങുകയാണു്.

സുമതിയുടെ പ്രണയസരളമായ ആ കുശലാന്വേഷങ്ങൾക്കെല്ലാംകൂടി, ഒടുവിൽ സുകുമാരൻ ഒന്നു പുഞ്ചിരിയ്ക്കുയാണു ചെയ്തതു്. ഏതു രസത്തിൽ നിന്നാണു് ആ പുഞ്ചിരി പൊന്തിവന്നതെന്നു് അയാൾക്കുതന്നെ നിശ്ചയമില്ലായിരിക്കണം. പരിചയത്തിൻെറ ഒരു പല്ലിളിപ്പില്ലാതെ ഹൃദയരമ്യതയുടെ ഛായപോലും ആ പുഞ്ചിരിയിലുണ്ടായിരുന്നില്ല. സുകുമാരൻെറ ആ ഭാവഭേദം സുമതിയെ അല്പമൊന്നു വേദനിപ്പിക്കാതെ ഇരുന്നില്ല. എങ്കിലും അവൾക്കതിൽ യാതൊരു സംശയവും ആ സമയത്തും തോന്നിയില്ല. അത്രയ്ക്കു അവൾക്കു് സുകുമാരനെ വിശ്വാസമായിരുന്നു. ബാല്യം മുതൽക്കേ അങ്കുരിച്ചുയൎന്നു" പടൎന്നു പരന്ന പ്രണയകഥയെ ആയിരമായിരം സത്യപ്രതിജ്ഞകൾ കൊണ്ടു് ദൃഢപ്പെടുത്തിയിട്ടു് വിദേശത്തേക്കു പോയി, തൻെറ കാമുകൻ, തിരിച്ചുവരുമ്പോൾ അതിൽ നിന്നു് അകന്നുപോകുമെന്നുള്ളതിൽ അവൾക്കു ലേശം സംശയമില്ലായിരുന്നു.

പൂമുഖത്തു് ആരോ സംസാരിക്കുന്നതു കേട്ടു് സുമതിയുടെ അമ്മ വെളിയിൽ വന്നു. സുകുമാരനെ കണ്ടപ്പോൾ അവൎക്കു വളരെ സന്തോഷമാണുണ്ടായതു്. "കുഞ്ഞേ!" തിടുക്കത്തിൽ ആ സ്ത്രീ സുമതിയോടു പറഞ്ഞു. "സുകുച്ചേ

ട്ടൻ വന്നിരിക്കുന്നുവെന്ന് അച്ഛനോടു ചെന്നു പറയൂ. അച്ഛൻ പറമ്പിൽ കാണും."

ആനന്ദം കൊണ്ടിളകിച്ചാടി, സുമതി ഗോവിന്ദന്റെ സമീപത്തേയ്ക്കോടി.

സുമതിയുടെ അമ്മ സുകുമാരനോടു കുശലപ്രശ്നങ്ങൾ ചെയ്തു കൊണ്ടിരിക്കുമ്പോൾ ഗോവിന്ദനും വന്നുകയറി. ആനന്ദം കലർന്ന ഒരു പുഞ്ചിരിയോടെയാണ് ഗോവിന്ദൻ അവിടെ കടന്നുവന്നതു്. അയാളെ കണ്ടപ്പോൾ സുകുമാരൻ ആചാരഭാവത്തിൽ കസേരയിൽ നിന്നും എണീററു.

"ഇരിയ്ക്കൂ ഇരിയ്ക്കൂ" ആഹ്ലാദസ്വരത്തിൽ ഗോവിന്ദൻ തുടന്നു. "പിന്നെ എന്തൊക്കെയാണ് വിശേഷങ്ങൾ?"

സുകു:—വിശേഷങ്ങളായിട്ടു് മറെറാന്നുമില്ല. ഞാൻ പരീക്ഷയിൽ ഒന്നാമനായി ജയിച്ചു.

ഗോവി:—അതു ഞാനറിഞ്ഞു. ഇന്നുകാലത്തു് ഞാനവിടെ വന്നിരുന്നു. അപ്പോൾ നിന്റെ അച്ഛൻ കാര്യങ്ങളെല്ലാം പറഞ്ഞു.

സുകു:—അതെ, അച്ഛൻ പറഞ്ഞു.

ഗോവി:—അച്ഛൻ മറെറാന്നും പറഞ്ഞില്ലേ?

സുകു:—ഇല്ല. അമ്മാവൻ അവിടെ എന്നെ അന്വേഷിച്ചു വന്നിരുന്നു വെന്നല്ലാതെ മറെറാന്നും അച്ഛനെന്നോടു പറഞ്ഞിട്ടില്ല.

ഗോവി:—വേറെ യാതൊന്നും പറഞ്ഞില്ലേ?

സുകു:—അമ്മാവൻ എന്നെ അന്വേഷിക്കുന്നു. അതുകൊണ്ടു് ഞാൻ ഇങ്ങോട്ടൊന്നു വരണമെന്നുംകൂടി പറഞ്ഞു.

ഗോവി:—അതെ, നിന്നോടു സ്വകാര്യമായി എനിയ്ക്കു ചിലതു പറയാനുണ്ടു്. അതിനാണു് ഞാൻ നിന്നെ അന്വേഷിച്ചതു്. നീയൊരു തിരിച്ചറിവുള്ള കുട്ടിയാണു്. അതുകൊണ്ടു് കാര്യം മനസ്സിലാക്കി കുടുംബത്തിന്റെ മേന്മയ്ക്കു് നീ കുറവു വരാതെ പ്രവൎത്തിക്കുമെന്നു് എനിക്കറിയാം.

സുകു:—എന്തായാലും വേണ്ടതുപോലെ ചെയ്യാം. അമ്മാവൻ പറഞ്ഞാൽ മതി.

ഗോവിന്ദൻ തിരിഞ്ഞു നോക്കിയപ്പോൾ, അകത്തളത്തിന്റെ കതകിൽ മറഞ്ഞു നില്ക്കുന്ന സുമതിയെയാണു അയാൾ കണ്ടതു്. "കുഞ്ഞേ! ഞങ്ങൾ കാര്യമായി കുറെ സംസാരിക്കുകയാണു്. നീ മുറിയിലേക്കു പൊയ്ക്കോളു" പിതാവിന്റെ ആ വരുതി കേട്ടപ്പോൾ സുമതിയ്ക്കല്പം വിഷമം തോന്നി. സുകുമാരനോടു തന്റെ അച്ഛൻ പറയുന്നതെന്തൊക്കെയാണെന്നു് കേൾക്കാൻ ചെവി കൂൎപ്പിച്ചു് അവൾ നില്ക്കുകയായിരുന്നു. അപ്പോഴാണു് പിതാവിന്റെ നിരോധനാജ്ഞ. എന്തായാലും അവൾ അച്ഛന്റെ ആജ്ഞപ്രകാരം അവിടെനിന്നു പോയെങ്കിലും, അടുത്തുള്ള മുറിയിൽ ചെന്നു് ഒളിച്ചു നില്ക്കുന്ന വിവരം ഗോവിന്ദനറിഞ്ഞില്ല. "ഗോവിന്ദൻ തിരിഞ്ഞു ഭാൎയ്യയോടു പറഞ്ഞു, നീ അകത്തുപോയി കുറെ കാപ്പി തയാറാക്കു" ഭൎത്താവിന്റെ ആജ്ഞയനുസരിച്ചു്, കാൎയ്യേഷുമന്ത്രിയായ ആ സ്ത്രീയും അവിടെനിന്നു പോയി. അങ്ങനെ പൂമുഖത്തു് സുകുമാരനും, താനും തനിച്ചായപ്പോൾ അയാൾ പറഞ്ഞു.

ഗോവി:—അപ്പോഠ, സുകുവിന് ഇനിയൊരു വിവാഹമൊക്കെ ചെയ്യണ്ടേ? ഇനി അതെല്ലാം അന്വേഷിക്കേണ്ടതു് ബാന്ധവന്മാരായ ഞങ്ങളുടെ കടമയാണു്.

സുക:—അക്കാര്യമെല്ലാം ഇനി ഉദ്യോഗം കിട്ടിയിട്ടു മതിയെന്നാണു് ഞാൻ വിചാരിക്കുന്നതു്.

ഗോവി:—അതിനെന്തു്? അപ്പന് ഇന്നോ നാളെയോ തീർച്ചയായും ഒരു വലിയ ഉദ്യോഗം കിട്ടും. അതിൻ സംശയമില്ല. ആ സ്ഥിതിക്കു് ഇപ്പോഠ തന്നെ ഇതു നടത്തുന്നതിൽ എന്താണു തെററുള്ളതു്. ചെയ്യേണ്ടതെല്ലാം നേരത്തേതന്നെ നടക്കട്ടെ.

സുക:—അങ്ങനെയല്ല അമ്മാവാ! എന്നാണുദ്യോഗം കിട്ടുന്നതെന്നും, എവിടെയാണെന്നും മററും തീർച്ചപ്പെട്ടതിൻെറ ശേഷമാവുന്നതായിരിക്കും നല്ലതു്.

ഗോവി:—അതെല്ലാം നിൻെറ ബാലബുദ്ധിക്കു തോന്നുന്നതാണു്. കാര്യങ്ങളെല്ലാം നിൻെറ അപ്പനോടു പറഞ്ഞിട്ടുണ്ടു്. അദ്ദേഹം അതു പൂർണ്ണമായും സമ്മതിച്ചു കഴിഞ്ഞു. പെണ്ണു മററാരുമല്ല. നിൻെറ സുമതി തന്നെ.

സുക:—എന്നെക്കാഠ എത്രയോ നിലയും വിലയുമുള്ളവർ ഇവിടങ്ങളിലുണ്ടു്. അവരോടാരോടെങ്കിലും സുമതിയെ അയക്കുന്നതല്ലേ നല്ലതു്?

ഗോവി:—പക്ഷെ ഞങ്ങഠക്കെല്ലാം, സുമതിയെ നിനക്കു തരണമെന്നാണു് ആഗ്രഹം.

സുക:—എന്തായാലും ആ അനുഗ്രഹം ഇപ്പോൾ സാധിച്ചു കിട്ടാൻ വിഷമമാണു്

ഗോവി:— എന്തുകൊണ്ടു്?

സുക:—അതു തീൎത്തു പറവാൻ എനിയ്ക്കിപ്പോൾ സാധ്യമല്ല.

ഗോവി:—കുഞ്ഞേ! നിന്റെ പ്രായം കൊണ്ടു് നിനക്കിതൊക്കെ തോന്നുന്നതാണു്. മൂത്തവർ വാക്കും മുതുനെല്ലിക്കയും ആദ്യം കൈയ്ക്കുമെന്നു് നീ കേട്ടിട്ടില്ലേ? ഞങ്ങൾ—നിന്റെ ബന്ധുജനങ്ങൾ—പറയുന്നതു് എപ്പോഴും നിന്റെ ഗുണത്തിനായിരിക്കും. നീ വല്ലസ്ഥലത്തും ഇതിനിടയ്ക്കു മയങ്ങിക്കാണും. പക്ഷെ അതൊന്നും നമ്മുടെ കുലമഹിമയ്ക്കു ചേൎന്നതല്ല. സുമതി നിനക്കെന്തുകൊണ്ടും ചേൎന്നവളാണു്. അവളെ സ്വീകരിക്കുന്നതിൽ നിനക്കു് ഒരുതെററും വരാനില്ല.

സുക:—അഥവാ വല്ല തെററും വന്നാൽത്തന്നെ എന്തു്? അതല്ല ഞാൻ പറയുന്നതു്. തൽക്കാലം അവളെ വിവാഹം കഴിക്കാൻ എനിക്കു സാധ്യമല്ലെന്നുമാത്രം. ഒരു വിവാഹം ചെയ്തു ജീവിക്കത്തക്ക പരിതസ്ഥിതി എനിക്കു വരുന്ന കാലത്തു് അതിനെപ്പററി ചിന്തിച്ചാൽ മതിയല്ലോ? ഇപ്പൊഴേ എന്തിനു് ആ കെട്ടുപാടുകളിൽ ചാടിവീഴുന്നു?

ഗോവി:—ശരി. നിന്റെ ഇഷ്ടം പോലെ. നിന്നെ ഉപദേശിക്കാമെന്നല്ലാതെ ഉടച്ചു വാൎക്കാൻ എനിക്കിന്നു് കഴിവില്ല. പക്ഷേ ഈ അഭിപ്രായം നീ നേ

രത്തെ പറഞ്ഞിരുന്നുവെങ്കിൽ ഇതിനു മുൻപു് ഞാൻ സുമതിയെ—വേറേ......

സുകു:—അതു് ഇനിയും മതിയാകും. അവൾക്കത്ര പ്രായമൊന്നും കഴിഞ്ഞിട്ടില്ലല്ലോ?

ഗോവി:—ശരിയാണു്. പക്ഷേ, മററു പേരിൽ വരുന്ന ആലോചനകളെല്ലാം നിരസിച്ചുകൊണ്ടു് അവളിരിക്കയാണു്.

സുകു:—അതിനു് ഞാനെന്തു ചെയ്യും? അവളെ വിവാഹം കഴിക്കത്തക്ക ഒരു പരിതസ്ഥിതി ഇന്നെനിക്കില്ല.

ഈ സംഭാഷണമെല്ലാം അടുത്ത മുറിയിൽ ഒളിച്ചുനിന്നു് സുമതി കേൾക്കുകയായിരുന്നു. സുകുമാരന്റെ എതിർപ്പുകൾ ഓരോന്നു കേൾക്കുമ്പോഴും അവളുടെ ഹൃദയം തകർന്നുതകർന്നു താഴുകയായിരുന്നു. ഇത്ര വേഗത്തിൽ സുകുമാരൻെറ മനസ്സു മാറുവാനുണ്ടായ കാരണമെന്താണെന്നു ചിന്തിച്ചിട്ടു് അവൾക്കു് യാതൊരെത്തും പിടിയും കിട്ടുന്നില്ല സുദേശിനിയുടെ കുസൃതിയാണു് ഇതിനൊക്കെ കാരണമെന്നാണു് ഒടുവിലവൾ നിശ്ചയിച്ചതു്. സുദേശിനിയെ അവൾ ഹൃദയംകൊണ്ടു് ശപിച്ചിരിക്കണം. സുമതിയുടെ ഹൃദയം ശരിക്കു വേദനിച്ചതു് ഇന്നാദ്യമാണു്. പക്ഷെ അവൾ അതൊക്കെ ഉള്ളിലാക്കി വിധിയെ പഴിക്കുകയായിരുന്നു" തന്നോടു് ഇത്ര ദാരുണമായി പ്രവത്തിക്കുന്ന വിധിയെ അവളെങ്ങനെ പഴിക്കാതിരിക്കും. നിശ്ശബ്ദമായി അവൾ കുറെനേരം തനിച്ചിരുന്നു കരഞ്ഞു. പക്ഷെ അവളുടെ കരച്ചിൽ ആരു കേൾക്കുന്നു. ആ കണ്ണീരുകണ്ടു് കരളലിഞ്ഞു് സാന്ത്വനം ചെയ്യേണ്ട ആൾ ഇന്നു

വരുക്ക വിപരീതമായി നിൽക്കുമ്പോൾ അവളെന്തിനു കരയണം? ആർക്കുകാണാൻ അവൾ കണ്ണുനീർ പൊഴിക്കണം?. കടപ്പെട്ടവൻെറ മുമ്പിൽ കരഞ്ഞെങ്കിലേ, കണ്ണുനീരുകൾക്ക വിലയുള്ളൂ. സാരിയുടെത്തുമ്പുകൊണ്ടു് അവരും കണ്ണുതുച്ചു. ജീവനിലും ജീവനായിതന്നെ സ്നേഹിച്ച ഒരു വ്യക്തി ഒടുവിൽ ഇങ്ങനെ വെറുക്കുമെന്നു് അവൾ ഇതുവരെ ചിന്തിച്ചിരുന്നില്ല. വിശ്വാസപൂർവം ആയിരമായിരം പ്രതിജ്ഞകൾ തൻെറ മുമ്പിൽ കുന്നിച്ചുകൂട്ടിയ ആ പുരുഷൻ, തൻെറ ഹൃദയം മുഴുവൻ കവന്നശേഷം ഇങ്ങനെ ദൂരെ വലിച്ചെറിയുമെന്നു് അവളറിയുന്നതു് ഇപ്പൊഴാണു്. ഈ ദുരസംരംഭങ്ങളിലാണു് പ്രേമമോ പ്രണയമോ ലോകത്തിൽ ശാശ്വതങ്ങളല്ലെന്നു് ഹൃദയമുള്ള മഹതീമണികൾപോലും പറഞ്ഞുപോകുന്നതും പ്രണയമെന്നു കേൾക്കുമ്പോൾ അവർ ഭയന്നോടുന്നതും.!!

തൻെറ ഹൃദയേശ്വരനോടു് അവസാനമായി ഒരു പുഞ്ചിരിയെങ്കിലും യാചിച്ചു വാങ്ങണമെന്നു് തൻെറ കലപ്പുറ ഒരു കൃപ്പുകൈ അദ്ദേഹത്തിനു് കാഴ്ചവയ്ക്കണമെന്നും നിശ്ചയിച്ചുകൊണ്ടു് അവൾ പൂമുഖത്തേയ്ക്കു വരുവാൻ ഭാവിച്ചു. പക്ഷെ അപ്പൊഴേക്കും സുകുമാരൻ അവിടെ നിന്നും യാത്രയായികഴിഞ്ഞിരുന്നു.

സുമതിയുടെ ആഗ്രഹങ്ങളൊക്കെ തകൎന്നു. പക്ഷേ, ഏതോ ഒരജ്ഞാതശക്തിതന്നിക്കൊരു കഴിവു കൊടുക്കുന്നതുപോലെ അവൾക്ക തോന്നി. അവൾക്കൊരു വലിയമാനസാന്തരമുണ്ടായി.

സുകുമാരൻ പോയിക്കഴിഞ്ഞപ്പോൾ ഗോവിന്ദൻ സുമതിയെ വളരെ ശകാരിച്ചു. സുമതിയെ കൈക്കൊള്ളു

കയില്ലെന്ന് തീർത്തു പറഞ്ഞില്ലെങ്കിലും, സുകുമാരന്റെ ആഗ്രഹമെല്ലാം ഏതാണ്ടങ്ങനെതന്നെ എന്നറിഞ്ഞപ്പോൾ ഗോവിന്ദന്റെ ഹൃദയത്തിൽ നിന്ന് പുകയാണുണ്ടായത്. ആ ദ്വേഷ്യത്തോടെയാണ് അയാൾ സുമതിയെ ശകാരിച്ചത്. അന്നത്തെ ആ വിവാഹം മുടക്കിയതിനും, തന്റെ അവമാനത്തിനും കാരണം അവളാണെന്നും മററും അയാൾ സുമതിയെ കുറെ ഏറെ ശകാരിച്ചു പക്ഷെ സുമതി ഒരക്ഷരം മിണ്ടിയില്ല. എല്ലാം അവൾ സഹിച്ചു. സഹിക്കാതെ എന്തു ചെയ്യും? അതിനെല്ലാം കാരണക്കാരി അവൾ തന്നെയാണെന്ന് സുമതിക്കു തന്നെ അറിയാമായിരുന്നു. എങ്കിലും, സുകുമാരനു വേണ്ടി ജീവിക്കാൻ തന്നെ അവൾ നിശ്ചയിച്ചു.

---

## അദ്ധ്യായം 11

കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ച സംഭവങ്ങൾ നടന്നതിന്റെ അഞ്ചാം പക്കം സുകുമാരന് വടക്കൻ പ്രവിശ്യയിൽ ഒരു സബ് കളക്ടരായി നിയമിച്ചിരിക്കുന്നതായിട്ട് ഒരുത്തരവു കിട്ടി. അതനുസരിച്ച് അയാൾ അവിടെ പുറപ്പെടാനുള്ള ഒരുക്കങ്ങൾ ചെയ്യുകയായിരുന്നു. എലിസബത്തിനെക്കൂടെ അങ്ങോട്ടു കൊണ്ടുപോകാൻ തന്നെയാണ് സുകുമാരൻ നിശ്ചയിച്ചത്. വിവരങ്ങളെല്ലാമറിയിച്ചപ്പോൾ ആ പടിഞ്ഞാറൻ വധുവിന് പരമാനന്ദം നിറഞ്ഞു.

പിറേറദിവസം സുകുമാരൻ യാത്രപുറപ്പെടുകയാണു്" പറഞ്ഞിരുന്നതനുസരിച്ചു്, എലിസബെത്തു് നേരത്തെതന്നെ തീവണ്ടിയാഫീസിൽ എത്തിയിരുന്നു. തന്നെ യാത്രയയക്കാൻ തന്നോടുകൂടി അപ്പനും മററും വരുമെന്നും, അതിനാൽ അവക്കാക്കും സംശയം തട്ടാത്തരീതിയിൽ താൻ കയറുന്ന വണ്ടിയിൽക്കൂടി കയറിക്കൊള്ളണമെന്നും എലിസബെത്തിനോടു് സുകുമാരൻ പ്രത്യേകം പറഞ്ഞിട്ടുണ്ടായിരുന്നു. ഐ. സി. എസ്സു കാരനായാലും സ്വന്തം അപ്പനമ്മമാരെ ഭയം കാണുമല്ലോ?.

സുകുമാരനെ യാത്രയാക്കാൻ വീട്ടുകാരോടൊത്തു് സുമതിയും കൂടെ തീവണ്ടിയാഫീസിൽ വന്നിരുന്നു. നിശ്ശബ്ദഭാഷയിൽ അവൾ അയാളെ യാത്രയാക്കി. കണ്ണുനീർ നിറഞ്ഞ കണ്ണുകൾ കൊണ്ടാണു് അവൾ സുകുമാരനു് യാത്രാശംസ നൽകിയതു്.

സുകുമാരൻ വണ്ടിയിൽക്കയറി. കൂപ്പിച്ച നേത്രങ്ങളോടെ സുമതി സശ്രദ്ധം അതു നോക്കിനില്ക്കുകയായിരുന്നു. കുറെക്കഴിഞ്ഞപ്പോൾ എലിസബെത്തും ആ വണ്ടിയിൽത്തന്നെ കയറുന്നതു് അവൾ കണ്ടു. കപടതകൾക്കു് എപ്പോഴും എല്ലാപേരുടേയും മുമ്പിൽ മറഞ്ഞുനിൽക്കാൻ സാധിക്കുകയില്ലല്ലോ?. ഒരു യൂറോപ്യൻ സ്ത്രീ കൂടി ആ വണ്ടിയിൽ കയറിയതിൽ ആക്കുമൊരു സംശയവുമുണ്ടായില്ല. എത്രയായാലും സ്ത്രീയല്ലേ? ഒരു ചെറിയ സംശയഭാവത്തിൽ എലിസബത്തു് ഒന്നു തിരിഞ്ഞുനോക്കുന്നതു് സുമതി നല്ലപോലെ കണ്ടു? സ്ത്രീകളുടെ കപടതകൾ സ്ത്രീകൾക്കു മനസ്സിലാക്കാൻ വിഷമമില്ല. ആ നോട്ടത്തിന്റെ

കാരണം സുമതിക്കു മനസ്സിലായി. അവളൊന്നുകൂടി സൂക്ഷിച്ചുനോക്കി. സുകുമാരന്റെ വിരലിൽ കിടന്നിരുന്ന ഒരു മോതിരം എലിസബത്തിന്റെ വിരലിൽ കിടക്കുന്നതു് സുമതി കണ്ടു. രണ്ടു കൊല്ലങ്ങൾക്കു മുൻപു് സുകുമാരൻ ലണ്ടനിലേയ്ക്കു പോകുമ്പോൾ തന്റെ ഓർമ്മക്കായി സുമതി സുകുമാരന്റെ വിരലിൽ അണിയിച്ചതാണു് ആ മോതിരം. സുമതിയ്ക്കു സർവ്വവും മനസ്സിലായി. അതിലിനി സംശയമില്ല. സുകുമാരന്റെ എതിർപ്പിനുള്ള കാരണം അവൾക്കു ബോദ്ധ്യമായി. കാര്യമറിയാതെ സുദേശിനിയെ ശപിച്ചുപോയതിൽ അവൾ പശ്ചാത്തപിച്ചെങ്കിലും, ആ പടിഞ്ഞാറൻ യുവതിയെ തീപ്പൊരി ചിതറുന്ന നേത്രത്തോടെ അവളൊന്നു നോക്കി. അവളുടെ നേത്രങ്ങൾക്കു് ദാഹകശക്തിയുണ്ടായിരുന്നെങ്കിൽ, ആ നോട്ടത്തിൽ എലിസബത്തു് ഭസ്മമായിപ്പോകുമായിരുന്നു. അവളുടെ മൗനമായ ശാപവാക്കുകൾക്കു ശക്തിയുണ്ടെങ്കിൽ, എലിസബത്തിനു, സുകുമാരന്റെ ജീവിതത്തിൽ പറ്റിനു കിടക്കാൻ ഇനി കഴിയുമെന്നു തോന്നുന്നില്ല.

സുമതി സ്വന്തം ദുർവിധിയെ പഴിച്ചുതല്ലാതെ സുകുമാരനെ ശപിക്കാനോ, വെറുക്കാനോ ഒരുങ്ങിയില്ല. എന്നുമാത്രമല്ല അവളിക്കാര്യം മറ്റാരോടും പറയാതെ മനസ്സിലടക്കുകയും ചെയ്തു.

തീവണ്ടിയാഫീസിൽ നിന്നു് വീട്ടിൽ വന്നപ്പോൾ അവൾ പൊട്ടിക്കരഞ്ഞുപോകുമായിരുന്നു. പക്ഷെ പൊങ്ങിവന്ന ആ പൊട്ടിക്കരച്ചിലിനെ അവൾ ഉള്ളിലേയ്ക്കു

താഴ്ത്തി. അവൾക്കുതന്നെ അറിയാം, അവൾ കരയുന്നതു കൊണ്ടു് യാതൊരു ഫലവും വരുന്നില്ലെന്നു്.

ആഹാരനിദ്രാദികളിൽ യാതൊരു രസവുമില്ലാതെ സുമതി അങ്ങനെ കഴികയാണു്. കളിക്കണമെന്നോ, രസിക്കണമെന്നോ അവൾക്കൊരാഗ്രഹവുമില്ല. എപ്പോഴും കട്ടിലിൽക്കയറി കമഴ്ന്നുകിടക്കും. ആരുമറിയാതെ നിശ്ശബ്ദമായി വളരെ നേരം കരയും. ചിലപ്പോൾ എഴുന്നീററിരിക്കും. കണ്ണുനീർ തുടച്ചു് എന്തൊക്കെയോ ചിന്തിക്കും. ഇടയ്ക്കിടയ്ക്കു നീണ്ട നീണ്ട നിശ്വാസങ്ങൾ പൊഴിക്കുകയായി. ചുരുക്കത്തിൽ അവളുടെ മുമ്പിൽ ഒരു ലോകമുണ്ടെന്നു കൂടി അവൾക്കോർമ്മയില്ല. ഈ ലോകം ഒരു ഭ്രാന്താലയം പോലെയാണു് അവൾക്കുതോന്നുന്നതു്. അതിൽ ചിലർ പാടുന്നു, ചിലർ കളിക്കുന്നു, ചിലർ മറെറന്തൊക്കെയോ ചെയ്യുന്നു, ഇതെല്ലാം ഒരു സ്വപ്നത്തിലെന്നപോലെയാണു് അവളിന്നു് കാണുന്നതു്. സുകുമാരന്റെ വേർപാടും മററും ഒരു കടംകഥപോലെ അവളുടെ ഹൃദയത്തിൽ കൂടി മറിഞ്ഞു മറിഞ്ഞു പോകുന്നു. ചെവിക്കകത്തു് എപ്പൊഴും ഒരു വലിയ മുഴക്കം മാത്രം അവൾക്കു കേൾക്കാം. തല ചീകികെട്ടാറില്ല. പൊട്ടിടാറില്ല. വളകളോ, മററാഭരണങ്ങളോ അണിയാറില്ല. ചുരുക്കിപ്പറഞ്ഞാൽ അവൾ ജീവിച്ചിരിക്കയാണോ എന്നു തന്നെ അവൾക്കോർമ്മയില്ല.

എലിസബത്തിൻെറ ചുംബനവും നുകർന്നു, മദോന്മത്തനായി വഴിയാത്ര ചെയ്യുന്ന സുകുമാരൻ ഇതു വല്ലതും അറിയുന്നുണ്ടോ? ലോകം അയാൾക്കിന്നു് മാദകമണി

ങ്ങ സ്വൎഗ്ഗവേദിയാണെങ്കിൽ, സുമതിക്കതു നാരകീയയാതന നിറഞ്ഞ നരകക്കുഴിയാണു്. ഒരാളിനു സുഖിക്കാൻ മറെറാരാൾ വേദനിക്കണം. അതു നിയതിയുടെ നിയമമാണു്. ലോകത്തിനതു പുത്തരിയല്ലപോലും.!!

മകളുടെ ഈ ഭാവങ്ങൾ മാതാവിനെ വിഷമിപ്പിച്ചു. പിറേറന്നുച്ച തിരിഞ്ഞപ്പോൾ അവർ സുമതിയുടെ മുറിയിൽ വന്നു. അവർ എത്രതന്നെ നിർബ്ബന്ധിച്ചിട്ടും സുമതി എഴുന്നേൽക്കുകയോ, കുളിക്കയോ ചെയ്തില്ല. മാതാവു അവളോടു പല സാന്ത്വനവാക്കുകളും പറഞ്ഞു—ആ മനോവിചാരങ്ങളെല്ലാം മറയത്തു കളയണമെന്നു്. കാര്യമില്ലാത്ത കാര്യം വിചാരിച്ചു് മനസ്സു പുണ്ണാക്കരുതെന്നു്. പക്ഷെ ആരതാരു കേൾക്കാൻ? ഒന്നിലുറച്ചുപോയ ഒരു സ്ത്രീ ഹൃദയത്തെ ഉടച്ചു വാൎക്കാൻ ആൎക്കാണു കഴിയുന്നതു്? സുമതിയെ എന്താണു് വെളിയിലെങ്ങും കാണാത്തതെന്നു് അയൽക്കാർ അവളുടെ മാതാവിനോടു കേട്ടുതുടങ്ങിയിട്ടും ആഴ്ച ഒന്നു കഴിഞ്ഞിരിക്കുന്നു. അവരെന്തു സമാധാനം പറയാനാണു്?

അന്നൊരു തിങ്കളാഴ്ച ദിവസമാണു്. കോവിലിൽ പോയിട്ടു് മടങ്ങുംവഴി സരസ്വതി സുമതിയുടെ വീട്ടിൽ ചെന്നു. അവൾ ഈയിടെയായി അവിടെ ചെല്ലാറില്ലാത്തതിനാൽ സുമതിയുടെ കാര്യങ്ങളൊന്നും അധികമായി അറിയാറില്ല. അതാണു് അന്നവൾ അവിടെ പ്രത്യേകിച്ചും ചെല്ലുവാനുണ്ടായ കാരണം. സരസ്വതി അവിടെ ചെന്നയുടൻ തന്നെ, എങ്ങനെയെങ്കിലും സുമതിയെ സാന്ത്വനപ്പെടുത്താൻ അവളോടു് സുമതിയുടെ മാതാവു് രഹസ്യമായും എന്നാൽ ശാഠ്യമായും പറഞ്ഞു.

സരസ്വതി, സുമതിയുടെ മുറിയിലേക്കുതന്നെയാണു നേരെ പോയതു്. കട്ടിലിന്മേൽ പററി കടഴ്ന്നുകിടക്കുന്ന സുമതിയുടെ കോലം കണ്ടപ്പോഠം സരസ്വതി വല്ലാതെ വേദനിച്ചു. അല്പനേരം അവളൊന്നു സ്തംഭിച്ചു നിന്നു പോയി. നാലഞ്ചു നിമിഷങ്ങഠംക്കു ശേഷം അവഠം കട്ടിലിനരികിലേക്കു ചെന്നു. സ്നേഹസ്വരത്തിൽ സുമതിയെ വളരെനേരം വിളിച്ചുനോക്കി. യാതൊരു ഫലവുമുണ്ടായില്ല. ഒടുവിൽ സരസ്വതി കട്ടിലിലിരുന്നു രണ്ടു കൈകൊണ്ടും താങ്ങി സുമതിയെ ഒരുവിധം തിരിച്ചുകിടത്തിയപ്പോഠം അവളൊന്നു കണ്ണു തുറന്നു. അവളുടെ വിളറിവെളുത്തു് ശോഷിച്ചു തുടങ്ങിയ ആ മുഖപ്രകൃതി ഒന്നു കാണേണ്ടതു തന്നെയാകുന്നു. അതിന്റെ ദയനീയസ്ഥിതി ഒരു വർണ്ണനകൊണ്ടു് വായനക്കാൎക്കു കാണിച്ചുതരാൻ എന്റെ പേനയ്ക്കു ശക്തിയില്ലതന്നെ. താൻ ഉറങ്ങുകയായിരുന്നോ അതോ ഉണൎന്നു കിടക്കുകയായിരുന്നോ എന്നു് അവഠംക്കു തന്നെ നിശ്ചയമില്ലായിരുന്നു,

സുമതിയുടെ കണ്ണുകളിൽ തടവി ഒതുക്കികൊണ്ടു് ഗൽഗദസ്വരത്തിൽ സരസ്വതി ചോദിച്ചു.

സരസ്വതി:—ചേച്ചി! ഇതിന്റെയൊക്കെ അൎത്ഥമെന്താണു്?

തളൎന്ന ഭാഷയിൽ, വളരെ ശ്രദ്ധിച്ചാൽ മാത്രം കേഠംക്കാവുന്ന രീതിയിലുള്ള അസ്പുടസ്വരത്തിൽ സുമതി പറഞ്ഞു.

സുമതി:—വാസ്തവത്തിൽ ഒരൎത്ഥവുമില്ലനുജത്തി! അതെനിക്കുതന്നെ അറിയാം.

സരസ്വ:—പിന്നെ ഇതൊക്കെ എന്തിനാണ്. ചേച്ചി
യുടെ മാതാപിതാക്കന്മാർ ഇന്നും ജീവിച്ചിരിക്കുന്നു
ണ്ടല്ലോ? ചേച്ചിയ്ക്കു എന്തെങ്കിലും സങ്കടംവന്നാൽ
ചുമതലയായി നിന്നു പ്രവൎത്തിക്കാൻ.

സുമതി:—എനിക്കെന്തു സങ്കടം?...യാതൊരു സങ്കടവു
മില്ല.

സരസ്വതി:—പിന്നെന്താണ് ചേച്ചി ഇപ്പട്ടതിയിൽ
കിടക്കുന്നതു്:— കുളിക്കാതെയും, തലയൊതുക്കാ
തെയും മററും.

സുമതി:—ആൎക്കു കാണാനാണു ഞാനിനി കുളിച്ചൊരു
ങ്ങി നില്ക്കുന്നതു്. ഞാനെന്തിനിനി സുഖിക്കണം?
അതു കണ്ടാനന്ദിക്കേണ്ടയാൾ എന്നെ കൈവെ
ടിഞ്ഞു കടന്നു.!!

സരസ്വ:—ചേച്ചി! മനുഷ്യജീവിതത്തിൽ അങ്ങനെയൊ
ക്കെ വരും. അതിലൊക്കെ വേദനിച്ചുതുടങ്ങിയാൽ
അതിനെ നേരമുള്ളൂ. ജീവിതത്തിൻെറ കൂടെയുള്ള
താണ്. ദുഃഖം ദുഃഖിക്കാതെ യാതൊരാൾക്കും ജീ
വിക്കാൻ കഴിയുകയില്ല സ്നേഹവും, ദുഃഖവും, ഒച്ച
പ്പാടും മററും ആ ജീവിതത്തിൻെറ ഓരോരോ ഭാ
വങ്ങളാണ്. അതിലൊന്നും നമ്മൾ വേദനിക്ക
രുതു്. സങ്കടങ്ങൾ വന്നുകൊള്ളട്ടെ. അതു് നമ്മൾ
കാൎയ്യമാക്കരുതു്. അതിനപ്പുറമുള്ള സുഖത്തിനു
വേണ്ടി നമ്മളെപ്പോഴും പ്രവൎത്തിക്കണം. അതാണു
നമ്മുടെ കടമ. ദുഃഖം, ഭാവിസുഖത്തിൻെറ നാന്ദി
യാണെന്നു് ചേച്ചിക്കറിഞ്ഞുകൂടെ? നമ്മളെല്ലാം

മനുഷ്യരായിപ്പോയി. നമുക്കു ജീവിക്കാതെ കഴിയുമോ? അവിടെ സുഖദുഃഖങ്ങൾ പങ്കിട്ടനുഭവിക്കതന്നെ വേണം. സുഖം മാത്രം ആസ്വദിച്ചു ജീവിച്ചതായി ഈ ഭൂമുഖത്തു ആരും ഇതുവരെ ഉണ്ടായിരുന്നില്ല. അതുകൊണ്ടു് ചേച്ചി ഇങ്ങനെ അത്ഥമില്ലായ്മകൾ കാണിച്ചു് ജീവിതാശകളെ പാഴാക്കാതെ, എന്തിനീ ആഹാരം കഴിക്കണം. കുളിച്ചൊരുങ്ങി സന്തോഷമായിക്കഴിയാൻ ശ്രമിക്കണം.

സുമതി:—സരസ്വതി പറഞ്ഞതൊക്കെ പരമാത്ഥമാണു്. പക്ഷെ, ഈ കിടപ്പിൽനിന്നു് ഞാനിനി എഴുനേൽക്കുമെന്നു തോന്നുന്നില്ല. പക്ഷെ മരിക്കുന്നതുവരെ അദ്ദേഹത്തിനുവേണ്ടി ഞാനൊരു കന്യകയായിത്തന്നെ കഴിയും. അദ്ദേഹം എന്നെ വെറുത്താലും എനിക്കിനി വിട്ടൊഴിയാൻ സാധ്യമല്ല തന്നെ.

സരസ്വതി:—ചേട്ടനോടുള്ള ചേച്ചിയുടെ സ്നേഹത്തെപ്പററി എനിക്കു് നല്ലപോലെ അറിയാം. പക്ഷെ ചേച്ചി അദ്ദേഹത്തെ എന്നും സ്നേഹിക്കണമെന്നാഗ്രഹിക്കുന്നെങ്കിൽ ചേച്ചി എന്തിനീറവു് കുളിച്ചാഹാരം കഴിക്കണം. ജീവനുണ്ടെങ്കിലേ സ്നേഹിക്കാനും കഴിയുകയുള്ളു. ജീവനും ആഹാരാദികളുമായി അത്രയ്ക്കു ബന്ധമാണുള്ളതു്. ഊണും കുളിയും കൂടാതെ അദ്ദേഹത്തെ സ്നേഹിക്കാമെന്നു ചേച്ചി വിചാരിക്കുന്നുവെങ്കിൽ അതൊരു വെറും മൌഢ്യമാണു്."

സുമതി:—വാസ്തവമാണു്. പക്ഷെ, ഈ കിടപ്പിൽനിന്നെണീക്കണമെന്നു് എനിക്കാഗ്രഹമില്ല. മരിച്ചു

ശോകമായിരിക്കും. അത്രയല്ലേയുള്ളു. എന്നാൽ എനിക്കതിഷ്ടമാണു്. അദ്ദേഹത്തെ വിചാരിച്ചു മരിക്കാമല്ലോ? അതാണു് എന്റെ ആഗ്രഹവും. എനിക്കു് അദ്ദേഹത്തെ ചിന്തിക്കാൻ കഴിയും ആഹാരവും വേണമെന്നില്ല.

സരസ്വതി:—അതു വെറും ഒരന്ധവിശ്വാസംമാത്രം. മനശ്ശാസ്ത്രപരമായി പറയുമ്പോൾ, ആഹാരം കുറയ്ക്കുംതോറും ചിന്തയ്ക്കു ഏകാഗ്രത കിട്ടുമെന്നുള്ളതു് ശരിയാണു്. പക്ഷെ, ആഹാരമില്ലാതിരുന്നാൽ ആ ചിന്തകൊണ്ടു് യാതൊരു ഫലവുമില്ല.

സുമതി:—ശരിയാണനുജത്തി! പക്ഷേ എനിക്കിന്നു് അവററയോടു് വലിയ വെറുപ്പാണു്. എങ്കിലും അന്ത്യശ്വാസംവരെ ഞാൻ അദ്ദേഹത്തിനുവേണ്ടി കാത്തിരിക്കാൻ നിശ്ചയിച്ചുകഴിഞ്ഞു.

സരസ്വതി:—അതിൽ തെററില്ല. അപ്പോൾ ഞാനൊരു കാര്യംകൂടി ചോദിക്കട്ടെ. ചേച്ചി ചേട്ടന്റെ ഭാവി നന്മയ്ക്കു പ്രാർത്ഥിക്കുന്നുണ്ടോ?

സുമതി:—തീർച്ചയായും.

സരസ്വതി:—എന്നാലിങ്ങനെ പട്ടിണികിടന്നു കരയരുതു്. ഈ ശക്തിയേറിയ കണ്ണുനീരുകൾ അദ്ദേഹത്തിന്റെ പുരോഗതിയിലാണു ചെന്നു പതിക്കുന്നതു്. അതിന്റെ ഉഷ്ണം ആ പുരോഗതിയെ പൊള്ളിച്ചുകളയും. അപ്പോൾ ചേട്ടന്റെ ഭാവി നന്മയ്ക്കുപകരം തിന്മയായിത്തീരും. അതു് ചേച്ചി ഇഷ്ടപ്പെടുന്നില്ലല്ലോ? ആ സ്ഥിതിക്കു് പൂജാദികൾ

കൊണ്ടു് അദ്ദേഹത്തിനു് ഭാവുകങ്ങൾ നേരുക. ചേച്ചിയുടെ ആഗ്രഹസിദ്ധിക്കു പററിയ മാർഗ്ഗം അതാണു്. ഇങ്ങനെ പട്ടിണി കിടന്നു ഞെരങ്ങുന്നതു് ചേച്ചിക്കും ചേട്ടനും ഒരുപോലെ കഷ്ടതയ്ക്കു് കാരണമാണു്.

സുമതി എന്തോ ചിന്തയിൽ ലയിച്ചപോലെ കണ്ണു മടച്ചു് കിടന്നു. സരസ്വതി വീണ്ടും തുടന്നു "പുരാണപ്രകാരം നോക്കുകയാണെങ്കിൽ; ഒരു സ്ത്രീക്കു് പൂജകൾപോലും ആവശ്യമില്ല. ഭത്താവു് അവളെ ഉപേക്ഷിച്ചാലും, നിത്യവും പ്രഭാതത്തിൽ കുളിച്ചു്, ശുഭ്രവസ്ത്രങ്ങളണിഞ്ഞു ഭത്താവിനെ ഭക്തിപൂവ്വം ചിന്തിച്ചാൽ അവളുടെ സവ്വാഭീഷ്ടങ്ങളും സിദ്ധിച്ചു; യതീശ്വരന്മാരെപോലെ അവൾ നിഗ്രഹാനുഗ്രഹശക്തിയുള്ളവരായിത്തീരുമെന്നാണു് ശാസ്ത്രവിധിപോലും. അതുകൊണ്ടു് ചേച്ചി എണീററാഹാരം കഴിച്ചു് ഉല്ലാസമായി കഴിയണം.

സുമതി:—എനിയ്ക്കിനി ഉല്ലാസം ആവശ്യമില്ല സരസ്വതീ! എൻെറ ഉല്ലാസങ്ങൾ ഇനി ആരു കാണാനാണു്?

സരസ്വതി:—എന്തായാലും ചേച്ചി എനിയ്ക്കു വേണ്ടിയെങ്കിലും എണീററാഹാരം കഴിയ്ക്കണം.

സുമതി:—സരസ്വതി ഇങ്ങനെ ശാഠ്യം പിടിക്കരുതു്.

സരസ്വതി:—ഇതു ശാഠ്യമല്ല. എൻെറ ഒരെളിയ ആഗ്രഹം മാത്രമാണു്. എണീറേറ തീരൂ.

സുമതി:—എനിയ്ക്കുശേഷം വായ്ക്കുരുചിയില്ല.

സരസ്വതി:—എങ്ങനെയായാലും കൊള്ളാം. എന്നോടു ചേച്ചിക്കല്പമെങ്കിലും സ്നേഹമുണ്ടെങ്കിൽ ചേച്ചി

ഇപ്പോൾതന്നെ എഴുന്നേററ് എന്തെങ്കിലും കഴിക്കണം.

സുമതി ഒന്നും മിണ്ടിയില്ല. വളരെ നേരം അവളെന്തോ ആലോചിക്കുന്ന ഭാവത്തിൽ കിടന്നു. ഒടുവിൽ സരസ്വതിയുടെ നിർബന്ധംമൂലം എഴുന്നേററിരുന്നു. സരസ്വതിയുടെ പരിശ്രമം കൊണ്ട് അവളല്പം ആഹാരം കഴിച്ചിട്ട് വീണ്ടും കട്ടിലിന്മേലയ്ക്കു മലർന്നു. അപ്പോഴും സരസ്വതി കട്ടിലിൽത്തന്നെ ഇരിക്കയായിരുന്നു.

—:0:—

## അദ്ധ്യായം 12

—:0:—

രണ്ടു വസന്തം വീണ്ടും പൊലിഞ്ഞു. എത്രയെത്ര ഭയങ്കര സംഭവങ്ങളാണ് ആ രണ്ടു വർഷത്തിനുള്ളിൽ നടന്നിട്ടുള്ളത്. നമ്മുടെ കഥയെ സംബന്ധിച്ച് വളരെ പ്രാധാന്യമേറിയ രണ്ടു വർഷങ്ങളായിരുന്നു അത്.

സുകുമാരൻ കളക്ടരായി നിയമിക്കപ്പെട്ടതും ഉദ്യോഗത്തിൽ പ്രവേശിച്ചതും മററും, കഴിഞ്ഞ അദ്ധ്യായത്തിൽ പ്രസ്താവിച്ചിരുന്നല്ലോ. അയാൾ ജോലിയിൽ പ്രവേശിച്ച് ഒന്നരക്കൊല്ലം തികയുന്നതിനു മുമ്പ്, അയാളുടെ ജീവിതത്തെ തകിടം മറിച്ച ഒരു വലിയ സംഭവമുണ്ടായി. ജീവിതത്തിൽ അയാളെ വേദനിപ്പിച്ച ആദ്യത്തെ സംഭവമായിരുന്നു അത്.

സുകുമാരനും എലിസബത്തും ഭാര്യാഭർത്താക്കന്മാരായി താമസിക്കുകയായിരുന്നല്ലോ. സബ്കളക്ടരായി നിയമിക്കപ്പെട്ട സുകുമാരൻ ആറുമാസത്തിനുള്ളിൽ കളക്ട

രായിത്തീരുകയും ചെയ്തു. കൃത്യനിഷ്ഠയും, പ്രവർത്തന കുശലതയും കൊണ്ടു് അയാളെ ആ നഗരവാസികൾ അതീവ പുകഴ്ത്തി. കളക്ടരുടെ ഭാര്യയെന്നുള്ള നിലയിൽ എലിസബത്തിനെയും ആളുകൾ വഴിപോലെ ബഹുമാനിച്ചുവന്നു. എലിസബത്തു് എന്താവശ്യപ്പെട്ടാലും സുകുമാരൻ അതുടനേ സാധിച്ചുകൊടുക്കും. അവളാവശ്യപ്പെട്ടാൽ ചന്ദ്രനെ പിടിച്ചുകൊടുക്കാൻപോലും അയാൾ മുതിരുമായിരുന്നു. അങ്ങനെ സുകുമാരനും എലിസബത്തുമായി പ്രേമസുരഭിലമായ ജീവിത മാദകത്തിൽ മതിമറന്നു് സ്വൈരജീവിതം തുടരുകയായിരുന്നു. ആനന്ദമല്ലാതെ ഒന്നു് അവരതുവരെ ദർശിച്ചിട്ടില്ല. ചുംബനങ്ങളും, പരിരംഭണങ്ങളും കൊണ്ടു് അയാളുടെ ജീവിതം ചുററപ്പെട്ടു. പൊന്നലുക്കിട്ട പൊട്ടിച്ചിരികളിൽ അയാളുടെ മണിമന്ദിരത്തിന്റെ മതിൽക്കെട്ടുകൾ മാറെറാലിക്കൊണ്ടു. പ്രേമപ്രവാഹത്തിൽ അയാളുടെ പരിസരങ്ങൾ പുളകം നേടി.

ഇങ്ങനെയിരിക്കുമ്പോൾ ആണു് സുകുമാരന്റെ പേഴ്സണൽ ക്ലാർക്കായിട്ടു് ഒരു യൂറോപ്യൻ ധീരനെ നിയമിച്ചതു്. അയാൾ ശമ്പളത്തിൽ സുകുമാരനേക്കാൾ കുറഞ്ഞവനായിരുന്നെങ്കിലും, സൗന്ദര്യത്തിൽ പതിന്മടങ്ങു കൂടിയവനായിരുന്നു. പണത്തേക്കാൾ സൗന്ദര്യത്തോടാണല്ലോ യുവതികളായ സ്ത്രീകൾക്കു കൂടുതലിഷ്ടം. സ്വർണ്ണക്കുന്നിൽ നിന്നു് സൗന്ദര്യക്കുന്നിലേയ്ക്കു ചാടിപ്പോരാൻ അവരെപ്പോഴും സന്നദ്ധരാണു്. ഒരു സ്ത്രീ ഹൃദയം എപ്പോഴും സൗന്ദര്യത്തെയായിരിക്കും പണത്തേക്കാൾ കൂടുതൽ ആരാധിക്കുന്നതു്.

ഒരു പാശ്ചാത്യൻെറ സൗന്ദര്യം ഒരു പാശ്ചാത്യ സ്ത്രീയുടെ കണ്ണുകളെയായിരിക്കും സാധാരണ കൂടുതൽ ആകർഷിക്കാൻ ന്യായം.

ഒകതകൊഴുപ്പും, താരുണ്യത്തഴപ്പും സമ്മേളിച്ച ഒരു സുമുഖനായ യുവാവായിരുന്നു, സുകുമാരൻെറ സഹകാര്യസ്ഥനായി നിയമിയ്ക്കപ്പെട്ട മിസ്റ്റർ മേന്ദ്രോ ഉന്മത്തതയുടെ ഒരു ഉറവായ ആ ഇരുപത്തഞ്ചു വയസ്സുകാരനെ ഒന്നു കണ്ടാൽ പിന്നെ മറക്കാൻ യുവതിയായ യാതൊരുസ്ത്രീക്കും സാധ്യമല്ലതന്നെ. ഈ നിയമത്തിൽനിന്നു് ഒട്ടും വ്യത്യസ്തപ്പെട്ടതല്ലായിരുന്നു എലിസബത്തിൻെറ അവസ്ഥയും. അവളുടെ ഹൃദയം ആരുമാരുമറിയാതെ മേന്ദ്രോയുടെ സന്നിധിയിലേക്കു നീങ്ങിത്തുടങ്ങി. അവളുടെ ഹൃദയത്തിൻെറ ഭൂരിഭാഗങ്ങളിലും അയാളെപ്പററിയുള്ള ചിന്തകൾക്കു് ക്രമേണ സ്ഥാനംലഭിച്ചു. മേന്ദ്രോയുടെ സാമീപ്യം അവൾക്കൊരുത്സവം പോലെ ഉത്സാഹമുള്ളതായിത്തീൎന്നു. അയാളോടെന്തെങ്കിലും സംസാരിക്കുന്നതിൽ അവൾക്കാകാംക്ഷ വളൎന്നു. അയാളുടെ ഒരു പുഞ്ചിരിക്കുവേണ്ടി അവൾ പരിശ്രമിച്ചുതുടങ്ങി. ക്രമേണ അവളുടെ ഹൃദയഗതങ്ങൾ അയാൾക്കു മുമ്പിൽ അഴിച്ചുവച്ചു. ആ പടിഞ്ഞാറൻ പൂമ്പാററ അതാ, അങ്ങോട്ടൊന്നു പറന്നു പററാൻ ശ്രമിയ്ക്കയാണു്. അതു് ചിറകുകൾ വിടൎത്തിത്തുടങ്ങിയിരിക്കുന്നു.

അഹോ! സ്ത്രീ ഹൃദയമേ! ഫെസഫിക് മഹാസമുദ്രത്തേക്കാൾ ആഴമേറിയതാണു് നീയെന്നു, ആരറിയുന്നു? എത്രയെത്ര യുവജനങ്ങളെയാണു് നീ ആ കയത്തിൽ മുക്കി വീൎപ്പുമട്ടിക്കുന്നതു്!!?

തൻെറ ജീവിതത്തിൽക്കൂടിയുള്ള ഈ അടിയൊഴുക്കുകളൊന്നും സുകുമാരൻ അറിയുന്നതേയില്ല. അയാളുടെ ജീവിതശാഖയിൽ പററിപ്പിടിച്ചിരുന്നു് ഒരു പൂമ്പാററ ചിറകുണക്കുകയാണു്. ഉണക്കിത്തീർത്താൽ അതുടൻ പറന്നകലുമെന്നു് ആ സാധു അറിയുന്നില്ല. പക്ഷെ അയാറം കിത്തു പററണം. അയാറംക്കു വേണ്ടി ഒരു സ്ത്രീ നീറിക്കരിഞ്ഞപ്പോറം, അവളെ ഉപേക്ഷിച്ച അയാറം മറെറാരു സ്ത്രീ കാരണം തകർന്ന്ഥാരണം. അതു് ഈശ്വരൻെറ ഒരു ചട്ടമാണു്. അതിൽ പതിരില്ല.

പ്രണയബന്ധങ്ങറം മിഥ്യാവാദം അന്ത്യവേളയിൽ തകർന്നുപോകുന്നതാണു് പതിവു്. പ്രണയം, മാംസദാഹവുമായി കൂട്ടു പിടിക്കുന്നതാണു് അതിനു കാരണവും.

മഹേന്ദ്രായുടെ ആഗമനം മുതൽ എലിസബത്തിനു് സുകുമാരനോടുള്ള സ്നേഹം നിമിഷംപ്രതി കുറഞ്ഞുവരുന്നുണ്ടെന്നുള്ള വിവരം അയാളറിഞ്ഞതേയില്ല. ഒരേ സമയത്തുതന്നെ "ഏകനിൽ സല്ലപിക്കയും, മറേറകനിൽ മന്ദാക്ഷം തൂകുക"യും ചെയ്യുന്നവരാണു് യുവതികളെന്നു് വാസ്തവത്തിൽ ഇതുവരെ അയാറം പഠിച്ചിട്ടില്ലായിരിക്കണം. തങ്ങളുടെ ജീവിതത്തിലെ ചില രഹസ്യവശങ്ങറം ഭർത്താക്കന്മാരിൽ നിന്നു മറച്ചുപിടിക്കാൻ പെണ്ണുങ്ങറംക്കു സാമർത്ഥ്യം കൂടുതലാണത്രേ!

കാലങ്ങളങ്ങനെ മുന്നോട്ടു തന്നെനീങ്ങി. ഒരു ദിവസം സുകുമാരൻ ആഫീസിൽ നിന്നു വന്നപ്പോറം എലിസബത്തിനെ അവിടെ കാണാനുണ്ടായിരുന്നില്ല. സുകുമാരൻ ആകപ്പാടെ ഒന്നമ്പരന്നു. എങ്കിലും അയാറംക്കവളെ

അവിശ്വസിക്കാൻ കഴിഞ്ഞില്ല. പരിഭ്രാന്തനായി അയാൾ അവളുടെ സ്വകാര്യമുറിയിലേയ്ക്കു പാഞ്ഞുചെന്നു. ആ വട്ടമേശയിൽ ഒരെഴുത്തു നിവർത്തി വച്ചിരിക്കുന്നതുമാത്രമാണു് അയാൾ കണ്ടതു് !!

സുകുമാരൻെറ ശരീരം തളർന്നു. ആ എഴുത്തിൽ അയാൾ ഉററുനോക്കി. അയാൾക്കതിൽ സംശയമില്ല, അതു് എലിസബത്തിൻെറ കൈയ്യക്ഷരം തന്നെയായിരുന്നു. അയാളുടെ കൈകൾ വിറച്ചു. ശരീരം തളർന്നു. ആവേശത്തോടെ അയാളതു വായിച്ചു. പക്ഷെ വായിച്ചു തീരുംമുമ്പു് അയാൾ ആ തറയിൽ തളർന്നു വീണു കഴിഞ്ഞു.

കണ്ണാടി ജന്നലുകളിൽക്കൂടി പ്രഭാതരശ്മി മുഖത്തു വീണപ്പോളാണു് സുകുമാരൻ ആ നീണ്ട മോഹനിദ്രയിൽ നിന്നുണർന്നതു്. വിളറി വെളുത്ത മുഖത്തോടെ—മരവിച്ച പല്ലിളിപ്പോടെ—അയാൾ പുറത്തുവന്നു.

കളക്ടരുടെ ആ ഭാവഭേദം കണ്ടു് അവിടെയുണ്ടായിരുന്നവർ അമ്പരന്നു. എലിസബത്തു് മജിസ്ട്രേട്ടിനോടുകൂടി ചാടിപ്പോയ സംഗതി അവർക്കാർക്കുമറിവില്ലായിരുന്നു. അത്രയ്ക്കു ചെവിയ്ക്കുചെവിയറിയാതെയാണു് അതു നടന്നതു്. ആ ചുവരുകൾക്കു് ജീവശക്തിയുണ്ടായാൽ അവയ്ക്കുമാത്രം പറയാൻ കഴിയുന്നതായിരുന്നു ആ രഹസ്യം.

ഒരു ഭ്രാന്തനെപ്പോലെ നമ്മുടെ കളക്ടർ ആ മുറികളിലെല്ലാം ഓടിനടന്നു. അയാളുടെ അന്തർദ്ദാഹംമാത്രമായിരുന്നു അതിനു ലഭിച്ച ഫലം. ഒട്ടുവിലയാൾ സ്വന്തം മുറിയിൽ വന്നിരുന്നു്, പരസ്പരവിരുദ്ധമായ പല സംഗ

തികളും ചിന്തിച്ചു. ആ ചിന്തകൾക്കിടയിൽ അയാളുടെ ഹൃദയത്തിൽ സുമതിയുടെ രൂപവും പ്രത്യക്ഷപ്പെടാതിരുന്നില്ല. അന്ന് ആ തീവണ്ടിസ്റ്റേഷനിൽ കണ്ണുനീരണിഞ്ഞ നേത്രങ്ങളോടേ, തന്നെ യാത്രയാക്കാൻ വന്നുനിന്ന സുമതിയുടെ മുഖം അയാളുടെ സ്മൃതിപഥത്തിൽ വീണ്ടും വീണ്ടും പൊന്തിവന്നു. ഹൃദയവേദനയോടെ തനിയ്ക്കു യാത്രാനുവാദം നൽകിയ ആ നോട്ടം അയാൾക്ക് ഈ അവസരത്തിൽ ഒരു മാനസാന്തരമാണുണ്ടാക്കിയതു്.

വിശ്വാസത്തിൽ വിഷംകലർത്തിയ എലിസബത്തിനെ വെറുക്കാൻ—എന്നെന്നേയ്ക്കുമായി വിസ്മരിക്കാൻ ആ മാനസാന്തരം അയാളെ നിർബന്ധിച്ചിരിക്കണം.

അന്നു പാതിരാത്രി കഴിഞ്ഞപ്പോൾ സുകുമാരന്റെ ചിന്തകൾ കർത്തവ്യത്തിലേയ്ക്കു കാലുകുത്തി. സുമതിയുടെ സ്നേഹം കലർപ്പററതായിരുന്നുവെന്നു് ഇപ്പോൾ അയാളോർമ്മിച്ചുകാണണം. അന്നു് ആ വിവാഹത്തിനെതിരുപറഞ്ഞ കുററത്തിന്—എലിസബത്തിനുവേണ്ടി സുമതിയെ കൈക്കൊള്ളാൻ വിസമ്മതിച്ച മഹാപരാധത്തിന്—അയാൾ തീർച്ചയായും പശ്ചാത്താപിച്ചിട്ടുണ്ടായിരിക്കണം. സുമതിയെ കണ്ടുപിടിച്ച് ക്ഷമാപണംചെയ്യാൻ തന്നെ അയാൾ തീരുമാനിച്ചു.

രാത്രി രണ്ടാംയാമവും കഴിഞ്ഞു. സുകുമാരൻ നിശ്ശബ്ദനായി കസേരയിൽനിന്നെണീററു. സർവസുഖാനുഭൂതികളും ഉപേക്ഷിച്ചു്, ആരുമറിയാതെ ഏകനായി അയാളിറങ്ങി, ആ അന്ധകാരത്തിനിടയിൽക്കൂടി നടന്നു മറഞ്ഞു. അങ്ങനെ ഉടുത്തിരുന്ന വസ്ത്രവുമായി അയാൾ

ആ ഉന്നതപദവികളോട് എന്നെന്നേയ്ക്കുമായി യാത്ര പറഞ്ഞു.

വളരെക്കാലം നടന്നലഞ്ഞു്, തളന്നു് ഒരുവിധം അയാൾ സ്വദേശത്തെത്തി. സുകുമാരനെ ഒരിക്കൽ കണ്ടിട്ടുള്ളവർ ഇന്നയാളെ ആളറിയുകയില്ല. ഒരു ഭ്രാന്തനെന്നതിൽകവിഞ്ഞു് മറെറാന്നും അയാളെപ്പററി ഇന്നാരും ചിന്തിക്കയില്ല. അത്രയ്ക്കു പ്രാകൃതമായിരുന്നു സുകുമാരൻെറ വേഷവും രൂപവും. ഐ. സി. എസ്സ്-കാരനായ ഒരുഭ്രാന്തൻ. അതെ; പഠിപ്പും പദവിയുമുള്ള ഒരു ഭ്രാന്തൻ!!...!!... പ്രണയഭ്രാന്തിന്നു് പരീക്ഷായോഗ്യത യുള്ളുമാണുപോലും!?...

പിറെറന്നുച്ചതിരിഞ്ഞപ്പോൾ വല്ലവിധത്തിലും സുകുമാരൻ ഗോവിന്ദൻെറ വസതിയുടെ മുററത്തെത്തി. ഇന്നു് ഗോവിന്ദനും മററും അവിടെത്താമസമില്ല; ആ വീടും പുരയിടങ്ങളും സരസ്വതിയെ ഏല്പിച്ചിട്ടു് അവരെല്ലാം അന്തരിച്ചുകഴിഞ്ഞു. സരസ്വതിയും അവളുടെ ഭർത്താവും മാത്രമാണു്. ഇന്നവിടെ താമസമുള്ളൂ്.

മുററത്തൊരു ഭ്രാന്തൻ നില്ക്കുന്നതുകണ്ടു് സരസ്വതി നിലവിളിച്ചുകൊണ്ടു പുറത്തുവന്നു.

"സുമതീ!" ആവേശത്തോടെ ആ ഭ്രാന്തൻ ആർത്തു വിളിച്ചു.

സരസ്വതിയ്ക്കു കാര്യമെല്ലാം മനസ്സിലായി. അവൾ ആ ഭ്രാന്തൻെറ നെററിയിൽ സൂക്ഷിച്ചുനോക്കി. ആ തഴമ്പു് അവളോടു പറയുകയായിരുന്നു, ആ ഭ്രാന്തൻ അവളുടെ ചേട്ടനായ സുകുമാരനാണെന്നു്.

"അയ്യോ! എൻെറ ചേട്ടാ!" പൊട്ടിക്കരഞ്ഞുകൊണ്ടു് സരസ്വതി സുകുമാരനെ കെട്ടിപ്പിടിച്ചു.

"അനുജത്തീ" സുകുമാരൻെറ കണ്ണുകളും നിറഞ്ഞു. ഗൽഗ്ഗദസ്വരത്തിൽ അയാറം ചോദിച്ചു. "അനുജത്തീ! സുമതി എവിടെ. ആർത്തിയായിരിക്കുന്നു; ഒന്നവളെ കാണിച്ചുതരൂ. എൻെറ ഹൃദയം നിലയ്ക്കും മുൻപു് ഞാനവളെ ഒന്നു കണ്ടുകൊള്ളട്ടെ—സുമതി എവിടെ ഇരിക്കുന്നനുജത്തീ!"

"ചേച്ചി മരിച്ചുപോയി. ചേട്ടൻെറ അന്നത്തെ ആ കത്തിനുശേഷം ചേച്ചി കിടക്കവിട്ടെഴുന്നേററില്ല." സരസ്വതി പൊട്ടിക്കരഞ്ഞു. "ചേട്ടാ! എല്ലാ സ്ത്രീകറംക്കും ഒരു ഹൃദയം കാണും"......

"ഹാ......അയ്യോ!........" സുകുമാരൻ തലയിൽ കൈവച്ചലറി.

ദൂരെ ഒരു ലക്ഷ്യത്തിലേയ്ക്കു ചൂണ്ടിക്കൊണ്ടു് സരസ്വതി പറഞ്ഞു "അതാ അവിടെയാണു് ചേച്ചിയെ അടക്കം ചെയ്തതു്......"

ഇടിവെട്ടുംപോലെയുള്ള ഒരലർച്ചയോടെ സുകുമാരൻ ഒരു നെട്ടോട്ടമോടി..............!!!

---

സമാപ്തം.

---

# പ്രേമജാലം.

No. 110

ഗ്രന്ഥകർത്താ,
പി. മാധവപ്പണിക്കർ,
കാക്കോട്ടുവീട്ട്,
പേട്ട—തിരുവനന്തപുരം.

[Copy Right.]

KAMALALAYA PRINTING WORKS.
TRIVANDRUM.
ഒന്നാംപതിപ്പ് കാപ്പി 2000.
1122.

വില 1-ക. 4-ണ.

ഗ്രന്ഥകർത്താവിന്റെ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമായിരിക്കും.

Indic Digital Archive Foundation
gpura.org